# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനമരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി4 -1024/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 21/02/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യ.വൈ.ഡി. പി4 -1024/2022 തീയ്യതി: 21/02/2023

## വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 25-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 26-10-2022 | 05-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-10-2022 | 05-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ഇന്ദു.കെ.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽ ജോസ് ഡൊമിനിക്, ഓഡിറ്റർ
ശ്രീമതി.അപർണ ശശിധരൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആസ്യ.പി.എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.രാമചന്ദ്രൻ.വി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ.സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 08-07-2021 |
| ശ്രീ.ശ്രീജിത്ത്.എ.ആർ | സെക്രട്ടറി | 09-07-2021 | 15-02-2022 |
| ശ്രീ.അനിൽകുമാർ.പി.കെ | സെക്രട്ടറി | 16-02-2022 | 28-02-2022 |
| ശ്രീ.സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാമചന്ദ്രൻ.വി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ.സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 08-07-2021 |
| ശ്രീ.ശ്രീജിത്ത്.എ.ആർ | പ്രോജക്റ്റ് ഓഫീസർ | 09-07-2021 | 15-02-2022 |
| ശ്രീ.അനിൽകുമാർ.പി.കെ | സെക്രട്ടറി | 15-02-2022 | 28-02-2022 |
| ശ്രീ.സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2022 | 31-03-2022 |
| ശ്രീ.സജി.പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ഷീജ.വി.ആർ | മെഡിക്കൽ ഓഫീസർ.സി.എച്ച്.സി | 01-04-2021 | 01-01-2022 |
| ഡോ.സോമസുന്ദരം | മെഡിക്കൽ ഓഫീസർ.സി.എച്ച്.സി | 02-01-2022 | 31-03-2022 |
| ഡോ.മൃദുല | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.സുധീഷ്. | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.മുസ്തഫ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിനോജ്.ടി.വി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ.എസ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ.സതീഷ് കുമാർ.എ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-02-2022 |
| ശ്രീ.സജീന്ദ്രകുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12-02-2022 | 31-03-2022 |
| ശ്രീ.മതി.ഉഷാകുമാരി.പി.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സരിത.എസ് | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.മേരിക്കുട്ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 20-10-2021 |
| ശ്രീമതി.സന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകൾ | 1-11 |
| 12 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - നടപ്പാക്കിയത് - അപാകങ്ങൾ | 1-12 |
| 13 | തൊഴിൽ നികുതി - അപാകതകൾ | 1-13 |
| 14 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-13-1 |
| 15 | സ്ഥാപന നികുതി ഈടാക്കിയില്ല | 1-13-2 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി - ഡിമാന്റും കളക്ഷനും തമ്മിൽ അന്തരം | 1-13-3 |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13-4 |
| 18 | വാടക - അപാകതകൾ | 1-14 |
| 19 | വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല | 1-14-1 |
| 20 | കടമുറികൾ പ്രതിമാസ വാടകയ്ക്ക് ആരും ഏറ്റെടുത്തില്ല | 1-14-2 |
| 21 | വാടക കുടിശ്ശിക – വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-14-3 |
| 22 | ക്യാൻസൽ ചെയ്ത രസീത് സൂക്ഷിച്ചില്ല | 1-15 |
| 23 | റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. | 1-16 |
| 24 | ലൈസൻസ് ഫീസിനത്തിലുള്ള വരവ്-വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-17 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. | 1-18 |
| 26 | അനുപൂരക പോഷകാഹാരം - 97374 രൂപ അധികം നൽകി | 1-19 |
| 27 | ലൈഫ് ഭവന പദ്ധതി - അപാകതകൾ | 1-20 |

| | | |
|---|---|---|
| 28 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ- വ്യക്തിഗത ഫയലുകൾ ഹാജരാക്കിയില്ല | 1-21 |
| 29 | വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണം - പദ്ധതി തയ്യാറാക്കിയതിലെ അപാകതകൾ | 1-22 |
| 30 | മരണമടഞ്ഞ ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ വിതരണം ചെയ്തു | 1-23 |
| 31 | വസതി ഭവന വായ്പ തിരിച്ചടവ് യഥാസമയം നടത്താത്തത് | 1-24 |
| 32 | പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- അധിക തുക ചെലവഴിച്ചു | 1-25 |
| 33 | കൃഷി ഓഫീസറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം,രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല. | 1-26 |
| 34 | രേഖകൾ ഹാജരാക്കിയില്ല, 32,84,330രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. | 1-27 |
| 35 | രേഖകൾ ഹാജരാക്കിയില്ല, 13,03,375 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. | 1-28 |
| 36 | രേഖകൾ ലഭ്യമാക്കിയില്ല, 2,00,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു | 1-29 |
| 37 | രേഖകൾ ലഭ്യമാക്കാത്തതിനാൽ 1,85,220 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു | 1-30 |
| 38 | രേഖകൾ ഹാജരാക്കിയില്ല. | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അനുപൂരക പോഷകാഹാരം - 97374 രൂപ അധികം നൽകി | 3-1 |
| 2 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് അധിക തുക നൽകി | 3-2 |
| 3 | വസതി ഭവന വായ്പ തിരിച്ചടവ് പലിശ തുക കൃത്യമായി തിരിച്ചടക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത | 3-3 |
| 4 | പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- അധിക തുക ചെലവഴിച്ചു,2,43,100 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-4 |
| 5 | രേഖകൾ ഹാജരാക്കിയില്ല ,7,02,453 രൂപയുടെ ചെലവ് നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു | 3-5 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള് | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23/02/2021 തീയതിയിലെ 1/21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം |
|---|---|
| മുൻബാക്കി | 10289411 |
| വരവ് | 522214800 |
| ആകെ | 532504211 |
| ചെലവ് | 529609800 |
| നീക്കിബാക്കി | 2894411 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 31/07/2022 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52778156 |
| വരവ് | 199258443 |
| ആകെ | 252036599 |
| ചെലവ് | 185035252 |

| | |
|---|---|
| നീക്കിബാക്കി | 67001347 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 44950200 | 44950200 | 43508484 | 1441716 |
| വികസന ഫണ്ട് -എസ്.സി.പി - (ACR പ്രകാരം) | | 2554666 | 2554666 | 2554666 | |
| വികസന ഫണ്ട് -ടി.എസ്.പി - (ACR പ്രകാരം) | | 29163334 | 29163334 | 28909263 | 254071 |
| മെയിന്റനൻസ് റോഡ് - (ACR പ്രകാരം) | | 23792000 | 23792000 | 21480607 | 25435393 |
| മെയിന്റനൻസ് നോൺ റോഡ് - (ACR പ്രകാരം) | | 10910387 | 10910387 | 5091564 | 5818823 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 37737874 | 37737874 | 14635781 | 23102093 |

വാർഷിക കണക്ക് പ്രകാരം 24492417രൂപ ജനറൽ പർപ്പസ് ഫണ്ട് വരവ് ഉണ്ടെങ്കിലും ആയതിന്റെ മുന്നിരിപ്പ്,ചെലവ് നീക്കി ബാക്കി വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 1/26.10.2022 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവ് തുകകളിൽ വികസന ഫണ്ട് SCP,TSP എന്നിവ ഒഴികെയുള്ളവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് , വാർഷിക കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നതിന്റെ പരിശോധന സാധ്യമായിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 389 | 587907980 | 363 | 160604167 | 130 | 26 | 93.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 203267 | EFMS – 866293<br>Bank – 30000 | 1099560 | 1075079(Admin Ownfund 1884142) | 24481 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 74923583 | 74923583 | 74923583 | |
| മെറ്റീരിയൽസ് | - | 8306124 | 8306124 | 8306124 | |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളിലെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിലെ വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 17 | 204800 |
| വിധവാ പെൻഷൻ | 64 | 681600 |
| വാർദ്ധക്യകാല പെൻഷൻ | 339 | 4030400 |
| വികലാംഗ പെൻഷൻ | 36 | 376000 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3 | 90000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4/11/2022. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5676/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പനമരം ഗ്രമ പഞ്ചായത്തിലെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ, കുടിശ്ശിക പിരവ് നടത്തുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. തനത് വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, വ്യാപരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് തുടങ്ങിയവയുമായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും കൃത്യമാണോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവ ഒടുക്കുന്നതിന് ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ വിവരങ്ങൾ തൃപ്തികരമായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് നിർബന്ധമായും നടത്തേണ്ട ചെലവുകൾ നടത്താതെ മറ്റ് പ്രവൃത്തികൾക്ക് തുക ചെലഴിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാവുന്നു. ഉദാഹരണമായി വസതി ഭവനവായ്പ പദ്ധതിക്കായി എടുത്ത വായ്പ തുകയുടെ പലിശ തുക ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം മുതൽ 2018-19 വരെ പലിശ തിരിച്ചടവിനായി തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ കൃത്യമായ പരിശോധന നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നടത്തുന്ന പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/06/2022-29 /06/2022 | 01/10/2021-31 /03/2022 | 25/08/2022 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 03/02/2017 | 2011-12 മുതൽ 2015-16 | 27/03/2017 |

## 1-11 വാർഷിക കണക്കുകൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2020-21 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്- 9,35,964
2021 -22 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100121 – 21,78,202
ആകെ - 31,44,166

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 3,144,166

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 935,964

പദ്ധതി ചെലവ് പത്രിക പ്രകാരം 2,287,627. തൻവർഷത്തെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല

4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി -22,88,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. നെഗറ്റീവ് ബാലൻസ് ഉള്ള ആസ്തി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല. 31.03.2022 ന് 42100713 ജേർണൽ വൗച്ചർ പ്രകാരം 2,288,000. രൂപ മേൽ ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ജേർണൽ എൻട്രിയുടെ വിവരണമായി നൽകിയിരിക്കുന്നത് Loan Repayment എന്നാണ്. തൻവർഷത്തെ രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് RP 31 പ്രകാരം 4000000 രൂപയാണ് വായ്പ തിരിച്ചടവ്. കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സബ്സിഡി നൽകുന്നതിനായി വായ്പയായി ലഭിച്ച തുക ആസ്തിയിൽ ഉൾപ്പെടുത്തുന്ന തെറ്റായ അക്കൗണ്ടിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്നതിന് വിഘാതമാണ്.

6. (A)തൊഴിൽ നികുതി വരവ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , വരവ്, കണക്കുകൾ വാർഷിക കണക്കുകയുമായി പൊരുത്തപ്പെടുന്നില്ല.

(I)ഇൻകം &എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് - 2052805

തൊഴിൽ നികുതി സ്ഥാപനം - 65300

തൊഴിൽ നികുതി പ്രൊഫഷണലുകൾ - 151830

തൊഴിൽ നികുതി ട്രേഡേഴ്സ് - 380,130

R&P 1 പ്രകാരം വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി - 2016305

R&P 45 വരവ്

തൊഴിൽ നികുതി സ്ഥാപനം - 65300

തൊഴിൽ നികുതി പ്രൊഫഷണലുകൾ - 151830

തൊഴിൽ നികുതി ട്രേഡേഴ്സ് - 3000

ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ളത് - 0

എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് കളക്ഷൻ ബാലൻസ്

തൊഴിൽ നികുതി ട്രേഡേഴ്സ് എന്നിവ യഥാക്രമം - 2050645 2038795 11850

കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

(B) വ്യവസായങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ , വാർഷിക കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് കളക്ഷൻ 2020-21 വാർഷിക കണക്ക് പ്രകാരം - 341000

തൻവർഷം 2021-22 ലെ കളക്ഷൻ (R&P) 45 പ്രകാരം - 149610

ആകെ (വേണ്ടത്) - 490610

രജിസ്റ്റർ പ്രകാരം ആകെ വരവ് - 458130

എന്നാൽ ഇൻകം & എക്സ്പെൻഡീച്ചർ I4 പ്രകാരം ആകെ ഇൻകം - 492410

(C) കെട്ടിട നിർമ്മാണം(ക്രമവത്കരണം) രജിസ്റ്റർ - സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. പേജ് അടിസ്ഥാനത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം വരവ് 135,756, രജിസ്റ്റർ പ്രകാരം 280,826

(D) കെട്ടിട നിർമ്മാണ അനുമതി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. പേജ് അടിസ്ഥാനത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം വരവ് 422334, രജിസ്റ്റർ പ്രകാരം 482369.

(E) കെട്ടിട വാടക വാർഷിക കണക്കുകളിലെ ഡിമാന്റ് വരവ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 1483428 | 1368971 | 169306 |
| രജിസ്റ്റർ | 1483428 | 1418746 | 64682 |

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല. പിഴ പലിശ ഉൾപ്പടെ പലിശ ആയി കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷത്തെ പലിശ ബാധ്യത തിട്ടപ്പെടുത്തുന്നില്ല.

8.തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

10.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

11. വാർഷിക കണക്ക് പ്രകാരമുള്ള ഭവന നിർമ്മാണ വായ്പ ബാധ്യത( സഹകരണ ബാങ്ക്) യഥാർത്ഥ ബാധ്യതയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം ബാധ്യത 2035553. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാധ്യത 11584494 രൂപ

12. സെക്വേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

13. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയ രജിസ്റ്ററിലെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

14. വസതി ഭവന നിർമ്മാണ സഹായ പദ്ധതിക്കായി വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ പലിശ ഓരോ വർഷവും ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നില്ല.

15. RP 45 (P) പ്രകാരം 910,216 ആസ്തി ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

16.ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത ഫണ്ടുകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

17.PDE (Past Data Entry) വിവരങ്ങൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18.ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്(ILGMS) ഉണ്ടെങ്കിലും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

19.ബി.11 ഷെഡ്യൂൾ പ്രകാരം Other Fixed Assets. 1,012,015 രൂപ മൂല്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തികളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

20. വിവിധ വായ്പ വാങ്ങിയതിന്റെ ബാധ്യത കണ്ടെത്തുന്നതിന് സൂക്ഷിക്കേണ്ട വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

21. വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഉദാഹരണമായി ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ശുചിത്വമിഷൻ ഫണ്ട് തുടങ്ങിയവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതീയാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ ഇനത്തിനും ലഭിക്കുന്ന തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്.

22.വസ്തു നികുതി വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിന്, അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യത ഉറപ്പ് വരുത്തി അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയർ മുഖേന വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ആയത് വരെയുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നവയുടെ വിവരങ്ങൾ അസസ് മെന്റ് രജിസ്റ്ററിലെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാണ് എന്നതിന് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച അംഗീകാരം നേടാത്ത ഡാറ്റകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് ILGMS സോഫ്റ്റ് വെയറിലും ഡിമാന്റ് ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ ഗാർഹിക കെട്ടിടങ്ങൾക്ക് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. 2021-22 കെട്ടിട നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതും പിരിച്ചെടുത്തിരിക്കുന്നത് ഗാർഹിക കെട്ടിടങ്ങൾക്കും ഗാർഹികേതര കെട്ടിടങ്ങൾക്കും പ്രത്യേകമായാണ്. 2020-21 ലെ കുടിശ്ശിക വാർഷിക കണക്ക് പ്രകാരം ഗാർഹിക കെട്ടിടങ്ങൾക്ക് മാത്രമാണ് എന്നതിനാലും തൻവർ കുടിശ്ശിക പിരിവ് അടക്കം വേർതിരിച്ച് ആണെന്നതിനാലും ഇവയുടെ വേർതിരിക്കലിന് കൃത്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ഇതിന്റ പരിശോധന സാധ്യമായിട്ടില്ല.

2021-22 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി വിവരങ്ങൾ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | യഥാർത്ഥത്തിൽ വേണ്ട നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗാർഹികം | 2883019 | 2494282 | 340682 | 388737 |
| ഗാർഹികേതരം | 5454420 | 4926600 | 498101 | 527820 |

മേൽ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2022 തീയതിയിലാണ്. ഡിമാന്റ് ചെയ്യാതെ തന്നെ നികുതി ഈടാക്കാൻ സാധിക്കുന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

23. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

24. അക്രൂവൽ അടിസ്ഥാനത്തിലുള്ള വിവിധ വരവുകളുടെ ഡിമാന്റ് നടത്തിയിരിക്കുന്നത് സാമ്പത്തിക വർഷം അവസാനമാണ്.

25.ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

26.വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ച രസീപ്റ്റ് & പേമെന്റ് അക്കൗണ്ടിലെ വരവ് ഭാഗത്തെ ആകെ തുക 252036599 രൂപയും (മുൻബാക്കി ഉൾപ്പടെ) ചെലവ് ഭാഗത്തെ ആകെ തുക 252058787 രൂപയും (നീക്കി ബാക്കി ഉൾപ്പടെ) ആണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ വ്യത്യാസം സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യത ഇല്ലാത്ത കണക്കുകളാണ് ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ളത്. വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ആവശ്യമായ സൂക്ഷ്മത പുലർത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള മേൽ പ്രകാരമുള്ള വാർഷിക കണക്കുകളുടെ സംക്ഷിപ്തമാണ് ഈ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

27. വാർഷിക കണക്കിലെ കണക്കുകൾ സാധൂകരിക്കുന്നതിനാവശ്യമായ പല രേഖകളും ഓഡിറ്റിനായി ഹാജരാക്കാൻ സാധിച്ചിട്ടില്ല. ഉദാ- I-18 ഷെഡ്യൂൾ പ്രകാരമുള്ള തുക. ബി.16 ഷെഡ്യൂളിലെ തുക. ആയതിനാൽ തന്നെ വാർഷിക കണക്കിലെ കൃത്യത സംബന്ധിച്ച് അഭിപ്രായം പ്രസ്താവിക്കുന്നത് സാധ്യമല്ല.

വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ തന്നെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് , വാർഷിക കണക്കിലെ തുകകൾ ഇവ തമ്മിലുള്ള പൊരുത്തം സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16 തീയതി 4/11/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-12 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - നടപ്പാക്കിയത് - അപാകങ്ങൾ

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ്‌വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1. പനമരം ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 06.09.2021 ന് തുടങ്ങി. 06.09.2021 വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവയിൽ നൽകി വന്നിരുന്ന സേവനങ്ങൾമാത്രമാണ് ഐ.എൽ.ജി.എം.എസ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ പദ്ധതി ചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്റ്റ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളൂ. ഓട്ടോ ജനറേറ്റഡ് സോഫ്റ്റ് വെയറിനുണ്ടാകേണ്ട നിയന്ത്രണങ്ങൾ ഈ സോഫ്റ്റ് വെയറിനില്ല.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൗണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നില്ല. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഐ.കെ.എം ന്റെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത് ദീർഘ നാളുകൾക്ക് ശേഷം ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടുകളിലേക്ക് ഐ.കെ.എം നൽകുന്നു. ഇത്തരത്തിൽ തുക ലഭിക്കാതെ തന്നെ വരവായി അക്കൗണ്ടുകളിൽ ലഭിച്ചതായി രേഖപ്പെടുത്തേണ്ടി വരുന്നു. ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ “Directly Credited By Bank” കൂടാതെ വരവ് ഇനങ്ങൾ “Directly Debited By Bank” എന്നുമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ് നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ

റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും, ലൈസൻസ് നേടിവരുടെയും, മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും, മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ്, എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തു നികുതി ഡമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ILGMS സോഫ്റ്റ് വെയറിൽ വസ്തു നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി സംബന്ധമായ അംഗീകാരം ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ട സംവിധാനങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിനാൽ തന്നെ ഇതിന്റെ പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ

ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക്ബുക്ക് , ചെക്ക്ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസറ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

23.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഡിമാന്റ് ഇല്ലാതെ തന്നെ പണം സ്വീകരിക്കാൻ സാധിക്കുന്നു.അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന നികുതി നികുതിയേതര വരുമാനങ്ങൾ വാർഷികാരംഭത്തിൽ തന്നെ ഡിമാന്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ സോഫ്റ്റ് വെയറിൽ ഡിമാന്റ് ഇല്ലാതെ തന്നെ തുക സ്വീകരിച്ച് വർഷാവസാനം ഡിമാന്റ് ജേർണൽ എൻട്രി മുഖേന ഡിമാന്റ് ചെയ്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു.

ഉദാഹരണമായി - വസ്തു നികുതി 2021 ഏപ്രിൽ മാസം മുതൽ സ്വീകരിച്ചിരുന്നുവെങ്കിലും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നത് 31/03/2022 ന് മാത്രമാണ്. ജേർണൽ നമ്പർ 42100622, 42100623 എന്നിവ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയത് 31/03/2022ന് ആണ് എന്ന് വ്യക്തമാക്കുന്നു. കെട്ടിട വാടക തുടങ്ങിയവയും പ്രസ്തുത ദിവസമാണ് ഡിമാന്റിൽ വരുത്തിയിരിക്കുന്നത്.

ജേർണൽ നമ്പർ 42100629 തീയതി 31.03.2022 പ്രകാരം ILGMS ൽ ഉൾപ്പെടുത്താത്തതും ഔട്ട് ഡോർകളക്ഷൻ മുഖേന പിരിച്ചെടുത്തതുമായ കെട്ടിട വാടക തുക ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ നിന്നും ഏകദേശം തുല്യ തുകയായി ഗാർഹിക കെട്ടിടങ്ങളുടെ നികുതി 116497, ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി 116498 രൂപ എന്നിങ്ങനെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലാണ് നികുതി പിരിച്ചത് എന്ന് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇത് സോഫ്റ്റ് വെയർ കൺട്രോൾ കൃത്യതയില്ലാത്തതിനെ സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ നിന്നും വ്യക്തമാക്കുന്നത് ഏത് സമയത്തും യുക്താനുസരണം ക്രമീകരണങ്ങൾ വരുത്താവുന്ന നിലയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ്.

24.മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് എന്നിവ തൻവർഷം ഡിമാന്റ് ചെയ്യുന്നതിന് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടി വരുന്നു.

മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ്, ബാധ്യത തുടങ്ങിയവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡിമാന്റ്, ബാധ്യത, നീക്കി ബാക്കി ഇനത്തിൽ ഓട്ടോ ജനറേറ്റഡ് ആയി വരേണ്ടത് ഒരു സോഫ്റ്റ് വെയറിന്റെ കൃത്യതക്ക് അനിവാര്യമാണ്. ഈ സോഫ്റ്റ് വെയറിൽ മേൽ പറഞ്ഞവ ഉദ്യോഗസ്ഥരോ, ഐ.കെ.എം ജീവനക്കാരോ നേരിട്ട് ജേർണൽ എൻട്രി വഴി തൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുന്നു. ഇത് കൃത്യമല്ലാത്ത കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടക്കുന്നു.

മേൽ വിഷയങ്ങൾ അറിവിലേക്കായും അപാകതകൾ പരിഹരിക്കുന്നതിനും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽ പെടുത്തുന്നു.

## 1-13 തൊഴിൽ നികുതി - അപാകതകൾ

പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

### 1-13-1 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

പനമരം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | കോഫി ബോർഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ബി.എസ്.എൻ.എൽ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | നോർത്ത് വയനാട് റബ്ബർ അഗ്രിക്കൾച്ചറൽ സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | റീജ്യണൽ കമ്പ്യൂട്ടർ സെന്റർ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ഗവ. ഹോമിയോ ഹോസ്പിറ്റൽ, നീർവാരം | ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 31.10.2022 തീയതിയിലെ 05/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കോഫി ബോർഡ് പനമരം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലെന്നും ബി. എസ്. എൻ. എൽ ഓഫീസിൽ സ്ഥിരം ജീവനക്കാരില്ലെന്നും നോർത്ത് വയനാട് റബ്ബർ അഗ്രിക്കൾച്ചറൽ സൊസൈറ്റി, റീജ്യണൽ കമ്പ്യൂട്ടർ സെന്റർ, പനമരം, ഗവ. ഹോമിയോ ഹോസ്പിറ്റൽ, നീർവാരം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അടവ് വരുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത എല്ലാ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-2 സ്ഥാപന നികുതി ഈടാക്കിയില്ല

പനമരം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | സപ്ലൈകോ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | കെ.എസ്.ഇ.ബി, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | സി.എം കോളേജ്, നടവയൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ഡബ്ല്യൂ.എം.ഒ ഇമാം ഗസാലി കോളേജ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ബയോ ഹോം മെഡിക്കൽ സെന്റർ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | പ്രിയ ക്ലിനിക്ക്, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | കെയർ & ക്യൂർ ഡെന്റൽ ക്ലിനിക്ക്, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ആൽഫാ ഹോമിയോ ഡിസ്പെൻസറി, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | മോഡേൺ മെഡിക്കൽ സെന്റർ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 11 | വയനാട് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | നോർത്ത് വയനാട് റബ്ബർ അഗ്രിക്കൾച്ചറൽ സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | സ്മൈൽ പ്ലസ് ഡെന്റൽ ക്ലിനിക്ക്, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | റീജ്യണൽ കമ്പ്യൂട്ടർ സെന്റർ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | സഞ്ജീവനി വിദ്യാനികേതൻ, അഞ്ചുകുന്ന് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | ശ്രീലക്ഷ്മി സ്റ്റോൺ ക്രഷർ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | റിലയൻസ് കമ്മ്യൂണിക്കേഷൻ, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ്, പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | വാൽനട്ട് കേക്സ് പനമരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 20 | കള്ള് ഷാപ്പ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 21 | ലൈബ മെഡിക്കൽ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 22 | പെർഫെക്റ്റോ നാച്ചറൽസ് | രണ്ടാം അർദ്ധവർഷം |
| 23 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | ഒന്നാം അർദ്ധവർഷം |
| 24 | മേരി മാതാ ഡെന്റൽ ക്ലിനിക്ക്, പനമരം | ഒന്നാം അർദ്ധവർഷം |
| 25 | എസ്.എൻ ക്ലിനിക്ക്, പനമരം | ഒന്നാം അർദ്ധവർഷം |
| 26 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 27 | ഏച്ചോം സർവ്വീസ് സഹകരണ ബാങ്ക്, പനമരം | ഒന്നാം അർദ്ധവർഷം |
| 28 | കെ.എസ്.എഫ്.ഇ, പനമരം | രണ്ടാം അർദ്ധവർഷം |
| 29 | മാവേലി സൂപ്പർ സ്റ്റോർ, നടവയൽ | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 31.10.2022 തീയതിയിലെ 05/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പഞ്ചായത്തിൽ ബി. എസ്. എൻ. എൽ ഓഫീസിൽ സ്ഥിരം ജീവനക്കാരില്ലെന്നും കെ.എസ്.ഇ.ബി സർക്കാർ സ്ഥാപനമായതിനാൽ സ്ഥാപന നികുതി ഈടാക്കി വരുന്നില്ലെന്നും വയനാട് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ബാങ്ക്, ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ്, പനമരം, കള്ള് ഷാപ്പ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഏച്ചോം, സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് അതാത് അർദ്ധ വർഷത്തെ ഡിമാന്റ് നോട്ടീസ് നൽകി തുക അടവ് വരുത്തുന്നതാണെന്നും ബയോ മെഡിക്കൽ സെന്റർ, പ്രിയ ക്ലിനിക്ക്, കെയർ & ക്യൂർ ദന്തൽ ക്ലിനിക്ക്, ആൽഫാ ഹോമിയോ ഡിസ്പെൻസറി, മോഡേൺ മെഡിക്കൽ സെന്റർ, ലൈബാ മെഡിക്കൽ സെന്റർ, പെർഫെക്റ്റ് നാച്ചറൽസ്, ബിവറേജസ് കോർപ്പറേഷൻ, മേരി മാതാ ദന്തൽ ക്ലിനിക്ക്, മാവേലി സൂപ്പർ സ്റ്റോർ എന്നിവയുടെ സ്ഥാപനനികുതി ലൈസൻസിനോടൊപ്പം അടവ് വന്നിട്ടുള്ളതാണെന്നും ആയത് പരിശോധനയ്ക്കായി ലൈസൻസ് സെക്ഷന് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥാപനം നൽകിയ മറുപടി പൂർണ്ണമായും അംഗീകരിക്കാനാവില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 1956 ലെ കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുകയും 2013 നവംബർ 1 പ്രാബല്യത്തിൽ സ്വതന്ത്ര കമ്പനിയായി പ്രവർത്തിച്ചു വരികയും ചെയ്യുന്ന ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ സ്ഥാപന നികുതി അടവാക്കേണ്ടതാണ്. സ്ഥാപന നികുതി ലൈസൻസിനോപ്പം അടവാക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. സ്ഥാപന നികുതി ഈടാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-3 ജീവനക്കാരുടെ തൊഴിൽ നികുതി - ഡിമാന്റും കളക്ഷനും തമ്മിൽ അന്തരം

ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം ജീവനക്കാരുട തൊഴിൽ നികുതിയിനത്തിലെ ഡിമാന്റും കളക്ഷനും തമ്മിൽ 36500/- (2052805-2016305) രൂപ വ്യത്യാസമുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം ഡിമാന്റും (₹2050645/-) കളക്ഷനും(₹2038795/-) തമ്മിൽ 11850/-

രൂപ വ്യത്യാസമാണ് കാണുന്നത്. തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ ഹാജരാക്കുന്നതിനും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ 31.10.2022 തീയതിയിലെ 05/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഡിമാന്റും കളക്ഷനും തമ്മിലുള്ള 36500/- രൂപയുടെ വ്യത്യാസം ട്രഷറിയിൽ നേരിട്ട് അടവ് വരുത്തിയ തുക ജേണൽ എൻട്രി പ്രകാരം അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും 11850/- രൂപയുടെ വ്യത്യാസം വെറ്ററിനറി സർജന്റെ രണ്ടാം ഗഡു തൊഴിൽ നികുതിയും കായക്കുന്ന് പോസ്റ്റ് ഓഫീസിന്റെ രണ്ടാം ഗഡു തുകയും അടയ്ക്കാൻ ബാക്കിയുള്ളതാണെന്നും പ്രസ്തുത തുക 2022 ഏപ്രിൽ മാസം അടവുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മരാമത്ത് പ്രവർത്തിയെടുക്കുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. മുഹമ്മദ് യാസിർ. ഇ.കെ
2. പി. ഇബ്രാഹിം ഹാജി
3. കെ. വി പൗലോസ്
4. കെ.എം വിനോ
5. മുഹമ്മദ് രഹനാസ്
6. എം.ജെ. തോമസ്
7. മഹ്റൂഫ് പി.എ
8. ബേസിൽ ബാബു
9. കുര്യൻ തോമസ്
10. സി.വി തങ്കച്ചൻ
11. അശ്വന്ത്. എസ്
12. അതുൽ ബേസിൽ
13. അബ്ദുൾ ഷമീർ
14. രവീന്ദ്രൻ
15. എ. വി ജോഷി
16. സുധാകരൻ എം.ടി
17. സുധീഷ് എം.എസ്
18. അസീസ്
19. ഷാജഹാൻ എ
20. എൽദോ തോമസ്
21. അസീബ് കെ
22. ജസീം സി
23. ടി.വി രഘു
24. മൂസ എം.എം
25. സക്കീർ കെ.വി
26. ഷറഫുദ്ദീൻ എം
27. ഷമീർ എ
28. പി.കെ സതീഷ് കുമാർ
29. ജംഷീർ അലി ഖാന്
30. ജോസഫ് തോമസ്
31. ഹാഷിം യു.കെ
32. സെക്രട്ടറി, ന്യൂ വയനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
33. സെക്രട്ടറി, പുൽപള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി
34. സെക്രട്ടറി, പനമരം പഞ്ചായത്ത് ലേബർ കോൺട്രാക്ട് കൺസ്ട്രക്ഷൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 31/10/2022 തീയതിയിലെ 07/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് തുക ഈടാക്കേണ്ടതാണ്. അവർ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി

അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 വാടക - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പനമരം ഗ്രാമപഞ്ചായത്തിന്റെ റെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

### 1-14-1 വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല

2021-22 വർഷത്തെ വാടകയിനങ്ങളുടെ പരിശോധനയിൽ 06/11/2021 തീയതിയിലെ സ.ഉ(കൈ)നം. 261/2021 /ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.01.2022 തീയതിയിലെ സാധാരണയോഗത്തിലെ 3/1 നമ്പർ തീരുമാനപ്രകാരം നാല് മാസത്തെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന വാടകക്കാർ തൻവർഷത്തെ മുഴുവൻ വാടകയും ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് | റൂം നമ്പർ | ആകെ വാടക | ഒഴിവാക്കിയ വാടക | അടവാക്കേണ്ട വാടക | അടവാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | കെ. അബ്ദുറഹിമാൻ | 10/13 | 25332/- (2111*12) | 8444/- (2111*4) | 16888/- | 10555/- | 6333/- |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ, മൈനർ ഇറിഗേഷൻ ഓഫീസ് | 10/11 | 12492/- (1041*12) | 0 | 12492/- | 2727/- | 9765/- |
| 3 | സുൽഫിക്കർ | 12/585 | 72876/- (6073*12) | 24292/- (6073*4) | 48584/- | 0 | 48584/- |
| ആകെ | | | | | | | 64682/- |

അപാകതയ്ക്ക് വിശദീരണം ആവശ്യപ്പെട്ട് നൽകിയ 04/11/2022 ലെ 11/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ വാടകക്കാരിൽ നിന്നും വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-2 കടമുറികൾ പ്രതിമാസ വാടകയ്ക്ക് ആരും ഏറ്റെടുത്തില്ല

മത്സ്യ മാർക്കറ്റിലെ 12/584, 12/586, 12/587 നമ്പർ കടമുറികൾ പ്രതിമാസ വാടകയ്ക്ക് ആരും ലേലത്തിന് ഏറ്റെടുക്കാത്തതിനാൽ പ്രസ്തുത കടമുറികൾ ഒഴിഞ്ഞുകിടക്കുകയും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ കടമുറികളും ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14-3 വാടക കുടിശ്ശിക – വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തൻ വർഷത്തെ കുടിശ്ശിക 64682/- (1483428-1418746) രൂപയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശികയിനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുക 44792/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (B15) പ്രകാരം തൻവർഷത്തെ വാടകക്കുടിശ്ശിക 169306/- രൂപയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വാടകക്കുടിശ്ശിക 80289/- രൂപയുമാണ്. റെന്റ് രജിസ്റ്ററിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്ന തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും കുടിശ്ശിക രജിസ്റ്റർ ഹാജരാക്കുന്നതിനും നൽകിയ 04/11/2022 തീയതിയിലെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകൾ പ്രകാരമുള്ള വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്ന തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-15 ക്യാൻസൽ ചെയ്ത രസീത് സൂക്ഷിച്ചില്ല

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി ബന്ധപ്പെട്ട രസീത് പരിശോധനയിൽ 31.03.2022 തീയതിയിൽ ബുക്ക് നമ്പർ 4684, രസീത് നമ്പർ - 11 പ്രകാരം ശ്രീമതി രജിത വിജയൻ ഒടുക്കിയ 175/- രൂപയുടെ രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണം

രേഖപ്പെടുത്തിയിട്ടില്ല. രസീത് ക്യാൻസൽ ചെയ്യുമ്പോൾ ക്യാൻസൽ ചെയ്ത രസീതിന്റെ അസ്സലും പകർപ്പും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഗുണഭോക്താവിന് നൽകിയ രസീത് പകർപ്പ് അസ്സലിനൊപ്പം സൂക്ഷിച്ചിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 31-10-2022 തീയതിയിലെ 06/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്രസ്തുത രസീത് മറ്റു രസീതുകൾ മുറിച്ചെടുത്തപ്പോൾ അബദ്ധവശാൽ കീറിപ്പോയതാണെന്നും രസീത് ബുക്കിനൊപ്പം പിൻ ചെയ്തു വയ്ക്കാൻ മറന്നുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. രസീത് പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ രസീത് ക്യാൻസൽ ചെയ്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല.

പനമരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2021-22 സാമ്പത്തിക വർഷം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരത്തിനും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 3 പ്രകാരമുള്ള പട്ടിക 1 ൽ 149ാമത് ഇനമായി റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പ് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് അറിയിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻകടകളുടെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതിനും റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 04/11/2022ാം തീയതിയിലെ 14/2021-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഫീസിനത്തിലുള്ള വരവ്-വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യപത്രികയും 2021-22 ലെ ലൈസൻസ് ഡി.സി.ബി രജിസ്റ്ററും പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ. നം | വരവ് ഇനം | ഡി.സി.ബി പ്രകാരമുള്ള വരവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|
| 1 | ഫാക്ടറി,വ്യാപാരം ,സംരഭ്വകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് 2021-22 വർഷത്തേക്കുള്ള അഡ്വാൻസ് | 66550 | 303,000 (2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം) | 236450 |
| 2 | 2021-22 വർഷത്തേക്കുള്ള ഫാക്ടറി,വ്യാപാരം ,സംരഭ്വകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് | 391580 | 149610 (2021-22 സാമ്പത്തിക വർഷം) | -241970 |
| 3 | ലോഡ്ജിങ്ങ് ലൈസൻസ് ഫീസ്പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഫീസ് വരവ് | 28050 | 11,550 | -16500 |
| 4 | പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഫീസ് വരവ് | 4450 | 3400 | -1050 |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതിനാവശ്യപ്പെട്ട് നൽകിയ 04/11/2022ാം തീയതിയിലെ 13/2021-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യതയോടെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ സ്ഥാപങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. പനമരം ഗ്രാമപഞ്ചായത്തിലെ ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകളും ട്രേഡേഴ്സ് ലിസ്റ്റും പരിശോധിച്ചതിൽ നിന്നും, ഗ്രാമപഞ്ചായത്ത് കൃത്യതയോടെ ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കി ലൈസൻസ്, തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടമുണ്ടാവുന്നില്ലെന്നുറപ്പാക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്തിലെ ഓഡിറ്റിന് ഹാജരാക്കിയത് 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റാണ്. 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ 2020-21 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ആകെ 23 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ ട്രേഡേഴ്സിന്റെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| വാർഡ് നമ്പർ | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം) |
|---|---|
| 1 | 25 |
| 2 | 22 |
| 3 | 16 |
| 4 | 12 |
| 5 | 8 |
| 6 | 9 |
| 7 | 17 |
| 8 | 22 |
| 9 | 12 |
| 10 | 155 |
| 11 | 25 |
| 12 | 135 |
| 13 | 18 |
| 14 | 7 |
| 15 | 30 |
| 16 | 16 |
| 17 | 19 |

| | |
|---|---|
| 18 | 9 |
| 21 | 3 |
| ആകെ | 560 |

2021-22 സാമ്പത്തിക വർഷം പുതുതായി എത്ര സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്,മേൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വന്നിരുന്ന എത്ര സ്ഥാപനങ്ങള് പ്രവർത്തനം അവസാനിപ്പിച്ചു.തുടങ്ങിയ വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ചേർത്ത് മേൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ട ആവശ്യത്തിനായി വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന മുതലായ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിലെ പരിശോധിച്ചതിൽ നിന്നും ലഭ്യമായ ഗ്രാമപഞ്ചായത്തിലെ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ.നം | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വിസ്തീർണത്തിൽ കുറവുള്ള വാണിജ്യ കെട്ടിടങ്ങൾ | 2314 |
| 2 | 100 ച.മീ വിസ്തീർണത്തിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾ | 511 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരേ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾ ഷോപ്പിങ്ങ് മാളുകൾ തുടങ്ങിയവ | 3 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾ ഷോപ്പിങ്ങ് മാളുകൾ തുടങ്ങിയവ | 358 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ,ഫ്യൂവൽ സ്റ്റേഷനുകൾ തുടങ്ങിയവ | 30 |
| 6 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഓഫീസ് ഉൾപ്പെടെ) | 44 |
| 7 | വ്യവസായ ആവശ്യങ്ങൾക്കുള്ള (കൈത്തറി ഷെഡ് കയറുപിരി ഷെഡ് മുതലായവ) | 123 |
| 8 | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 41 |

| | | |
|---|---|---|
| 9 | അസംബ്ലി കെട്ടിടങ്ങൾ, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജുകൾ<br>സിനിമ തീയേറ്ററുകൾ | 87 |
| 10 | റിസോർട്ടുകൾ | 32 |
| 11 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 31 |
| 12 | ആയുർവ്വേദ സുഖചികിത്സ കേന്ദ്രങ്ങൾ | 1 |
| | ആകെ | 3575 |

മേൽ കെട്ടിടങ്ങളിൽ 2021-22 രണ്ടാം അർദ്ധവർഷം വരേ 553 കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 12 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്.ആയത് കൂടി പരിഗണിച്ചാൽ 3010കെട്ടിങ്ങളോളം ഗ്രാമപഞ്ചായത്തിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നിലവിലുണ്ടെന്ന് മനസ്സിലാക്കാം. ഒന്നിൽകൂടുതൽ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം സ്ഥാപനങ്ങളും ഒരു മുറിയിൽ (ഒരു കെട്ടിട നമ്പറിൽ) പ്രവർത്തിക്കുന്നതായാണ് കാണുന്നത്. ഗ്രാമപഞ്ചായത്തിൽ ഇത്രയധികം വാണിജ്യ, വ്യവസായ കെട്ടിടങ്ങളുണ്ടായിട്ടും ട്രേഡേഴ്സ് ലിസ്റ്റിൽ 560 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 666 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളതെന്നും കാണുന്നു. വേക്കൻസി റെമിഷന് അപേക്ഷ സമർപ്പിക്കാത്ത സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന നാമമാത്രമായ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ടെന്ന വസ്തുത കൂടി പരിഗണിച്ചാലും ലൈസൻസ് നേടാതെ ഒട്ടനവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മേൽ കണക്കുകളിൽ നിന്ന് മനസ്സിലാക്കാം. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യതയോടെ തയ്യാറാക്കി കാലികമാക്കാത്തതിനും ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 04/11/2022ാം തീയതിയിലെ 15/2021-22ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യതയുള്ള ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവം ലൈസൻസ്, തൊഴിൽ നികുതിയിനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-19 അനുപൂരക പോഷകാഹാരം - 97374 രൂപ അധികം നൽകി

പ്രോജക്റ്റ് നമ്പർ - 8/22- അങ്കണവാടി പോഷകാഹാര പദ്ധതി

അടങ്കൽ - 47,99,000(വികസന ഫണ്ട്- ജനറൽ)+8,66,692 (കേന്ദ്രവിഹിതം) = ₹56,65,692/-

ചെലവ് - 47,99,000(വികസന ഫണ്ട്- ജനറൽ)+8,66,692 (കേന്ദ്രവിഹിതം) = ₹56,65,692/-

| ക്രമനം | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 21180852002700063232/7.5.2021 | 8,57,624/- |
| 2 | 21180852002700063229/7.5.2021 | 13,40,044/- |

| | | |
|---|---|---|
| 3 | 211808520027002700331/18.08.2021 | 6,83,311/- |
| 4 | 21180852002700691727/23.11.2021 | 71,170/- |
| 5 | ചെക്ക് നമ്പർ 07620/30.03.22 | 312890/- |
| 6 | 21180852002700331773/18.8.2021 | 1547850/- |
| 7 | ചെക്ക് നമ്പർ - 00007595/ 16.02.2022 | 321762/- |
| 8 | 211808520027002701141577/16.02.2022 | 2,99,001/- |
| 9 | ചെക്ക് നമ്പർ - 00007595/ 16.02.2022 | 2,32,040/- |
| | ആകെ | 5665692/- |

പഞ്ചായത്തിലെ അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തിയിട്ടുണ്ട്. ഭരണസമിതിയുടെ 25.05.2020ലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം അങ്കണവാടികളിലേക്ക് ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോർ , സപ്ലൈകോ വിവിധ സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വിലയേക്കാൾ ഒരു രൂപ കുറച്ച് വിതരണം ചെയ്യാം എന്ന അപേക്ഷ പരിഗണിച്ച് ഭക്ഷ്യസാധനങ്ങൾ, ശ്രുതി ഭക്ഷ്യ സംസ്കരണ യൂണിറ്റിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ യൂണിറ്റുമായി കരാറിലേർപ്പെട്ടിട്ടില്ല. തൻവർഷം വാങ്ങിയ ചുവടെ കൊടുക്കുന്ന ബില്ലുകളിൽ ഇത്തരത്തിൽ ഇളവ് നൽകാത്തതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| BRN നമ്പർ | ഇൻവോയ്സ് നം | ഇനം | അളവ് (കി.ഗ്രം) | വില/കി. ഗ്രാം (₹) | ഇൻവോയ്സ് പ്രകാരമുള്ളതുക (₹) | സപ്ലൈക്കോ പ്രകാരമുള്ള വിലവിവര പട്ടിക പ്രകാരമുള്ള വില(₹) | ഒരു രൂപ കുറച്ച തുക (₹) | ഒരുരൂപ കുറച്ചാൽ നൽകേണ്ടുന്ന തുക (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|---|---|---|---|
| 211808520027 00063229 തീ . 7.5.2021 | 19/7.4.2021 | ഗോതമ്പ് | 3425 | 72.50 | 248312 | 64 | 63 | 215775 | 32537 |
| | 20/7.4.2021 | ഗോതമ്പ് | 3415 | 72.50 | 247587 | 64 | 63 | 215145 | 32442 |
| | 21/7.4.2021 | ഗോതമ്പ് | 3410 | 72.50 | 247225 | 64 | 63 | 214830 | 32395 |
| | | | | | | അധികം നൽകിയ തുക | | | 97374 |

അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/21-22/03.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹97,374/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി - അപാകതകൾ

പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1)ഭവന നിർമ്മാണത്തിന് അധിക തുക നൽകി

പ്രൊജക്റ്റ് നം- 423/22

പ്രൊജക്ടിന്റെ പേര്- ലൈഫ് ഭവന പദ്ധതി ( ടി.എസ്.പി)

അടങ്കൽ- വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 8300000 |
| ടി.എസ്.പി | 15054161 |
| സംസ്ഥാന വിഹിതം | 75111276 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5000000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 16534563 |
| ആകെ | |

ചെലവ്- വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 8295839 |
| ടി.എസ്.പി | 14260000 |
| ആകെ | |

സ.ഉ(സാധാ)നം.3218/2018/തസ്വഭവ തീയതി 21/12/2018 ലെ ഉത്തരവ് പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ വിദൂര പട്ടിക വർഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ വിഭാഗങ്ങൾക്കും 6 ലക്ഷം രൂപ തുക അഞ്ച്/ ആറ് ഗഡുക്കളായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താവിന് അനുവദീനമായതിലും അധികം തുക നൽകിയിട്ടുണ്ട്.

| ക്രമ .നം | പേരും വിലാസവും | അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | ലൈഫ് ഐഡി നമ്പർ 115408<br>ബിന്ദു രമേശൻ,<br>ചെക്കിട്ട കോളനി,<br>കായക്കുന്ന് | BRN നമ്പർ- 21180852002600627993<br>(അലോട്ട്മെന്റ് നം-93/06.11.2021) | ₹90000/- |
| | | BRN നമ്പർ - 21180852002600670153<br>അലോട്ട്മെന്റ് നം-113/18.11.2021 | ₹120000/- |
| | | BRN നമ്പർ- 21180852002600702036<br>അലോട്ട്മെന്റ് നം-136/25.11.2021 | ₹120000/- |
| | | BRN നമ്പർ - 21180852002600702052798722<br>അലോട്ട്മെന്റ് നം-167/17.12.2021 | ₹210000/- |
| | | BRN നമ്പർ - 21180852002600998402<br>അലോട്ട്മെന്റ് നം-212/24.01.2022 | ₹120000/- |
| ആകെ | | | ₹6,60,000 |

അനുവദിക്കാവുന്ന തുക 6ലക്ഷം രൂപയാണ്. ഇത്തരത്തിൽ 60,000/- രൂപ അധികം നൽകിയിട്ടുണ്ട്. ടി തുക നാളിതു വരെയായിട്ടും തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/21-22 /03.11.2022) തുക ട്രഷറിയിൽ ഒടുക്കി വിശദാംശങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധിക തുക

നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അടവാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2) മേൽ ഉത്തരവ് പ്രകാരം സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. എന്നാൽ പല വ്യക്തിഗത ഫയകളിലും സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ ഗുണഭോക്താവിന്റെ പേരും ഒപ്പും അല്ലാതെ മറ്റ് രേഖപ്പെടുത്തലുകളൊന്നുമില്ല.കൂടാതെ ഭവന നിർമ്മാണ രജിസ്റ്ററിലും തുക നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. രേഖകളൊന്നുമില്ലാതെ തുക നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി 12/21-22 /03.11.2022 ) ആവശ്യമായതും , കൃത്യവുമായ വിവരങ്ങൾ ഉൾപ്പെടുത്തി രേഖകൾ പൂർത്തിയാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ പൂർണ്ണമല്ലാത്തതിനാൽ ഭവന നിർമ്മാണത്തിന്റെ വിവധ ഘട്ടങ്ങൾ പൂർത്തീകരിച്ചാണോ തുക നൽകിയതെന്നോ,സർക്കാർ ഉത്തരവിനനുസരിച്ചാണോ തുക നൽകിയതെന്നോ, അധിക തുക നൽകിയിട്ടുണ്ടോയെന്നോ പൂർണ്ണമായും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റേജ് റിപ്പോർട്ടുകളും, ഭവന രജിസ്റ്ററുകളും പൂർത്തിയാക്കിയെന്ന് ഉറപ്പു വരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 1-21 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ- വ്യക്തിഗത ഫയലുകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം- 414/22

പ്രൊജക്ടിന്റെ പേര്- വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ

അടങ്കൽ- 15,00,000/-( തനത് ഫണ്ട്)

ചെലവ്- 3,00,000/-( തനത് ഫണ്ട്)

| ക്രമ.നം | ചെക്ക് നം/തീയതി | തുക |
|---|---|---|
| 1 | 5292183/27.8.2021 | 150000/- |
| 2 | 5292196/ 19.11.2021 | 50000/- |
| 3 | 5292608/31.01.2022 | 50000/- |
| 4 | 07620/30.03.2022 | 50000/- |

മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീടുകൾ വാസയോഗ്യമാക്കുന്നതിന് പരമാവധി 1,00,000/- രൂപ അനുവദിക്കാവുന്നതാണ്. 2019- 20 ൽ ആരംഭിച്ച ടി പദ്ധതിയിൽ തൻവർഷം സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | 5292183/27.8.2021 – 150000/- | വാസുദേവൻ | 50,000 |
| 2 | | ജമീല പി | 50,000 |
| | | ആകെ | 1,00,000 |

ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (17/21-22/04.11.2022 ) ഫയലുകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഫയലുകൾ ഹാജരാക്കേണ്ടതാണ്. 1,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണം – പദ്ധതി തയ്യാറാക്കിയതിലെ അപാകതകൾ

വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് നിർമ്മാണത്തിന് തുക നൽകുന്നതിന് മേൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അധിക രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1. പ്രോജക്ട് - 407/22- പെർഫോർമൻസ് ബേസ്ഡ് ഇൻസെൻറീവ് ഗ്രാന്റിന്റെ വിനിയോഗം

അടങ്കൽ - 101520( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) + 120000(കേന്ദ്രവിഷ്കൃത ഫണ്ട് ) = 2,21,520/-

ചെലവ് -80370 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ 100000 (കേന്ദ്രവിഷ്കൃത ഫണ്ട്) = 1,80,370/-

| ക്രമനം | ബിൽ.നം/തീയതി | തുക |
|---|---|---|
| 1 | 21180852002600652003/15.11.2021 | 29,610/- |
| 2 | 21180852002600670147/18.11.2021 | 8,460/- |
| 3 | 21180852002601378693/19.03.2022 | 16,920/- |
| 4 | 21180852002601514561/30.03.2022 | 25,380/- |
| 5 | ചെക്ക് നമ്പർ - 007263/07.12.2021 | 45,000/- |
| 6 | ചെക്ക് നമ്പർ - 007612/24.03.2022 | 20,000/- |
| 7 | ചെക്ക് നമ്പർ – 007620/30.03.2022 | 35,000/- |
| | ആകെ | 1,80,370/- |

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ജലസംഭരണ സംവിധാനത്തോട്ട കൂടി നിർമ്മിക്കുന്ന ഗാർഹിക ശൗചാലയങ്ങളുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനും, പ്രോജക്ട് നിർവഹണം നടത്തുന്നതിനും സ.ഉ(സാധാ) 3507/2014/തസ്വഭവ തീ.31.12.2014 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ശൗചാലയത്തിന്റെ സെപ്റ്റിക് ടാങ്ക് , മുറി,വാട്ടർ കണക്ഷനും, ഫ്ലഷ് സൗകര്യവും, സോക്ക് പിറ്റ് ,കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് സ്വച്ഛ്ഭാരത് മിഷൻ ഫണ്ടിൽ നിന്ന് 12,000രൂപയും, തനത് ഫണ്ടിൽ നിന്നും 3,400രൂപയും ചെലവഴിക്കാവുന്നതാണ്. 06/09/2019 ലെ സ.ഉ(സാധാ) 1951/2019/തസ്വഭവ പ്രകാരം ഒ.ഡി.എഫിന്റെ ഭാഗമായി ഏതെങ്കിലും കാരണവശാൽ ഒഴിവാക്കപ്പെട്ടിട്ടുള്ള വ്യക്തികൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക യജ്ഞം മുഖേന കണ്ടെത്തി ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഗുണഭോക്താക്കളെ പ്രത്യേക യജ്ഞം നടത്തി കണ്ടെത്തേണ്ടതും കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതമായി 12000/- രൂപയും ( 7200+ 4800) , 3400 രൂപ തനത്/പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതുമാണ്. യാതൊരു കാരണവശാലും നിലവിൽ കക്കൂസുള്ള കുടുംബത്തിന് പുതിയ കക്കൂസിനായും അറ്റകുറ്റപണി നടത്തുന്നതിനായും ടി ഫണ്ട് ചെലവഴിക്കാൻ പാടില്ല. പ്രളയത്തിൽ കേടുപാട് സംഭവിച്ച് ഉപയോഗ്യമായി തീർന്ന കക്കൂസുകൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കുന്നതിനും ( മാർഗ്ഗരേഖ പ്രകാരം അർഹതയുള്ളവർക്ക് ) ഫണ്ട് ചെലവഴിക്കാവുന്നതാണ്.

ഹാജരാക്കിയ രേഖകൾ പ്രകാരം 19 ഗുണഭോക്താക്കൾക്ക് 9230രൂപ നിരക്കിലും ( 5000 (കേ.വി)+ 4230 (ധ.ക.ഗ്രാ), ഒരു ഗുണഭോക്താവിന് 5000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല.ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെയും / സമർപ്പിച്ച അപേക്ഷകളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21-22/04.11.2022) ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ അന്വേഷണം നടത്തിയാണ് തുക നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെയോ / സമർപ്പിച്ച അപേക്ഷകളിൽ പരിശോധന നടത്തി റിപ്പോർട്ടോ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല, രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ആയതിനാൽ തന്നെ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയതെന്ന് വ്യക്തമല്ല. യാതൊരു കാരണവശാലും നിലവിൽ കക്കൂസുള്ള കുടുംബത്തിന് പുതിയ കക്കൂസിനായും അറ്റകുറ്റപണി നടത്തുന്നതിനായും ടി ഫണ്ട് ചെലവഴിക്കാൻ പാടില്ലായെന്ന സർക്കാർ നിർദ്ദേശം ഭാവിയിൽ പദ്ധതി തയ്യാറാക്കുന്ന അവസരത്തിലും നടപ്പാക്കുന്ന അവസരത്തിലും ശ്രദ്ധിക്കേണ്ടതാണ്.

2)601/22-വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണം(New) -

പ്രോജക്ട് - 601/22-വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണം

അടങ്കൽ - 636000(കേന്ദ്രവിഷ്കൃത ഫണ്ട്) + 180200 (തനത് ഫണ്ട്) = 8,16,200/-

ചെലവ് -528000(കേന്ദ്രവിഷ്കൃത ഫണ്ട് ) +149600(തനത് ഫണ്ട് ) = 6,77,600/-

ചെക്ക് നം – 07620/30.03.2022

സ.ഉ(സാധാ) 292/2019/ത.സ്വ.ഭ.വ തീ.11.02.2019 പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് നൽകുന്ന 4 ലക്ഷം രൂപയ്ക്കുപരിയായി ടോയ്‌ലെറ്റ് നിർമ്മാണത്തിന് ഗ്രാമീണ മേഖലയിൽ 12,000/- രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 22.07.2021 ലെ G.O(Rt) No.1375/2021/LSGD പ്രകാരം വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന്

SBM ഫണ്ടിൽ നിന്നും 12000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 3400/- രൂപയും നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സഹായം പദ്ധതി കാലയളവിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.(ബി.പി.എൽ കുടുംബങ്ങൾ,എസ്.സി,എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ ,സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ എന്നിവർ മാത്രമാണ് അർഹരായിട്ടുള്ളത്)

തൻവർഷം നടപ്പാക്കിയ പദ്ധതിയിൽ ഒരാൾക്ക് 15400/- (12000(കേ.വി)+ 3400(ത.ഫ) ) രൂപ തോതിൽ 44 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം പുതുതായി വീട് നിർമ്മിക്കപ്പെട്ടവർക്കോ, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്കോ സാമ്പത്തിക സഹായം നൽകിട്ടില്ല. കൂടാതെ സാമ്പത്തിക സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിൽ ടോയ്‌ലെറ്റ് ഇല്ല എന്നുള്ളതിന്റെയോ, പുതുതായി ടോയ്‌ലെറ്റ് നിർമ്മിച്ചതാണ് എന്നതിന്റെയോ/ അറ്റകുറ്റ പണികൾ നടത്തിയതാണോ എന്നതിന്റെയോ രേഖകളോ, റിപ്പോർട്ടുകളോ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടോയ്‌ലെറ്റ് നിർമ്മാണത്തിന് തുക നൽകിയതിന് വിശദീകരണവും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് ((18/21-22/04.11.2022) നിലവിൽ ടോയ്‌ലെറ്റ് ഇല്ലാത്തവർക്കാണ് ആനുകൂല്യങ്ങൾ നൽകിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത് . എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം പുതിയ വീട് നിർമ്മിക്കുന്നവർക്ക് മാത്രമാണ് (ലൈഫ്, PMAY ഗുണഭോക്താക്കൾ, ബി.പി.എൽ കുടുംബങ്ങൾ,എസ്.സി,എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ ,സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ )ടോയ്‌ലെറ്റ് നിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹതയുള്ളത്. ഭാവിയിൽ പദ്ധതി തയ്യാറാക്കുന്ന വേളയിൽ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-23 മരണമടഞ്ഞ ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ വിതരണം ചെയ്തു

പനമരം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഏതാനും പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷൻ ഐഡി നമ്പർ/പെൻഷൻ തരം | മരണ രജിസ്ട്രേഷൻ നമ്പർ | മരണമടഞ്ഞ തീയതി | അനർഹമായ കാലയളവ് | അനർഹമായ തുക | അക്കൗണ്ട് മോഡ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1 | ബിയ്യാത്തു സി | 110770601288 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 201/2021 | 30.07.2021 | ആഗസ്റ്റ് 2021 മുതൽ സെപ്തംബർ 2021 വരെ,(ഒക്ടോബർ 2021 മുതൽ മെയ് 2022 വരെ തുക കൈപ്പറ്റിയിട്ടില്ല.) ശേഷം ജൂൺ 2022 ൽ തുക കൈപ്പറ്റി | 4800/- (1600*3) | ഡയറക്റ്റ് റ്റു ഹോം | സസ്പെൻഡ് |
| 2 | മേരി | 110770202021(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 166/2021 | 25.08.2021 | സെപ്തംബർ 2021 മുതൽ ഏപ്രിൽ 2022 വരെ | 12800/- (8*1600) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 3 | ബ്രിജിത്ത | 110770201660 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 148/2021 | 04.08.2021 | സെപ്തംബർ 2021 മുതൽ ജൂൺ 2022 വരെ | 6000/- (600*10) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 4 | ദേവകിഅമ്മ.പി.കെ | 110770200630 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 119/2021 | 26.02.2021 | മാർച്ച് 2021 മുതൽ ജൂൺ 2022 വരെ | 25500/-(15*1600+1500) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 5 | ഇബ്രാഹിം കെ | 110770203387 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 114/2021 | 21.05.2021 | ജൂൺ 2021 മുതൽ സെപ്തംബർ 2022 വരെ | 25600/-(16*1600) | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | മറിയം | 110770600999<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 112/2021 | 10.05.2021 | ആഗസ്റ്റ് 2021<br>(മെയ് 2021 മുതൽ ജൂലൈ 2021 വരെയും സെപ്റ്റംബർ 2021 മുതൽ ജൂൺ 2022 വരെയും തുക കൈപ്പറ്റിയിട്ടില്ല) | 1600/- | ഡയറക്റ്റ് റ്റു ഹോം | സസ്പെൻഡ് |
| 7 | കമലാക്ഷി | 110770202782<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 88/2021 | 04.05.2021 | ജൂൺ 2021 മുതൽ ജൂൺ 2022 വരെ | 20800/-(13*1600) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 8 | റ്റി.ഡി ദേവസ്യ | 110770203345<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 45/2021 | 30.01.2021 | ഫെബ്രുവരി 2021 മുതൽ സെപ്റ്റംബർ 2022 വരെ | 31800/-(2*1500+18*1600) | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
| 9 | കരുന്തൻ | 110770203859<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 256/2021 | 20.11.2021 | ഡിസംബർ 2021 മുതൽ ജനവരി 2022 വരെ | 3200/-(2*1600) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 10 | ഒണ്ടൻ | 110770100649<br>(കർഷക തൊഴിലാളി പെൻഷൻ) | 239/2021 | 01.12.2021 | ജനവരി 2022 മുതൽ ജൂൺ 2022 വരെ | 9600/-(6*1600) | ബാങ്ക് അക്കൗണ്ട് | സസ്പെൻഡ് |
| 11 | കഞ്ഞാമി | 110770100318<br>(കർഷക തൊഴിലാളി പെൻഷൻ) | 186/2021 | 15.06.2021 | ജൂലൈ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 24000/-(15*1600) | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
| ആകെ | | | | | | 165700/- | | |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും പെൻഷൻ തുക അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കും, ഡയറക്റ്റ് ടു ഹോം മുഖേനയും കൈമാറിയതിനും മേൽ പട്ടികയിലെ മൂന്ന് ഗുണഭോക്താക്കൾ മരണമടഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും ടി ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാത്തതിനും വിശദീകരണം ആരാഞ്ഞ് നൽകിയ 28-10-2022 തീയതിയിലെ 02/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മരണപ്പെട്ടിട്ടും അനർഹമായി പെൻഷൻ തുക ബാങ്കിലേക്ക് നൽകിയിട്ടുള്ള ഗുണഭോക്താക്കളിൽ എല്ലാവരുടെയും തുക അക്കൗണ്ടിൽ തന്നെയുണ്ടെന്നും ആയത് തിരിച്ചടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഹകരണ ബാങ്ക് മുഖാന്തിരം ഡയറക്റ്റ് റ്റു ഹോം വഴി പെൻഷൻ കൈപ്പറ്റിയതായി കാണിച്ചിട്ടുള്ളവർക്ക് തുക വിതരണം നടത്തിയതു സംബന്ധിച്ച് നടപടികൾ വിശദമാക്കുന്നതിന് പണം നൽകിയ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി ഒഴിവാക്കി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മറുപടി പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. മേൽ പട്ടികയിൽ ക്രമനമ്പർ 5, ശ്രീ ഇബ്രാഹിം കെ, ക്രമനമ്പർ 8, ശ്രീ റ്റി.ഡി ദേവസ്യ, ക്രമനമ്പർ 11, ശ്രീമതി കുഞ്ഞാമി എന്നിവരുടെ പെൻഷൻ അക്കൗണ്ടുകൾ അവരുടെ മരണശേഷം ഒരു വർഷം പിന്നിട്ടിട്ടും ഓഡിറ്റ് തീയതി വരെ സസ്പെൻഡ് ചെയ്തിരുന്നില്ല. പനമരം ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷനുള്ള അപേക്ഷകളിൽ പരിശോധിക്കാൻ സാധ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്ന് മാത്രമാണ് 165700/- രൂപ നഷ്ടം കണ്ടെത്തിയത്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്തതും മുൻ വർഷങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവരുമായ പെൻഷൻ ഗുണഭോക്താക്കളുടെയും കൂടി പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചാൽ ഈയിനത്തിൽ വലിയൊരു തുക നഷ്ടം സംഭവിച്ചത് കണ്ടെത്താൻ സാധ്യതയുണ്ട്. ആയതിനാൽ അനർഹരായ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അനർഹമായി വിതരണം ചെയ്ത 165700 രൂപ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 വസതി ഭവന വായ്പ തിരിച്ചടവ് യഥാസമയം നടത്താത്തത്

(സ.ഉ(എം.എസ്) നം.83/13/തസ്വഭവ തീയതി 11.03.2013) അനുസരിച്ച്, തദ്ദേശ സ്ഥാപനങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് പത്ത് വർഷ തിരിച്ചടവ് കാലാവധി കണക്കാക്കി വായ്പ മുതൽ ഭാഗം വികസന ഫണ്ട് ഉപയോഗിച്ചും പലിശ ഭാഗം തനത് ഫണ്ട് ഉപയോഗിച്ചും തിരിച്ചടവ് നടത്തുന്ന നിലയിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകിയിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പനമരം ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി വസതി ഭവന പദ്ധതി എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കി പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 19.06.2014 തീയതിയിലെ എ4 11808/14 കത്ത് മുഖേന ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും ,തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 14/08/2014 തീയതിയിലെ നമ്പർ 48763/ഡിബി1/14/തസ്വഭവ നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 3,90,00,000/- രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സഹകരണ ബാങ്കുമായി വായ്പ വിതരണത്തിനായി 20/03/2015 തീയതിൽ കരാറിൽ ഏർപ്പെട്ടതിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ മാത്രമാണ് ഒപ്പ് വെച്ചിട്ടുള്ളത്. ബാങ്കിന്റെ പ്രതിനിധികളാരും തന്നെ ഒപ്പ് വെച്ചിട്ടില്ല. 16/03/2015 തീയതിൽ ബാങ്ക് ജനറൽ മാനേജർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം 3,10,50,000 രൂപയാണ് ബാങ്ക് വായ്പ അനുവദിച്ചിട്ടുള്ളത്. 12.5% പലിശ നിരക്കും 10 വർഷ കാലാവധിയിൽ വാർഷിക തുല്യ ഗഡുക്കളായി തുക ഓരോ വർഷവും ഫെബ്രുവരി 28ന് മുമ്പായി തിരിച്ചടക്കേണ്ടതാണ്. കരാർ ഉടമ്പടി വ്യവസ്ഥ 6 പ്രകാരം ഗ്രാമ പഞ്ചായത്ത് 13% നിരക്കിൽ പലിശ സഹിതം വായ്പ 10 വർഷത്തിനകം തിരച്ചടക്കേണ്ടതാണ്. അതേ വ്യവസ്ഥയിൽ 13% നിരക്കിൽ പലിശ സഹിതം മുതൽ ഗ്രാമ പഞ്ചായത്ത് തിരിച്ചടക്കുന്നതാണെന്നും ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യവസ്ഥ 12 പ്രകാരം ബാങ്കിന് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകുന്നുണ്ട്. വ്യവസ്ഥ 7 അനുസരിച്ച് ത്രൈമാസിക അടിസ്ഥാനത്തിൽ പലിശ കണക്കാക്കി ആയത് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടതാണ്. പനമരം ഗ്രാമ പഞ്ചായത്തിന്റെ 20/05/2014 തീയതിയിലെ 90(1)14 നമ്പർ തീരുമാനം പ്രകാരം 3,10,50,000 രൂപ വയനാട് ജില്ലാ സഹകരണ ബാങ്കിനോട് ആവശ്യപ്പെടാനും പലിശയടക്കമുള്ള തിരിച്ചടവ് വാർഷികമായി നടത്താനും തീരുമാനിച്ചു. വയനാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജറുടെ 19.06.2014 തീയതിയിലെ WB/PDS/203/ /2014-15 നമ്പർ കത്ത് പ്രകാരം ഭവന നിർമ്മാണ വായ്പ അനുവദിക്കാൻ തയ്യാറാണെന്നും ആയതിന് 12.5% പലിശ ഉണ്ടായിരിക്കുന്നതാണെന്നും വായ്പ കാലാവധി 10 വർഷമാണെന്നും അറിയിച്ചിട്ടുണ്ട്. 06/03/2015 ലെ Au-11808/14 നമ്പർ കത്ത് മുഖേന 12.5% പലിശ നിരക്കിൽ 3,10,50,000 രൂപ വായ്പ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സഹകരണ ബാങ്ക് മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.ഭവന വായ്പ തുക മുതൽ, വികസന ഫണ്ടിൽ നിന്നും, പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.

2015-16 സാമ്പത്തിക വർഷം മുതൽ വസതി ഭവന വായ്പ തിരിച്ചടവിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. 2015-16 വർഷത്തിൽ 40,00,000 രൂപ തിരിച്ചടവ് നടത്തിയത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ്. തുടർവർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് തിരിച്ചടവ് നടത്തിയിട്ടുള്ളത്. വായ്പ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2015-16 സാമ്പത്തിക വർഷം മുതൽ പ്രോജക്ട് തയ്യാറാക്കി ഭവനവായ്പ തിരിച്ചടവ് നടത്തിയിതിന്റെ വിവരങ്ങൾ

പട്ടിക 1

| വർഷം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക/ഫണ്ടിനം | |
|---|---|---|---|---|
| 1 | 2 | 3 | | |
| | | | വികസനഫണ്ട് ജനറൽ | തനത് ഫണ്ട് |

| | | | | |
|---|---|---|---|---|
| 2015-16 | 221/16 | വസതി തിരിച്ചടവ് | 40,00,000 | തൻവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആണ് തുക അടച്ചത്. |
| 2016-17 | 281/17 | വസതി തിരിച്ചടവ് | 14,53,471 | |
| 2017-18 | 298/18 | വസതി തിരിച്ചടവ് | 40,00,000 | |
| 2018-19 | 4/19 | വസതി തിരിച്ചടവ് | 30,00,000 | |
| 2019-20 | 4/20(a) വായ്പ തിരിച്ചടവിൽ പിൻവലിച്ച തുക വിനിയോഗിച്ചില്ല. | വസതി തിരിച്ചടവ് | 40,00,000 | |
| 2019-20 | 17/20 | വസതി പലിശ തിരിച്ചടവ് | | 2,360,656 |
| 2020-21 | 10/21 | വസതി തിരിച്ചടവ് | 40,00,000 | |
| 2020-21 | 18/21 | വസതി പലിശ തിരിച്ചടവ് | | 5,00,000- |
| 2020-21 | 546/21 | വസതി പലിശ തിരിച്ചടവ് | | തിരിച്ചടവ് നടത്തിയിട്ടില്ല |
| 2021-22 | 13/22 | വസതി പലിശ തിരിച്ചടവ് | | 20,00,000 |
| 2021-22 | 11/22 | വസതി തിരിച്ചടവ് | 49,50,000 | |
| ആകെ | | | 2,54,03,471 | 48,60,656 |

തനത് ഫണ്ട് വിനിയോഗിച്ച് പലിശ തിരിച്ചടവ് കൃത്യമായി നടത്തിയിട്ടില്ല എന്ന് മേൽ പട്ടിക 1 ൽ നിന്നും വ്യക്തമാകുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ വായ്പ തുക തിരിച്ചടക്കുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെപ്പറയുന്നു.

പ്രോജക്ട് നം. - 11/2022

പ്രോജക്ടിന്റെ പേര് - വസതി തിരിച്ചടവ്

അടങ്കൽ - വികസന ഫണ്ട് (ജനറൽ) - 49,50,000

തുക തിരിച്ചടച്ചത് - ബിൽ നം.2118085200530046302 4തീയതി 11/10/2021 തുക. 40,00,000/-

ബിൽ നം.2118085200530141744 1തീയതി 30/03/2022 തുക. 9,50,000/-

പ്രോജക്ട് നം. - 13/2022

പ്രോജക്ടിന്റെ പേര് - വസതി പലിശ തിരിച്ചടവ്

അടങ്കൽ - തനത് ഫണ്ട് - 20,00,000

| തുക തിരിച്ചടവ് | | |
|---|---|---|
| ക്രമനം | വൗച്ചർ നം / തീയതി | തുക |
| 1 | 22100102 / 20.10.2021 | 10,00,000 |
| 2 | 22100759 / 30.03.2022 | 10,00,000 |
| | ആകെ | 20,00,000 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആകെ 2,64,90,000 രൂപ വായ്പ ഇനത്തിൽ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലോൺ തിരിച്ചടവിലേക്കായി വികസന ഫണ്ടാണ് കൂടുതലും ഉപയോഗിച്ചിട്ടുള്ളത്. ഓരോ വർഷവും പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരം 1,49,60,409 രൂപ 2021-22 സാമ്പത്തിക വർഷം വരെ പലിശ ബാധ്യത ഉണ്ട്. 2015 മാർച്ച് മാസം മുതൽ വായ്പ കരാറിൽ ഏർപ്പെട്ടതിനാൽ 2015-16 വർഷം മുതൽ തിരിച്ചടവ് നടത്തേണ്ടതുണ്ട്. അങ്ങനെ കണക്കാക്കിയാൽ 2022 ഫെബ്രുവരി മാസം 28ന് മുമ്പ് 7 ഗഡു മുതൽ തുകയും അത് വരെയുള്ള പലിശയും ഒടുക്കേണ്ടതുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം ആകെ വായ്പ തുക 10 തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഇങ്ങനെ കണക്കാക്കിയാൽ 2021-22 സാമ്പത്തിക വർഷം വരെ ₹ 1,85,43,000 (2,64,90,000/10x7) മുതൽ ഇനത്തിലും 12.5% സാധാരണ പലിശ നിരക്കിൽ പലിശയും ഒടുക്കേണ്ടതാണ്. സ.ഉ.(കൈ)നം.83/2013 ത.സ്വ.ഭ.വ തീയതി 11.03.2013 ലെ നിർദ്ദേശ പ്രകാരം മുതൽ തുക വികസന ഫണ്ടിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നുമാണ് ഒടുക്കേണ്ടത്.

സർക്കാർ നിർദ്ദേശം, ബാങ്കുമായുള്ള കരാർ എന്നിവ പ്രകാരം അതത് കാലയളവിൽ പലിശ ഒടുക്കിയിരുന്നുവെങ്കിൽ പലിശ ബാധ്യത കുറഞ്ഞ് വരുമായിരുന്നു. വികസന ഫണ്ടിൽ നിന്നും ഒടുക്കിയ മുതൽ തുക പലിശ ഉൾപ്പടെയുള്ള തിരിച്ചടവായാണ് ബാങ്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

ലോണിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/03/2022 വരെ 1,51,90,731 രൂപ പലിശയും ₹1,49,05,506 മുതൽ ഇനത്തിലും കൊള്ളിച്ചിട്ടുണ്ട്. യഥാസമയം വായ്പ തിരിച്ചടവ് നടത്താത്തതിനാൽ പിഴ പലിശ ഇനത്തിൽ 1,68,866 രൂപയും (പട്ടിക 5) ബാങ്ക് ഈടാക്കിയിട്ടുണ്ട്. വികസന ഫണ്ടുപയോഗിച്ച് 2,54,03,471 രൂപയും തനത് ഫണ്ട് ഉപയോഗിച്ച് 48,60,656 രൂപയും ബാങ്കിൽ ആകെ ഒടുക്കിയിട്ടുണ്ട്. 31/03/2022 വരെ 1,42,82,823 രൂപയാണ് ആകെ പലിശ ഇനത്തിൽ ഒടുക്കാനുണ്ടായിരുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് 31/03/2022 ന് വായ്പ മുതൽ 1,15,84,494രൂപ ഇനിയും തിരച്ചടക്കാൻ ബാക്കി നിൽക്കുന്നു. (2025 മാർച്ച് 19 നകം മുഴവൻ വായ്പ തുകയും തിരിച്ചടേക്കേണ്ടതാണ്.) എന്നാൽ വായ്പ തുകയുടെ 43% തുകയും (31/03/2022 ന് ബാക്കി തുക 1,15,84,494 രൂപ) തിരിച്ചടക്കാൻ ബാക്കിയാണ്. മൂന്ന് സാമ്പത്തിക വർഷം മാത്രമാണ് വായ്പ തിരിച്ചടവിന് ബാക്കി ലഭിക്കുന്നത്. 10 വർഷത്തിനകം തിരിച്ചടക്കേണ്ട വായ്പയുടെ 70% തിരച്ചടക്കേണ്ട സമയത്ത് 57% മുതൽ തുക മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. കൂടാതെ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ട പലിശ തുക കൃത്യമായി തിരിച്ചടച്ചിരുന്നുവെങ്കിൽ തിരിച്ചടവിനുള്ള ബാക്കി (2,64,90,000-2,54,03,471=) 10,86,529 രൂപ മാത്രമാണ് ഉണ്ടാവുമായിരുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പ്രകാരമുള്ള തിരിച്ചടവ് പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 2

| ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരം തിരിച്ചടവ് | | രജിസ്റ്റർ പ്രകാരം തിരിച്ചടവ് | |
|---|---|---|---|
| 31/03/2016 | 40,00,000 | 2015-16 | 40,00,000 |
| 06.06.2016 | 976 | | |
| 28/03/2017 | 14,53,471 | 2016-17 | 14,53,471 |
| 31/03/2018 | 40,00,000 | 2017-18 | 40,00,000 |
| 18/06/2018 | 30,00,000 | 2018-19 | 30,00,000 |

| | | | |
|---|---|---|---|
| 20/09/2019 | 40,00,000 | 2019-20 | 40,00,000 |
| | | 2020-21 | 68,61,679 (28,60,656 തനത് ഫണ്ടിൽ നിന്നും ഒടുക്കിയത്) |
| | | 2021-22 | 69,50,000 (20,00,000 തനത് ഫണ്ടിൽ നിന്നും ഒടുക്കിയത്) |
| 22/10/2020 | 5,84,248 | | |
| 22/10/2020 | 3,41,5752 | | |
| 20/11/2020 | 23,60,656 | | |
| 29/03/2021 | 5,00,000 | | |
| 21/10/2021 | 10,00,000 | | |
| 21/10/2021 | 35,66,514 | | |
| 21/10/2021 | 4,33,486 | | |
| 31/03/2022 | 10,00,000 | | |
| 22/06/2022 | 9,50,000 | | |
| ആകെ | 3,02,65,103 | | 3,02,65,150 |

ബാങ്ക് സ്റ്റേറ്റ്മെന്റും രജിസ്റ്ററും തമ്മിൽ ₹ 47/- ന്റെ വ്യത്യാസം ഉണ്ട്. ആയത് ലോൺ അടയ്ക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തുക ബാങ്കിന് കൈമാറിയ തീയതിമുതൽ ലോൺ അക്കൗണ്ടിലേക്ക് വകകൊള്ളിച്ച തീയതി വരെയുള്ള സേവിംഗ്സ് ബാങ്ക് പലിശ ₹ 976/- രജിസ്റ്ററിൽ ചേർക്കാത്തതും ലോൺ രജിസ്റ്ററിൽ 2020-21 വർഷത്തെ ലോൺ ഒടുക്ക് തുക രേഖപ്പെടുത്തിയതിൽ ₹1023/- അധികമായി ചേർത്തതുമാണ്.

<u>സർക്കാർ നിർദ്ദേശ പ്രകാരം 10 വർഷ ഗഡുക്കളായി മുതൽ ഭാഗവും ഒരോ വർഷത്തെയും പലിശയും അടച്ചിരുന്നുവെങ്കിൽ ഉണ്ടാവുമായിരുന്ന ബാധ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.</u>

<u>പട്ടിക 3</u>

| വർഷം | തൻവർഷം എടുത്ത വായ്പ തുക | ആകെ വായ്പ തുക(7+2) | തിരിച്ചടക്കേണ്ട ഗഡു തുക | തുല്യതവണ തിരിച്ചടച്ചിരുന്നുവെങ്കിലു നൽകേണ്ടി വരുമായിരുന്ന പലിശ ബാധ്യത | പലിശയിനത്തിൽ ബാങ്ക് കൊള്ളിച്ച തുക | തിരച്ചടക്കാൻ ബാക്കിയുള്ള തുക (3-4) | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | |
| 2015-16 | 19500000 | 19500000 | 1950000 | 1137749 | 1137749 | 17550000 | |
| 2016-17 | 6850000 | 24400000 | 2711111 | 3050000 | 2677044 | 21688889 | |
| 2017-18 | 140000 | 21828889 | 2728611 | 2728611 | 3071310 | 19100278 | |
| 2018-19 | | 19100278 | 2728611 | 2387535 | 2623562 | 16371667 | |
| 2019-20 | | 16371667 | 2728611 | 2046458 | 2366586 | 13643056 | 2024-25 വരെ തുല്യ |
| 2020-21 | | 13643056 | 2728611 | 1705382 | 1888877 | 10914445 | |

| | | | | | | |
|---|---|---|---|---|---|---|
| 2021-22 | | 10914445 | 2728611 | 1364306 | 1425603 | 8185834 |
| 2022-23 | | 8185834 | 2728611 | 1023229 | | 5457223 |
| 2023-24 | | 5457223 | 2728611 | 682153 | | 2728612 |
| 2024-25 | | 2728612 | 2728612 | 341076 | | 0 |
| ആകെ | 26490000 | | 26490000 | 16466499 | 15190731 | |

ഗഡുക്കളായി തുക ഒടുക്കിയിരുന്നവെങ്കിൽ ആകെ ഉണ്ടാകുമായിരുന്ന പലിശ ബാധ്യത 1,64,66,499 രൂപയാണ്. 2021-22 സാമ്പത്തിക വർഷം വരെ ബാങ്ക് വക കൊള്ളിച്ച പലിശ തുക 1,51,90,731 രൂപയാണ്. 2021-22 വരെ വരുമായിരുന്ന പലിശ ബാധ്യത 1,44,20,041 രൂപയാണ്. ആയത് പ്രകാരം പലിശ ഇനത്തിൽ 7,70,690 രൂപ അധികം വന്നിട്ടുണ്ട്. ബാങ്കുമായുള്ള കരാർ വ്യവസ്ഥ പ്രകാരം 13% ആണ് പലിശ നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് നൽകുന്ന വായ്പ സ്റ്റേറ്റ്മെന്റിൽ പലിശ ബാധ്യത കണക്കാക്കുന്നത് കൃത്യമായ ഇടവേളകളില്ലാത്തതിനാൽ ഇത് സംബന്ധിച്ച് സെക്രട്ടറിയോട് അന്വേഷിച്ചതിന്, ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ 12.5% നിരക്കിലാണ് പലിശ ഈടാക്കുന്നതെന്ന് ബാങ്ക് അറിയിച്ചതായി സെക്രട്ടറി ഓഡിറ്റ് വേളയിൽ നേരിൽ അറിയിച്ചിട്ടുണ്ട്.

വികസന ഫണ്ട് ഉപയോഗിച്ച് യഥാർത്ഥത്തിൽ അടച്ച തുകയും അതിന്റെ പലിശ ബാധ്യതയും കണക്കാക്കിയാൽ 2021-22 വർഷാവസാനം വരെ ഉണ്ടാകുന്ന പലിശ ബാധ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4

| വർഷം | മുൻബാക്കി | വായ്പ തുക | ആകെ മുതൽ | മുതൽ തിരിച്ചടവ് | മുതൽ ബാക്കി | നൽകേണ്ടിയിരുന്ന പലിശ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2015-16 | 0 | 1,95,00,000 | 1,95,00,000 | 4,000,000 | 1,55,00,000 | 11,37,749 |
| 2016-17 | 1,55,00,000 | 68,50,000 | 2,23,50,000 | 1,453,471 | 2,08,96,529 | 27,93,750 |
| 2017-18 | 2,08,96,529 | 1,40,000 | 2,10,36,529 | 4,000,000 | 1,70,36,529 | 26,29,566 |
| 2018-19 | 1,70,36,529 | | 1,70,36,529 | 3,000,000 | 1,40,36,529 | 21,29,566 |
| 2019-20 | 1,40,36,529 | | 1,40,36,529 | 4,000,000 | 1,00,36,529 | 17,54,566 |
| 2020-21 | 1,00,36,529 | | 1,00,36,529 | 4,000,000 | 60,36,529 | 12,54,566 |
| 2021-22 | 60,36,529 | | 60,36,529 | 4,950,000 | 10,86,529 | 7,54,566 |
| ആകെ | | 2,64,90,000 | | 25403471 | | 1,24,54,330 |

മേൽ പ്രകാരം കണക്കാമ്പോൾ 2736401 (15190731 – 12454330) രൂപ പലിശ ഇനത്തിൽ 31.03.2022 വരെ അധികം നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥകളുടെയും സർക്കാർ ഉത്തരവും പ്രകാരം ഓരോ വർഷവും പലിശ ബാധ്യത കണക്കാക്കി തുക വകയിരുത്തി ഒടുക്കാത്തതിനാൽ മേൽ പ്രകാരം അധിക ബാധ്യത ഉണ്ടായി. കൂടാതെ തനത് ഫണ്ട് ഉപയോഗിച്ച് പലിശ ഒടുക്കാത്തതിനാൽ വികസന ഫണ്ട് ഉപയോഗിച്ച് മുതൽ ഭാഗത്തിൽ ഒടുക്കിയ തുക വായ്പ നൽകിയ ബാങ്ക് പലിശയിലേക്ക് വകയിരുത്തി. തൻമൂലം നിലവിലും (31.03.2022ലും) 1,15,84,494 രൂപ വായ്പ തിരിച്ചടവ് ബാധ്യത ആയിരിക്കുകയാണ്.

2021-22വരെ വകയിരുത്തി തിരിച്ചടവ് നടത്തിയ വികസന ഫണ്ട് 25403471 രൂപയാണ്. ഇനി വികസന ഫണ്ട് ഉപയോഗിച്ച് തിരിച്ചടവ് നടത്താൻ സാധിക്കുന്ന തുക (2,64,90,000-2,54,03,471=) 1,086,529 രൂപ മാത്രമാണ്. കൂടാതെ നാളിതുവരെയുള്ള (31.03.2022 വരെ) പലിശ ബാധ്യത 12,454,330 രൂപ മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഈ തുകയിൽ നിന്നും തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 48,60,656 രൂപയും ബാങ്ക് വരവ് വെച്ച് നൽകിയ 976രൂപയും കിഴിച്ച് ( 1,24,54,330- 48,60,656-976 ) 75,92,698 രൂപ കൂടി മാത്രമേ തനത് ഫണ്ട് ഉപയോഗിച്ച് 31/03/2022 വരെയുള്ള പലിശ ഒടുക്കുന്നതിന് വിനിയോഗിക്കാൻ പാടുള്ളൂ. 31/03/2022 വരെ അധികമായി ഒടുക്കേണ്ടി വന്ന പലിശ (1,51,90,731 - 1,24,54,330) 27,36,401 രൂപയാണ്.

വികസന ഫണ്ട് പലിശയുടെ തിരിച്ചടവിനും വിനിയോഗിക്കപ്പെടുന്നു .

നാളിതുവരെ വികസനഫണ്ടിൽ ഉപോയഗിച്ച് 25403471 രൂപ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. വികസന ഫണ്ട് വായ്പയുടെ 'മുതൽ' തിരിച്ചടവ് നടത്തുന്നതിന് മാത്രമെ ഉപയോഗിക്കാവൂ എന്നതിനാൽ തന്നെ ആകെ എടുത്ത വായ്പ തുകയായ 26490000 രൂപയിൽ 25403471 രൂപ വികസന ഫണ്ടിൽ നിന്നും തിരിച്ചടച്ചതിനാൽ ഇനി വികസന ഫണ്ടിൽ നിന്നും 1,086,529 രൂപ മാത്രമെ ഈ ആവശ്യത്തിന് വിനിയോഗിക്കാൻ അനുമതിയുള്ളൂ. പഞ്ചായത്ത് അടക്കുന്ന മുതൽ തുക പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള തുകയിൽ വകയിരുത്തി നീക്കിബാക്കി

കാണിക്കുകയാണ് ബാങ്ക് നൽകുന്ന ലോൺ പത്രികയിൽ ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ വസതി വായ്പ തിരിച്ചടവ് നടത്തുന്നതിനായി 50,00,000 രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അധിക തുക വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

യഥാസമയം ലോൺ തുക, പലിശ എന്നിവ ഒടുക്കാത്തതിനാൽ 168866 രൂപ പിഴ പലിശ ഒടുക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 5

| തീയതി | തുക |
|---|---:|
| 19/3/16 | 3,295 |
| 25/3/17 | 3,580 |
| 31/3/17 | 850 |
| 29/4/17 | 4,228 |
| 31/5/17 | 4,369 |
| 30/6/17 | 4,228 |
| 31/7/17 | 4,369 |
| 31/8/17 | 4,369 |
| 28/9/17 | 4,228 |
| 21/2/18 | 21,280 |
| 31/3/18 | 8,808 |
| 28/2/19 | 29,292 |
| 30/3/19 | 6,222 |
| 26/2/21 | 6,518 |
| 31/3/21 | 6,629 |

| | |
|---|---|
| 15/9/21 | 32,636 |
| 20/10/21 | 6,840 |
| 20/10/21 | 243 |
| 22/10/21 | 16,882 |
| ആകെ | 1,68,866 |

യഥാസമയം തുക ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിമാരിൽ നിന്നും മേൽ തുക ₹1,68,866/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാക്കിയ സെക്രട്ടറിമാരുടെ സ്ഥിരം മേൽ വിലാസവും നിലവിലെ ഔദ്യോഗിക മേൽ വിലാസവും അറിയിക്കേണ്ടതാണ്.

2021-22വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം 6,457,907 രൂപ കമ്മി ആണ്. തനത് വരുമാനയിനത്തിൽ ലഭിക്കേണ്ടതായ തുകകൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയും വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതും ഇത്തരത്തിലുള്ള വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നതിന് കാരണമാകുന്നു.

2013-14 സാമ്പത്തികവർഷം മുതലുള്ള ഗ്രാമ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സാമ്പത്തിക സ്ഥിതി, ബാലൻഷീറ്റ് ബി-16 ഷെഡ്യൂളിലെ തുക , തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതി ചെലവ് എന്നിവ താഴെ ചേർക്കുന്നു.

പട്ടിക 6

| വർഷം | തുക | ആകെ മിച്ചം/ കമ്മി | | ബി 16 ഷെഡ്യൂൾ പ്രകാരമുള്ള തുക | തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിക്കുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2013-14 | 5442304 | മിച്ചം | | 24577600 | |
| 2014-15 | 3584904 | മിച്ചം | | 14277600 | |
| 2015-16 | 5799936 | മിച്ചം | | 8588400 | 10128654 |
| 2016-17 | 10597752 | മിച്ചം | | 12234929 | 3805317 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2017-18 | 21644855 | മിച്ചം | | 6484929 | 3806508 |
| 2018-19 | 21948970 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 23573660 | 8601241 |
| 2019-20 | 4912972 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 32835512 | 10597222 |
| 2020-21 | 763743 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 16459553 | 18467875 |
| 2021-22 | 371435 | കമ്മി | | -2288000 | 26797463 |

കൂടാതെ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് തദ്ദേശ സ്ഥാപനം എടുക്കുന്ന വായ്പ തുക ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനാണ് വിനിയോഗിക്കുന്നത്. ഇത് യഥാർത്ഥത്തിൽ റവന്യൂ ചെലവാണെന്നിരിക്കെ ഈ ചെലവുകൾ വാർഷിക കണക്കുകളിൽ 'ബി 16' ഷെഡ്യൂളുകളിൽ Prepaid Programme Expenses 440500101 എന്ന ഹെഡ്ഡിൽ ആസ്തിയായി ഉൾപ്പെടുത്തുന്നു. ഇത്തരം ഒരു ആസ്തി ഗ്രാമ പഞ്ചായത്തിന് സൃഷ്ടിക്കപ്പെടുന്നില്ല എന്നിരിക്കെ ഈ രീതിയിൽ കണക്കുകൾ രേഖപ്പെടുത്തുന്നത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്നുമില്ല. കൃത്യമായ രേഖകളില്ലാത്തതിനാൽ I-18, B-16 എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന സാധ്യമല്ല

ട്രഷറിയിൽ നിന്നും വായ്പ തിരിച്ചടവിനായി പിൻവലിക്കുന്ന തുക യഥാസമയം വായ്പ അക്കൗണ്ടിലേക്ക് വകയിരുത്താത്തതിനാൽ അധിക പലിശക്ക് കാരണമായിട്ടുണ്ട്.

വയനാട് ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായ വായ്പ (വസതി വായ്പ നം.130066035720001) തിരിച്ചടവ് തുക ,ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിക്കുന്നത്, പ്രസ്തുത ബാങ്കിൽ തന്നെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള 130061201020022 നമ്പർ അക്കൗണ്ടിലാണ്. തുടർന്ന് ബാങ്കിനെ വിവരമറിയിക്കുന്ന മുറയ്ക്ക് തുക വായ്പയിലേക്ക് വകയിരുത്തുകയും ചെയ്യുന്നു. തൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക യഥാസമയം വായ്പ അക്കൗണ്ടിലേക്ക് വരവ് രേഖപ്പെടുത്താത്തതിനാൽ അധിക പലിശ ഒടുക്കുന്നതിന് കാരണമായിട്ടുണ്ട്.

BRN നം.21180852005300463024 പണമാക്കിയ തീയതി11/10/2021 തുക 40,00,000

മേൽ തുക വായ്പയിലേക്ക് വരവ് വെച്ചത് 21/10/2021 ആണ് ഈ ബില്ല് പ്രകാരം അധിക പലിശ ബാധ്യത 13,699 രൂപയാണ്. (4000,000x12.5/100x10/365)

BRN നം.21180852005301519635 പണമാക്കിയ തീയതി 30/03/2022 തുക 9,50,000

മേൽ തുക വായ്പയിലേക്ക് വരവ് വെച്ചത് 25/06/2022 ആണ് ഈ ബില്ല് പ്രകാരം അധിക പലിശ ബാധ്യത 28,630 രൂപയാണ്. (950,000x12.5/100x88/365)

വായ്പ നൽകിയ വയനാട് ജില്ലാ സഹകരണ ബാങ്കുമായി ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും

അതത് വർഷത്തെ പലിശ ബാധ്യത പൂർണ്ണമായും അടച്ച് തീർക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ പലിശ തിരിച്ചടവ് നടത്തുന്നതിനായി തുക വകയിരുത്തുകയോ തനത് ഫണ്ട് ഉപയോഗിച്ച് തിരച്ചടവ് നടത്തുകയോ ചെയ്തിട്ടില്ല. വായ്പ പലിശ തിരിച്ചടവ് യഥാസമയം നടത്തിയിരുന്നുവെങ്കിൽ 1,24,54,330 (പട്ടിക 4) രൂപയാണ് പലിശ ബാധ്യത ഉണ്ടാവുമായിരുന്നുള്ളൂ. എന്നാൽ 31/03/2022 തീയതി വരെ 15190731 രൂപ (പട്ടിക 3 കോളം) പലിശ ഇനത്തിൽ മാത്രം ഒടുക്കിയിട്ടുണ്ട്. 31/03/2022 വരെ മാത്രം 2736401 രൂപ (1,51,90,731-1,24,54,330) അധിക പലിശ വന്നിട്ടുണ്ട്. നാളിതുവരെ തനത് ഫണ്ടിൽ നിന്നും പലിശ ഒടുക്കുന്നതിനായി വിനിയോഗിച്ചത് 48,60,656 രൂപ (പട്ടിക1 കോളം 5) മാത്രമാണ്. കൂടാതെ പലിശയിനത്തിൽ വരവായി ക്രെഡിറ്റ് നൽകിയ തുക 976രൂപയും (പട്ടിക 2) ഉണ്ട്. ഈ സാഹചര്യത്തിൽ പലിശ ഒടുക്കുന്നതിനായി ഇനി തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നത് (1,24,54,330-48,60,656-976) 75,92,698 രൂപ മാത്രമാണ്. വികസന ഫണ്ട് ഉപയോഗിച്ച വായ്പ മുതൽ തിരിച്ചടവിനായി ഇനി വിനിയോഗിക്കാൻ സാധിക്കുന്ന തുക 10,86,529 രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 5000000 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ബാങ്ക് നൽകിയ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2022 വരെ ആകെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 1,15,84,494രൂപയാണ്. ഇതിൽ വികസന ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് ഒടുക്കാവുന്ന ആകെ തുക (10,86,529+75,92,698) 86,79,227 രൂപ. 31-3-2022 ൽ ബാങ്ക് പത്രിക പ്രകാരം അടക്കാനുള്ള ബാക്കി തുക 1,15,84,494/- രൂപയിൽ നിന്നും മേൽ തുക 86,79,227 രൂപ കിഴിച്ചാൽ 29,05,267 രൂപ അധിക ബാധ്യതക്ക് കാരണമായത് യഥാ സമയം പലിശ തിരിച്ചക്കാത്തതിനാലാണ്. ഈ തുക പട്ടിക 4 ന് ശേഷം വിശദമാക്കിയ പ്രകാരം പലിശയിനത്തിലെ അധിക ബാധ്യത 27,36,401 രൂപയും പിഴ പലിശയിനത്തിൽ നൽകേണ്ടിവന്ന 1,68,866 രൂപയും ചേർന്നതുകയാണ്. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ഉണ്ടായ അധിക ബാധ്യത ₹29,05,267 രൂപ (അതോടൊപ്പം 2022-23 വർഷവും തുടർന്നും അധികമായി അടക്കേണ്ടിവരുന്ന പലിശയുംകൂടെ ). 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ പലിശയുടെ കണക്കുകൾ തയ്യാറാക്കി തുക തിരിച്ചടക്കാതിരുന്ന സെക്ഷൻ ക്ലർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആകെ അധിക ചെലവ് ( 27,36,401 + 1,68,866) 29,05,267 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(A) വായ്പ തിരിച്ചടവിനായി പിൻവലിച്ച തുക വായ്പാ കണക്കിൽ വരവ് വെച്ചിട്ടില്ല.

വായ്പ തിരിച്ചടവിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കാനറ ബാങ്ക് പനമരം ശാഖയിലെ 0856101061406 നമ്പർ അക്കൗണ്ടിൽ നിന്നും 20.10.2021 തീയതിയിൽ വൗച്ചർ നം.22100102 പ്രകാരം 10,00,000 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും (ചെക്ക് നം. 493847 തീയതി 20.10.2021) ആയത് വായ്പ അനുവദിച്ച ലോൺ അക്കൗണ്ടിലേക്ക് വരവ് വന്നതായി കാണുന്നില്ല.

| | |
|---|---|
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2021 ന് മുൻബാക്കി | 1,60,52,290 |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ കൂട്ടിയ പലിശ, പിഴപലിശ | 14,82,204 |
| ആകെ | 1,75,34,494 |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ തിരിച്ചടവ് വന്ന തുക | 59,50,000* |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022 ന് നീക്കിബാക്കി തുക | 1,15,84,494 |

(*വാർഷിക കണക്കുകൾ പ്രകാരം പട്ടികകൾ ഒന്ന്, രണ്ട് എന്നിവയിൽ പരാമർശിക്കുംപ്രകാരം ₹69,50,000/- തിരിച്ചടവ് വരുത്തിയതായാണ് രേഖകൾ.)

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വായ്പ തിരിച്ചടവിന് വേണ്ടി പിൻവലിച്ച തുക പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാതിരുന്ന നടപടി ഗുരുതരമായി കാണുന്നു. മേൽ തുകയുടെ വിനിയോഗം സംബന്ധിച്ച

രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ശുപാർശ ചെയ്യുന്നു. തുക പിൻവലിച്ച് യഥാ ആവശ്യത്തിന് വിനിയോഗിക്കാതിരിക്കുകയും കൃത്യമായ രേഖകൾ ഹാജരാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 10,00,000 രൂപ ഉത്തരവാദിയിൽ നിന്നും പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വായ്പ രജിസ്റ്റർ പ്രകാരം തനത് ഫണ്ടിൽ നിന്നും ആകെ 48,60,656 രൂപ വായ്പ പലിശ തിരിച്ചടവിന് വിനിയോഗിച്ചിട്ടുണ്ടെങ്കിലും മേൽ വൗച്ചർ പ്രകാരമുള്ള 10,00,000രൂപ വായ്പ തിരിച്ചടവിന് വിനിയോഗിക്കാത്തതിനാൽ 38,60,656 രൂപ മാത്രമാണ് തിരിച്ചടവിനായി യഥാർഥത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ളു എന്ന് കാണുന്നു.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/03.11.2022 ) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അധിക പലിശ, പിഴപലിശ, ബാധ്യത സംഭവിക്കാൻ കാരണക്കാരായ (2015-16 സാമ്പത്തിക വർഷം മുതൽ 2021-22 വരെയുള്ള) സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക്, ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരുടെ പേരും നിലവിലെ ഔദ്യോഗിക മേൽവിലാസം , സ്ഥിരം മേൽവിലാസം കാലയളവ് എന്നിവ നൽകേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി, ആസ്തി ബാധ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തിട്ടപ്പെടുത്തുന്നില്ല. ബാധ്യത സംബന്ധിച്ച കണക്കുകൾ കൃത്യമായി വിശകലനം നടത്തി ആയത് പ്രകാരം ലോൺ തിരിച്ചടവ് നടത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിനാലും വായ്പ തിരിച്ചടവിന് തുക വകയിരുത്തുന്നതിലെ ആസൂത്രണത്തിലുള്ള പിഴവുമാണ് മേൽ പ്രകാരമുള്ള സ്ഥിതി വിശേഷത്തിലേക്കെത്തിച്ചത്. വായ്പ തിരിച്ചടവ് സംബന്ധിച്ച് വായ്പ അനുമതി നൽകുന്ന സർക്കാർ ഉത്തരവുകളിൽ തന്നെ വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിൽ ഗുരുതര വീഴ്ചയാണ് ഓരോ കാലഘട്ടത്തിലും ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. മേൽ വായ്പ തിരിച്ചടവ് യഥാസമയം പൂർത്തിയാക്കാതിരുന്നാൽ ആയത് അടച്ച് തീരുന്നത് വരെ മേൽ ഖണ്ഡികകളിൽ പരാമർശിച്ച പ്രകാരമുള്ള നഷ്ടം തുടരുന്നതാണ്. ആയതിനാൽ തന്നെ ഉദ്യോഗസ്ഥതലത്തിലുള്ള കെടുകാര്യസ്ഥത മൂലം ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാക്കാൻ കാരണക്കാരായിട്ടുള്ളതും നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയവരുമായ സെക്ഷൻ ചുമതലക്കാരായ ഉദ്യോഗസ്ഥർ, മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ, സെക്രട്ടറിമാർ എന്നിവരിൽ നിന്നും തുക 29,05,267/- രൂപയും പഞ്ചായത്തിൽ നിന്നും പിൻവലിച്ച് വായ്പകണക്കിൽ ഒടുക്കാതിരുന്ന 10,00,000/- രൂപയും ഈടാക്കി അറിയിക്കേണ്ടതാണ്.

ഗൗരവതരമായ ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-25 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- അധിക തുക ചെലവഴിച്ചു

പ്രോജക്റ്റ് നമ്പർ 479/22 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം

നിർവ്വഹണം. -വെറ്ററിനറി സർജൻ,

അടങ്കൽ 18,45,000രൂപ (ടി.എസ്.പി)

ചെലവ് 16,61,600 രൂപ (4,34,500 രൂപ 2022-23 ലാണ് നൽകിയത്)

| ക്രമനം | ബിൽ നം/തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 21180800000012648/23-3-2022 | 4,19,300 രൂപ ( 28 എണ്ണത്തിന്റെ വില) |
| 2 | 21180800000012722/24-3-2022 | 4,34,000 രൂപ ( 29 എണ്ണത്തിന്റെ വില) |
| 3 | 21180800000013076/30-3-2022 | 3,73,800 രൂപ ( 25 എണ്ണത്തിന്റെ വില) |
| 4 | 21180800000000970/6-5-2022 | 4,34,500 രൂപ ( 29 എണ്ണത്തിന്റെ വില) |

2021 -22 ൽ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 479/22 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- എന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പട്ടികവർഗ്ഗക്കാർക്ക് 123 പോത്തുകളെ വിതരണം ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. വിതരണം ചെയ്യേണ്ട പോത്തുകുട്ടികളെ എവിടെ നിന്ന്,ആരിൽ നിന്ന്,എങ്ങനെ വാങ്ങും എന്നത് സംബന്ധിച്ച വിവരങ്ങൾ പദ്ധതി രേഖയിൽ ചേർത്തിട്ടില്ല.

2. പോത്ത് വിതരണത്തിന് 18,45,000രൂപ വകയിരുത്തിയ പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ വിളിക്കാതെ വിതരണചുമതല സ്വകാര്യ വ്യക്തിയെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ വിളിച്ചാൽ നിരക്ക് കുറയുമെന്നിരിക്കെ ടെണ്ടർ വിളിക്കാതെ,സ്വകാര്യ വ്യക്തിയെ പദ്ധതി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

3. 25-11-2021 ന് മൃഗാശുപത്രിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ വച്ച് 5 പേരെ പർച്ചേസിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കുകയും, 26-11-21 ൽ കൂടിയ യോഗം, പോത്തുകുട്ടികളെ ലഭ്യമാക്കാൻ താല്പര്യമുള്ളവരെ കണ്ടെത്താൻ കൺവീനറായ വെറ്ററിനറി സർജനെ ചുമതലപ്പെടുത്തുകയും ചെയ്തു.ശ്രീ അയ്യപ്പൻ കൽപ്പറ്റ എന്നയാൾ പോത്തുകളെ വിതരണം ചെയ്യാമെന്ന് സമ്മതിച്ചുവെന്നും, ബ്രമ്മഗിരി സൊസൈറ്റി 3/2022 നകം വിതരണം ചെയ്യാൻ കഴിയില്ലായെന്ന് അറിയിച്ചുവെന്നും 31-12-2021 ലെ മീറ്റിംഗ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 10-1-2022 ലെ മീറ്റിംഗിൽ 5-1-2022 ൽ അയ്യപ്പൻ നൽകിയ കത്ത് ചർച്ച ചെയ്ത് ടിയാനെ ഒഴിവാക്കാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും,എന്താണ് കത്തിൽ രേഖപ്പെടുത്തിയിരുന്നതെന്ന് മിനിട്ട്സിൽ രേഖപ്പെടുത്തുകയോ, കത്ത് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് 20-1-2022 ൽ കൂടിയ കമ്മിറ്റി, ശ്രീ സജീർ തറക്കൽ,പുൽപ്പള്ളി എന്നയാളെ പോത്തുവിതരണത്തിനായി തെരഞ്ഞെടുക്കുകയും,ഈ വിവരം പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ശ്രീ സജീർ ക്വാട്ട് ചെയ്ത നിരക്ക്, എപ്രകാരം വിതരണം ചെയ്യും തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സജീറിനെ പോത്തുവിതരണത്തിനായി തെരഞ്ഞെടുത്ത കാര്യവും,നിരക്കും,പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതായും കാണുന്നില്ല.

4. സ.ഉ(കൈ) നം22/2018 /ത.സ്വ ഭ വ തിയതി 14-2-2018പ്രകാരമുള്ള 2021-22 വരെ ബാധകമായ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.2 പ്രകാരം പട്ടികജാതിക്കാർക്ക് 100 ശതമാനം സബ്സിഡി നിരക്കിൽ പോത്തുകുട്ടികളെ (പോത്തുകളെ വിതരണം ചെയ്യാൻ അനുമതിയില്ല) വിതരണം ചെയ്യാമെന്നും, ഇതിന്റെ വില ജില്ലാതലത്തിൽ തീരുമാനിക്കുമെന്നുമാണ്. മൃഗ സംരക്ഷണവകുപ്പ് വയനാട് ജില്ലാ തല സമിതി 2021 വർഷത്തേക്കുള്ള പോത്തുകുട്ടികളുടെ യൂണിറ്റ് കോസ്റ്റായി 10,000 രൂപ മുതൽ 12,000 രൂപ വരെയാണ് നിശ്ചയിച്ചിരിക്കുന്നത്.

5. ഈ പദ്ധതി പ്രകാരം 111 പോത്തുകുട്ടികളെ വിതരണം ചെയ്തിന്റെ രേഖകളാണ് ഹാജരാക്കിയിരിക്കുന്നത്. 23-3-2022 ൽ 28 പോത്തുകളുടെ വിലയായി 419300 രൂപയും,24-3-2022 ൽ 29 പോത്തുകളുടെ വിലയായി 434000 രൂപയും,30-3-2022ൽ 25 പോത്തുകളുടെ വിലയായി 373800 രൂപയും, 6-5-2022 ൽ 29 പോത്തുകളുടെ വിലയായി 434500 രൂപയും ഉൾപ്പെടെ 16,61,600 രൂപ സജീറിന് നൽകിയതായിട്ടാണ് കാണുന്നത്. ഓരോ ബില്ലുകൾ പ്രകാരവും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത് എന്നതിന്റെ ലിസ്റ്റ് ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല,പദ്ധതി മാർഗ്ഗ രേഖപ്രകാരം 111 പോത്തുകുട്ടികൾക്ക് പരമാവധി നൽകാവുന്നത് 13,32,000രൂപയാണ്(12,000x111). എന്നാൽ ഈ പദ്ധതി പ്രകാരം 111 പോത്തുകുട്ടികൾക്കായി പദ്ധതി മാർഗ്ഗ രേഖപ്രകാരം ചെലവഴിക്കാവുന്നതിൽ കൂടുതലായി 3,29,600 രൂപ ( 16,61,600-13,32,000) അധികം ചെലവഴിച്ചിട്ടുണ്ട്.

6. ശ്രീ സജീർ കിലോയ്ക്ക് 120 രൂപ നിരക്കിൽ പോത്തുകളെ വിതരണം ചെയ്യാമെന്ന് പറയുന്ന കത്ത് ഹാജരാക്കിയെങ്കിലും, വിതരണം ചെയ്ത ഓരോ പോത്തുകളുടെയും തൂക്കം രേഖപ്പെടുത്തിയ ലിസ്റ്റ് ഫയലിൽ സൂക്ഷിക്കുകയോ, ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

7. 111 പോത്തുകുട്ടികളെ വിതരണം ചെയ്തുവെങ്കിലും, 45 പോത്തുകളെ 15,000 രൂപയ്ക്ക് വീതം ഇൻഷ്വർ ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയത്. ഈ പോത്തുകളുടെ പ്രായം 3 വയസ്സ് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

8. ഈ പദ്ധതി പ്രകാരമുള്ള പോത്തുകുട്ടികളെ എന്നാണ് വിതരണം ചെയ്തതെന്നോ,ഗുണഭോക്താക്കൾ എന്നാണ് ഇവയെ കൈപ്പറ്റിയതെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതെല്ലാം സൂചിപ്പിക്കുന്ന പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9. ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ

സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.
മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് രേഖകളും,മറുപടിയും നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നില്ലായെങ്കിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്നും,ഒന്നും ബോധിപ്പിയ്ക്കാനില്ലായെന്നും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8/2021-22/ 3-11-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അതിനാൽ തൻവർഷം 82 പോത്തുകുട്ടികൾക്കായി ചെലവഴിച്ച 12,27,100 രൂപയിൽ മൃഗ സംരക്ഷണവകുപ്പ് വയനാട് ജില്ലാ തല സമിതി 2021 വർഷത്തേക്കുള്ള പോത്തുകുട്ടികളുടെ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ച പരമാവധി 12,000 രൂപ പ്രകാരം 82 പോത്തുകുട്ടികളുടെ വിലയായ 9,84,000 രൂപ (12,000x82) കഴിച്ച് അധികം ചെലവഴിച്ച 2,43,100 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതോടൊപ്പം മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 9,84,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-26 കൃഷി ഓഫീസറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം,രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

നിരവധിതവണ ആവശ്യപ്പെട്ടതിനു ശേഷമാണ് കൃഷി ഓഫീസർ ക്യാഷ് ബുക്കും, പ്രോജക്ട് ഫയലുകളും ഓഡിറ്റിനായി ഹാജരാക്കിയത്, ഹാജരാക്കിയതാകട്ടെ അപൂർണ്ണമായ ഫയലുകളും. കൃഷി ഓഫീസറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥൻ നിലവിൽ രണ്ടു ക്യാഷ് ബുക്കുകൾ സൂക്ഷിയ്ക്കുന്നുണ്ട്.ഒന്ന് സ്വന്തം ഓഫീസിനുവേണ്ടിയും,മറ്റൊന്ന് പഞ്ചായത്തിന് വേണ്ടിയും, ഓഡിറ്റിന് ഹാജരാക്കിയ ക്യാഷ് ബുക്കിൽ വരവ് ഭാഗത്തും,ചെലവ് ഭാഗത്തും തുകകൾ ചേർക്കുന്നുണ്ടെങ്കിലും, ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. ഈ തുകകൾ എന്തിനുവേണ്ടി പിൻവലിച്ചുവെന്നോ, ആർക്ക് നൽകിയെന്നോ രേഖപ്പെടുത്തുന്നില്ല.

2. നിർവ്വഹണോദ്യോഗസ്ഥൻ വിവിധ പദ്ധതികൾ പ്രകാരമുള്ള ഗുണഭോക്തൃവിഹിതം മാനുവൽ രസീതു നൽകി പിരിച്ചെടുക്കുന്നുണ്ടെങ്കിലും,ഏത് പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃവിഹിതമാണ് എന്ന് രേഖപ്പെടുത്തുന്നില്ല,ആളുടെ പേര് മാത്രമാണ് രേഖപ്പെടുത്തുന്നത്. ഓരോ പദ്ധതി പ്രകാരവും ആകെ എത്ര ഗുണഭോക്തൃവിഹിതം പിരിച്ചെന്നോ,ആരെല്ലാമാണ് ഒടുക്കിയതെന്നോയുള്ള വിവരങ്ങൾ ഫയലിലും,രജിസ്റ്ററുകളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. 2021-22 ൽ ബില്ലുകൾ പ്രകാരം തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച എല്ലാ തുകകളുടെയും വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഓരോ പദ്ധതികൾ പ്രകാരവും,ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്നതിന്റെ വിവരങ്ങളും ഫയലിൽ സൂക്ഷിക്കുന്നില്ല.

5. ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 രേഖകൾ ഹാജരാക്കിയില്ല, 32,84,330രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2021-22 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ നടീൽ വസ്തുക്കൾ,വെർമി കമ്പോസ്റ്റ് തുടങ്ങിയവ വാങ്ങിയതിന്റെ ബില്ലുകൾ, തുക അനുവദിച്ചതിന്റെ ബില്ലുകൾ എന്നിവ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. എല്ലാ വസ്തുക്കളും കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ആന്റ് അഗ്രികൾച്ചറൽ പ്രോഡ്യൂസേഴ്സ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പനമരം,എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതായിട്ടാണ് കാണുന്നത്. വസ്തുക്കൾഎന്നു ലഭിച്ചു,ആർക്കെല്ലാം വിതരണം ചെയ്തു, എന്ന് വിതരണം ചെയ്തു, ഏതളവിൽ വിതരണം ചെയ്തു തുടങ്ങിയ വിശദാംശങ്ങൾ ,ഗുണഭോക്താക്കളുടെ അപേക്ഷകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 117/22 കവുങ്ങ് കർഷകർക്ക് മണ്ണിരവളം,കുമ്മായം വിതരണം-ജനറൽ അടങ്കൽ 10,00,000

ചെലവ് 6,78,731രൂപ

ബിൽ നം 21180852001901486336/26-3-2022 4,55,544 രൂപ

ബിൽ നം 21180852001901500235/27-3-2022 2.23,187 രൂപ

ഗ്രാമപഞ്ചായത്തിലുള്ള 23 വാർഡുകളിലെ കുരുമുളക് സംരക്ഷണസമിതികൾ 25-3-2022,26-3-2022 എന്നീ തിയതികളിലായി 9,04,975.4 രൂപയുടെ കമ്പോസ്റ്റ് വളം(45248.54 കിലോ 20 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകളാണ് ഫയലിലുള്ളത് .25ശതമാനം തുക ഗുണഭോക്തൃവിഹിതമായി ഒടുക്കിയതിന് ശേഷമുള്ള 6,78,731രൂപയാണ് അനുവദിച്ചിരിക്കുന്നത്.

2. പ്രോജക്ട് നമ്പർ 93/22 കേരകർഷകർക്ക് കുമ്മായവും,സമ്പുഷ്ടീകൃത മണ്ണിരകമ്പോസ്റ്റ് വിതരണം-ജനറൽ അടങ്കൽ 10,00,000

ചെലവ് 7,42,894രൂപ

ബിൽ നം 21180852001901486324/26-3-2022 = 5,28,486 രൂപ

ബിൽ നം 21180852001901500239/27-3-2022 = 2,14,408 രൂപ

ഗ്രാമപഞ്ചായത്തിലുള്ള 23 വാർഡുകളിലെ കുരുമുളക് സംരക്ഷണസമിതികൾ 25-3-2022, ൽ 9,90,526 രൂപയുടെ കമ്പോസ്റ്റ് വളം(49526.3 കിലോ 20 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകളാണ് ഫയലിലുള്ളത് .25ശതമാനം തുക ഗുണഭോക്തൃവിഹിതമായി ഒടുക്കിയതിന് ശേഷമുള്ള 7,42,894രൂപയാണ് അനുവദിച്ചിരിക്കുന്നത്.

3. പ്രോജക്ട് നമ്പർ 114/22 അടുക്കളത്തോട്ടപച്ചക്കറി കൃഷി-ജനറൽ അടങ്കൽ 15,00,000

ചെലവ് 15,00,000 രൂപ

ബിൽ നം 21180852001901474996/26-3-2022 12,50,000 രൂപ

ബിൽ നം 21180852001901500235/27-3-2022 2,50,000 രൂപ

ഗ്രാമപഞ്ചായത്തിലുള്ള 23 വാർഡുകളിലെ ADS സെക്രട്ടറിമാർ 26-2-2022, ൽ 20,00,000 രൂപയുടെ കമ്പോസ്റ്റ് വളം(1,00,000 കിലോ 20 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകളാണ് ഫയലിലുള്ളത് .25ശതമാനം തുക ഗുണഭോക്തൃവിഹിതമായി ഒടുക്കിയതിന് ശേഷമുള്ള 15,00,000രൂപയാണ് അനുവദിച്ചിരിക്കുന്നത്.

4. പ്രോജക്ട് നമ്പർ 298/22 ഭക്ഷ്യസുരക്ഷ വീട്ടമ്മയ്ക്കൊരു കൈത്താങ്ങ് -ജനറൽ അടങ്കൽ 5,00,000

ചെലവ് 3,62,705രൂപ

ബിൽ നം 21180852001900328014/18-8-2021 3,62,705 രൂപ

ഗ്രാമപഞ്ചായത്തിലുള്ള 23 വാർഡുകളിലെ ADS സെക്രട്ടറിമാർ 27-3-2022, ൽ 4,83,606.60 രൂപയുടെ കമ്പോസ്റ്റ് വളം(26867.02 കിലോ 20 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകളാണ് ഫയലിലുള്ളത്. 25ശതമാനം തുക ഗുണഭോക്തൃവിഹിതമായി ഒടുക്കിയതിന് ശേഷമുള്ള 3,62,705രൂപയാണ് അനുവദിച്ചിരിക്കുന്നത്.

ഈ പദ്ധതികൾ പ്രകാരമുള്ള വസ്തുക്കൾ കൈപ്പറ്റിയ കുരുമുളക് സംരക്ഷണസമിതി സെക്രട്ടറിമാർ, ADS സെക്രട്ടറിമാർ ഇത് എന്നാണ് വിതരണം ചെയ്തതെന്നോ,ആർക്കെല്ലാം,എത്രയളവിൽ വിതരണം ചെയ്തു,ഗുണഭോക്താക്കൾ എന്നാണ് ഇവ കൈപ്പറ്റിയതെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതെല്ലാം സൂചിപ്പിക്കുന്ന പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതികൾ മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സൊസൈറ്റി എത്തിച്ച നൽകിയ കമ്പോസ്റ്റിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളും ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മഴയെല്ലാം മാറി നല്ലവേനൽക്കാലത്താണ് വളം വിതരണം ചെയ്തിരിക്കുന്നത്.ഇതുമൂലം കർഷകർക്ക് എന്തു പ്രയോജനം ലഭിച്ചുവെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പദ്ധതികൾ പ്രകാരമുള്ള വസ്തുക്കൾ ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യാതെ , കുരുമുളക് സംരക്ഷണസമിതി സെക്രട്ടറിമാർ, ADS സെക്രട്ടറിമാർ എന്നിവരെ എന്തടിസ്ഥാനത്തിലാണ് വിതരണ ചുമതല ഏൽപ്പിച്ചതെന്ന് വിശദീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിരിക്കുന്ന 4പദ്ധതികളിലുംകൂടി ആകെ 2,21,642 കിലോ കമ്പോസ്റ്റ് പനമരം സൊസൈറ്റി വിതരണം ചെയ്തതായിട്ടാണ് കാണുന്നത്. 2,21,642 കിലോ(222ടൺ) കമ്പോസ്റ്റ് പനമരം സൊസൈറ്റിഉൽപ്പാദിപ്പിച്ചു എന്നുള്ളത് വിശ്വസനീയമല്ല. സൊസൈറ്റി ഇടനിലയായി നിന്ന് മറ്റുള്ളവരിൽ നിന്ന് വാങ്ങി വിതരണം ചെയ്തതായിട്ട് ഓഡിറ്റ് വിലയിരുത്തുന്നു. സൊസൈറ്റികൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ ടെണ്ടർ കൂടാതെ വാങ്ങാനാണ്

സർക്കാർ അനുമതിയെങ്കിലും, ഇതിനു വിരുദ്ധമായിട്ടാണ് ഇവിടെ പ്രവർത്തിച്ചിരിക്കുന്നത്. ഈ പദ്ധതികൾ പ്രകാരമുള്ള ജൈവവളം വാങ്ങുന്നതിന് ടെണ്ടർ നടപടി സ്വീകരിയ്ക്കാതെ പനമരം സൊസൈറ്റിയെ വിതരണച്ചുമതല ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 19/2021-22/ 4-11-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ 4പദ്ധതികൾക്കുമായി ചെലവഴിച്ച 32,84,330 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കുന്നില്ലയെങ്കിൽ 1997-ലെ കേരള പഞ്ചായത്ത്‌രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന് കണക്കാക്കി ചെലവ് തുക നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-28 രേഖകൾ ഹാജരാക്കിയില്ല, 13,03,375 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

കൃഷി ഓഫീസർ, 2021-22 ൽ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബില്ലുകൾ, തുക അനുവദിച്ചതിന്റെ ബില്ലുകൾ എന്നിവ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. എല്ലാ നടീൽ വസ്തുക്കളും വാങ്ങിയിരിക്കുന്നത് കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ആന്റ് അഗ്രികൾച്ചറൽ പ്രോഡ്യൂസേഴ്സ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പനമരം,എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതായിട്ടാണ് കാണുന്നത്. നടീൽ വസ്തുക്കൾഎന്നു ലഭിച്ചു,ആർക്കെല്ലാം വിതരണം ചെയ്തു, എന്ന് വിതരണം ചെയ്തു, തുടങ്ങിയ വിശദാംശങ്ങൾ ,ഗുണഭോക്താക്കളുടെ അപേക്ഷകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പ്രോജക്ട് നമ്പർ 172/22 കമുകിൻ തൈ വിതരണം-ജനറൽ അടങ്കൽ 10,00,000

ചെലവ് 10,00,000രൂപ

ബിൽ നം 21180852001901194422/24-2-2022 7,50,000 രൂപ

വൗച്ചർ നം 2605/28-2-2022 2,50,000 രൂപ

ഇൻവോയ്സ് നമ്പർ 809(തിയതിയില്ല) 28572 X35=10,00,020

2. പ്രോജക്ട് നമ്പർ 111/22 തെങ്ങിൻ തൈ വിതരണം-ജനറൽ അടങ്കൽ 5,00,000

ചെലവ് 3,03,375 രൂപ

ബിൽ നം 21180852001901500234/27-3-2022 3,03,375 രൂപ

ഇൻവോയ്സ് നമ്പർ 894/26-3-2022 1618X250= 404500 രൂപ

3. ഈ പദ്ധതികൾ പ്രകാരമുള്ള കമുകിൻതൈകളും ,തെങ്ങിൻതൈകളും എന്നാണ് വിതരണം ചെയ്തതെന്നോ,ഗുണഭോക്താക്കൾ എന്നാണ് ഇവ കൈപ്പറ്റിയതെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതെല്ലാം സൂചിപ്പിക്കുന്ന പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. തെങ്ങിൻതൈകൾ നൽകിയതിന്റെ ഇൻവോയ്സ് തിയതി 26-3-2022 ആണ്.ഇതുസൂചിപ്പിയ്ക്കുന്നത് തൈകൾ വിതരണം ചെയ്തിരിക്കുന്നത് നല്ല വേനൽക്കാലത്താണ് എന്നാണ്.ഇപ്രകാരം വിതരണം ചെയ്ത എത്രയെണ്ണം വേനൽക്കാലം അതിജീവിച്ച് നിലവിലുണ്ട് എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 20/2021-22/ 4-11-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് രേഖകളും, മറുപടിയും ലഭ്യമാക്കിയില്ല. രണ്ടുപദ്ധതികൾക്കുമായി ചെലവഴിച്ച 13,03,375 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ 1997ലെ കേരള പഞ്ചായത്ത്‌രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ചെലവ് തുക നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-29 രേഖകൾ ലഭ്യമാക്കിയില്ല, 2,00,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ 118/22 തരിശുഭൂമി കൃഷിയോഗ്യമാക്കൽ-ജനറൽ അടങ്കൽ 2,00,000

ചെലവ് 2,00,000രൂപ

ബിൽ നം.211808520019008734580/6-1-2022/ 2,00,000രൂപ

നിർവ്വഹണം -കൃഷി ഓഫീസർ

തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്ന ഈ പദ്ധതിപ്രകാരം തുക പിൻവലിച്ച് അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ, 3 വർഷമായി തരിശായി കിടക്കുന്നതാണെന്ന സാക്ഷ്യപത്രം, തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ, ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 22/2021-22/ 4-11-2022 പ്രകാരം രേഖകളും വിശദീകരണവും ആവശ്യപ്പെട്ടുവെങ്കിലും,ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 2,00,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

## 1-30 രേഖകൾ ലഭ്യമാക്കാത്തതിനാൽ 1,85,220 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്റ്റ് നമ്പർ 111/22 കർഷകർക്ക് നെൽവിത്ത് വിതരണം-ജനറൽ അടങ്കൽ 3,00,000 രൂപ

ചെലവ് 1,85,220 രൂപ

ബിൽ നം.21180852001901298271/10-3-2022/ 1,85,220 രൂപ

നിർവ്വഹണം- കൃഷി ഓഫീസർ

നെൽ കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത് ഇതിനായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 25-7-2021 ന് 1,85,220 രൂപയ്ക്ക് 4410 കിലോ ഉമ നെൽവിത്ത് വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ,സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ , തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 22/2021-22/ 4-11-2022 പ്രകാരം രേഖകളും വിശദീകരണവും ആവശ്യപ്പെട്ടുവെങ്കിലും,ലഭ്യമാക്കിയില്ല.രേഖകൾ ലഭ്യമാക്കാത്തതിനാൽ 1,85,220 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

## 1-31 രേഖകൾ ഹാജരാക്കിയില്ല.

നെൽകർഷകർക്ക് നെൽ കൃഷി കൂലിച്ചിലവിനത്തിൽ സബ്സിഡി നൽകുന്നതിനായി താഴെ ചേർക്കുന്ന 3 പദ്ധതികളാണ് 2021-22 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയിരിക്കുന്നത്. തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്.ഗുണഭോക്തൃലിസ്റ്റ് ,ഗുണഭോക്താക്കളുടെ അപേക്ഷകൾ ,സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ് നമ്പർ 53/22 നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-ജനറൽ

അടങ്കൽ 1,00,00,000 (ജനറൽ30,00,000+ബ്ളോക്ക് 35,00,000+ ജില്ലാപ. 35,00,000)

ചെലവ് 77,25,910രൂപ(ജനറൽ30,00,000+ബ്ളോക്ക് 12,25,910+ ജില്ലാപ. 35,00,000)

| ജനറൽ | | | |
|---|---|---|---|
| ക്രമ നം | ബിൽ നം./തീയതി | തുക | റിമാർക്ക്സ് |
| 1 | 21180852001900592477/30-10-2021 | 4,99,392 രൂപ | 287 പേർക്ക് |

| | | | |
|---|---|---|---|
| 2 | 2118085200190059248l/30-10-2021 | 3,01032രൂപ | 190 പേർക്ക് |
| 3 | 21180852001900592483/30-10-2021 | 4,91,874 രൂപ | 236 പേർക്ക് |
| 4 | 21180852001900592488/30-10-2021 | 3,94,808 രൂപ | 258 പേർക്ക് |
| 5 | 21180852001900721516/23-11-2021 | 2,15,990 രൂപ | 143 പേർക്ക് |
| 6 | 21180852001900850758/28-12-2021 | 4,77,554രൂപ | 398പേർക്ക് |
| 7 | 21180852001900730071/29-11-2021 | 5,46,420 രൂപ | 270 പേർക്ക് |
| 8 | 21180852001900721527/23-11-2021 | 72,930 രൂപ | 43 പേർക്ക് |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | |
| 9 | 21180852001900730057/30-11-2021 | 3,28,190 രൂപ | 477 പേർക്ക് |
| 10 | 21180852001900799253/17-12-2021 | 2,52,193രൂപ | 312 പേർക്ക് |
| 11 | 21180852001900819762/21-12-2021 | 4,50,462 രൂപ | 633 പേർക്ക് |
| 12 | 21180852001900852349/28-12-2021 | 1,95,065 രൂപ | 398 പേർക്ക് |
| ജില്ലാപഞ്ചായത്ത് വിഹിതം | | | |
| 13 | 21180852001901085972/7-2-2022 | 5,00,355 രൂപ | 290 പേർക്ക് |
| 14 | 21180852001901086265/7-2-2022 | 2,93,494 രൂപ | 139 പേർക്ക് |
| 15 | 21180852001901085946/7-2-2022 | 5,01,238 രൂപ | 293 പേർക്ക് |
| 16 | 21180852001901085985/7-2-2022 | 5,00,623 രൂപ | 312പേർക്ക് |
| 17 | 21180852001901085762/7-2-2022 | 5,00,552 രൂപ | 210 പേർക്ക് |
| 18 | 21180852001901086011/7-2-2022 | 5,01,285 രൂപ | 302 പേർക്ക് |

ഈ പദ്ധതി പ്രകാരം 77,25,910രൂപ ചെലവഴിച്ചതായി സുലേഖ സ്റ്റേറ്റ്മെന്റിലും, അലോട്ടമെന്റ് നൽകിതായി സെക്രട്ടറിയുടെ ചെലവിലും കാണുന്നുണ്ടെങ്കിലും, ആകെ 18 ബില്ലുകൾ പ്രകാരമുള്ള 70,23,457 രൂപ പിൻവലിച്ച് ബാങ്കുകൾ വഴി വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമണ് ഹാജരാക്കിയിരിക്കുന്നത്. ട്രഷറിയിൽ നിന്നും ബില്ലുകൾ മാറിയതിന്റെ UTR സ്റ്റേറ്റ്മെന്റുകളും ഹാജരാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതമായി രണ്ടുതവണയായി അനുവദിച്ച 7,02,453 രൂപ (2,00,099+5,02,354) ചെലവഴിച്ചതിന്റെ രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്റ്റ് നമ്പർ 85/22 നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-പട്ടികവർഗ്ഗം

അടങ്കൽ 6,00,000 രൂപ (ടി എസ് പി 3,50,000+ ബ്ളോക്ക് വിഹിതം2,50,000)

ചെലവ് 6,00,000 രൂപ

| ക്രമ.നം | ബിൽ നം/തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21180852001900592469/30-10-2021 | 3,50,000രൂപ | 139 പേർക്ക് |
| 2 | 21180852001900736974/3-12-2021 | 2,50,000രൂപ | 141പേർക്ക് |

തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. പ്രോജക്റ്റ് നമ്പർ 297/22 (സ്പിൽഓവർ) നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-ജനറൽ

അടങ്കൽ 35,00,000 (ബ്ളോക്ക് വിഹിതം)

ചെലവ് 10,30,860രൂപ

| ക്രമ.നം | ബിൽ നം/തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21180852001900341423/25-8-2021 | 3,01,815 രൂപ | 520 പേർക്ക് |

| | | | |
|---|---|---|---|
| 2 | 21180852001900341438/25-8-2021 | 729045രൂപ | 520 പേർക്ക് |

തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ,ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണവും, രേഖകളും ലഭ്യമാക്കാനും, ലഭ്യമാക്കുന്നില്ലായെങ്കിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്നും,ഒന്നും ബോധിപ്പിയ്ക്കാനില്ലായെന്നും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 21/2021-22/ 4-11-2022 നൽകിയെങ്കിലും,മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 53/22 അനുവദിച്ച തുകയിൽ 7,02,453 രൂപ (2,00,099+5,02,354) ചെലവഴിച്ചതിന്റെ രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്നു കണക്കാക്കി 7,02,453 രൂപയുടെ ചെലവ് നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.ഈ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, മൂന്നു പദ്ധതികൾക്കുമായി ആകെ ചെലവഴിച്ച 93,56,770 രൂപയിൽ നിരാകരിച്ച തുക കഴിച്ചുള്ള 86,54,317 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുപൂരക പോഷകാഹാരം - 97374 രൂപ അധികം നൽകി

പ്രോജക്റ്റ് നമ്പർ - 8/22- അങ്കണവാടി പോഷകാഹാര പദ്ധതി

അടങ്കൽ - 4799000(വികസന ഫണ്ട്- ജനറൽ)+866692 (കേന്ദ്രവിഹിതം)

ചെലവ് - 4799000(വികസന ഫണ്ട്- ജനറൽ)+866692 (കേന്ദ്രവിഹിതം)

| ക്രമ.നം | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 21180852002700063232/7.5.2021 | 857624/- |
| 2 | 21180852002700063229/7.5.2021 | 1340044/- |
| 3 | 2118085200270027000331/18.08.2021 | 683311/- |
| 4 | 21180852002700691727/23.11.2021 | 71170/- |
| 5 | ചെക്ക് നമ്പർ - | 312890/- |
| 6 | 21180852002700331773/18.8.2021 | 1547850/- |

| | | |
|---|---|---|
| 7 | ചെക്ക് നമ്പർ-00007595/16.02.2022 | 321762/- |
| 8 | 211808520027002701141577/16.02.2022 | 299001/- |
| 9 | ചെക്ക്നമ്പർ-00007595/16.02.2022 | 232040/- |

പഞ്ചായത്തിലെ അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തിയിട്ടുണ്ട്. ഭരണസമിതിയുടെ 25.05.2020 ലെ 2(2) -ാം നമ്പർ തീരുമാന പ്രകാരം അങ്കണവാടികളിലേക്ക് ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോർ, സപ്ലൈകോ വിവിധ സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വിലയേക്കാൾ ഒരു രൂപ കുറച്ച് വിതരണം ചെയ്യാം എന്ന അപേക്ഷ പരിഗണിച്ച് ഭക്ഷ്യസാധനങ്ങൾ ശ്രുതി ഭക്ഷ്യ സംസ്കരണ യൂണിറ്റിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തൻവർഷം വാങ്ങിയ ചുവടെ കൊടുക്കുന്ന ബില്ലുകളിൽ ഇത്തരത്തിൽ ഇളവ് നൽകാത്തതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| BRN നമ്പർ | ഇൻവോയ്സ് നം | ഇനം | അളവ് (കി.ഗ്രാം) | വില/കി. ഗ്രാം (₹) | ഇൻവോയ്സ് പ്രകാരമുള്ളതുക (₹) | സപ്ലൈക്കോ പ്രകാരമുള്ള വില വിവര പട്ടികപ്രകാരമുള്ള വില(₹) | ഒരു രൂപ കുറച്ച തുക (₹) | ഒരുരൂപ കുറച്ചാൽ നൽകേണ്ടുന്ന തുക (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|---|---|---|---|
| 211808520027 00063229 തീ . 7.5.2021 | 19/7.4.2021 | ഗോതമ്പ് | 3425 | 72.50 | 248312 | 64 | 63 | 215775 | 32537 |
| | 20/7.4.2021 | ഗോതമ്പ് | 3415 | 72.50 | 247587 | 64 | 63 | 215145 | 32442 |
| | 21/7.4.2021 | ഗോതമ്പ് | 3410 | 72.50 | 247225 | 64 | 63 | 214830 | 32395 |
| | | | | | | അധികം നൽകിയ തുക | | | 97374 |

അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/21-22/03.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹97374/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ലൈഫ് ഭവന പദ്ധതി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് അധിക തുക നൽകി

പ്രൊജക്ട് നം- 423/22

പ്രൊജക്ടിന്റെ പേര്- ലൈഫ് ഭവന പദ്ധതി ( ടി.എസ്.പി)

അടങ്കൽ- വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 8300000 |
| ടി.എസ്.പി | 15054161 |
| സംസ്ഥാന വിഹിതം | 75111276 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5000000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 16534563 |
| ആകെ | |

ചെലവ്- വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 8295839 |
| ടി.എസ്.പി | 14260000 |
| ആകെ | |

സ.ഉ(സാധാ)നം.3218/2018/തസ്വഭവ തീയതി 21/12/2018 ലെ ഉത്തരവ് പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ വിദൂര പട്ടിക വർഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ വിഭാഗങ്ങൾക്കും 6 ലക്ഷം രൂപ തുക

അഞ്ച്/ ആറ് ഗഡുക്കളായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താവിന് അനുവദീനമായതിലും അധികം തുക നൽകിയിട്ടുണ്ട്.

| ക്രമ .നം | പേരും വിലാസവും | അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | ലൈഫ് ഐഡി നമ്പർ 115408<br>ബിന്ദു രമേശൻ,<br>ചെക്കിട്ട കോളനി,<br>കായക്കുന്ന് | BRN നമ്പർ- 21180852002600627993<br>(അലോട്ട്മെന്റ് നം-93/06.11.2021) | ₹90000/- |
| | | BRN നമ്പർ - 21180852002600670153<br>അലോട്ട്മെന്റ് നം-113/18.11.2021 | ₹120000/- |
| | | BRN നമ്പർ- 21180852002600702036<br>അലോട്ട്മെന്റ് നം-136/25.11.2021 | ₹120000/- |
| | | BRN നമ്പർ - 21180852002600702052798722<br>അലോട്ട്മെന്റ് നം-167/17.12.2021 | ₹210000/- |
| | | BRN നമ്പർ - 21180852002600998402<br>അലോട്ട്മെന്റ് നം-212/24.01.2022 | ₹120000/- |
| ആകെ | | | ₹6,60,000 |

അനുവദിക്കാവുന്ന തുക 6ലക്ഷം രൂപയാണ്. ഇത്തരത്തിൽ 60,000/- രൂപ അധികം നൽകിയിട്ടുണ്ട്. ടി തുക നാളിതു വരെയായിട്ടും തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/21-22 /03.11.2022) തുക ട്രഷറിയിൽ ഒടുക്കി വിശദാംശങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധിക തുക നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അടവാക്കത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 വസതി ഭവന വായ്പ തിരിച്ചടവ് പലിശ തുക കൃത്യമായി തിരിച്ചടക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ബാധ്യത

(സ.ഉ(എം.എസ്) നം.83/13/തസ്വഭവ തീയതി 11.03.2013) അനുസരിച്ച്, തദ്ദേശ സ്ഥാപനങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് പത്ത് വർഷ തിരിച്ചടവ് കാലാവധി കണക്കാക്കി വായ്പ മുതൽ ഭാഗം വികസന ഫണ്ട് ഉപയോഗിച്ചും പലിശ ഭാഗം തനത് ഫണ്ട് ഉപയോഗിച്ചും തിരിച്ചടവ് നടത്തുന്ന നിലയിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകിയിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പനമരം ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി വസതി ഭവന പദ്ധതി എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കി പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 19.06.2014 തീയതിയിലെ എ4 11808/14 കത്ത് മുഖേന ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും ,തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 14/08/2014 തീയതിയിലെ നമ്പർ 48763/ഡിബി1/14/തസ്വഭവ നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 3,90,00,000/- രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സഹകരണ ബാങ്കുമായി വായ്പ വിതരണത്തിനായി 20/03/2015 തീയതിൽ കരാറിൽ ഏർപ്പെട്ടതിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ മാത്രമാണ് ഒപ്പ് വെച്ചിട്ടുള്ളത്. ബാങ്കിന്റെ പ്രതിനിധികളാരും തന്നെ ഒപ്പ് വെച്ചിട്ടില്ല. 16/03/2015 തീയതിൽ ബാങ്ക് ജനറൽ മാനേജർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം 3,10,50,000 രൂപയാണ് ബാങ്ക് വായ്പ അനുവദിച്ചിട്ടുള്ളത്. 12.5% പലിശ നിരക്കും 10 വർഷ കാലാവധിയിൽ വാർഷിക തുല്യ ഗഡുക്കളായി തുക ഓരോ വർഷവും ഫെബ്രുവരി 28ന് മുമ്പായി തിരിച്ചടക്കേണ്ടതാണ്. കരാർ ഉടമ്പടി വ്യവസ്ഥ 6 പ്രകാരം ഗ്രാമ പഞ്ചായത്ത് 13% നിരക്കിൽ പലിശ സഹിതം വായ്പ 10 വർഷത്തിനകം തിരച്ചടക്കേണ്ടതാണ്. അതേ വ്യവസ്ഥയിൽ 13% നിരക്കിൽ പലിശ സഹിതം മുതൽ ഗ്രാമ പഞ്ചായത്ത് തിരിച്ചടക്കുന്നതാണെന്നും ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യവസ്ഥ 12 പ്രകാരം ബാങ്കിന് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകുന്നുണ്ട്. വ്യവസ്ഥ 7 അനുസരിച്ച് ത്രൈമാസിക അടിസ്ഥാനത്തിൽ പലിശ കണക്കാക്കി ആയത് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടതാണ്. പനമരം ഗ്രാമ പഞ്ചായത്തിന്റെ 20/05/2014 തീയതിയിലെ 90(1)14 നമ്പർ തീരുമാനം പ്രകാരം 3,10,50,000 രൂപ വയനാട് ജില്ലാ സഹകരണ ബാങ്കിനോട് ആവശ്യപ്പെടാനും പലിശയടക്കമുള്ള തിരിച്ചടവ് വാർഷികമായി നടത്താനും തീരുമാനിച്ചു. വയനാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജറുടെ 19.06.2014 തീയതിയിലെ WB/PDS/203/ /2014-15 നമ്പർ കത്ത് പ്രകാരം ഭവന നിർമ്മാണ വായ്പ അനുവദിക്കാൻ തയ്യാറാണെന്നും ആയതിന് 12.5% പലിശ ഉണ്ടായിരിക്കുന്നതാണെന്നും വായ്പ കാലാവധി 10 വർഷമാണെന്നും അറിയിച്ചിട്ടുണ്ട്. 06/03/2015 ലെ Au-11808/14 നമ്പർ കത്ത് മുഖേന 12.5% പലിശ നിരക്കിൽ 3,10,50,000 രൂപ വായ്പ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സഹകരണ ബാങ്ക് മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.ഭവന വായ്പ തുക മുതൽ, വികസന ഫണ്ടിൽ നിന്നും, പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.

2015-16 സാമ്പത്തിക വർഷം മുതൽ വസതി ഭവന വായ്പ തിരിച്ചടവിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. 2015-16 വർഷത്തിൽ 40,00,000 രൂപ തിരിച്ചടവ് നടത്തിയത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ്. തുടർവർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് തിരിച്ചടവ് നടത്തിയിട്ടുള്ളത്. വായ്പ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>2015-16 സാമ്പത്തിക വർഷം മുതൽ പ്രോജക്ട് തയ്യാറാക്കി ഭവനവായ്പ തിരിച്ചടവ് നടത്തിയിതിന്റെ വിവരങ്ങൾ</u>

<u>പട്ടിക 1</u>

| വർഷം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക/ഫണ്ടിനം | |
|---|---|---|---|---|
| 1 | 2 | 3 | | |
| | | | വികസനഫണ്ട് ജനറൽ | തനത് ഫണ്ട് |
| 2015-16 | 221/16 | വസതി തിരിച്ചടവ് | 40,00,000 | തൻവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആണ് തുക അടച്ചത്. |
| 2016-17 | 281/17 | വസതി തിരിച്ചടവ് | 14,53,471 | |
| 2017-18 | 298/18 | വസതി തിരിച്ചടവ് | 40,00,000 | |

| | | | | |
|---|---|---|---|---|
| 2018-19 | 4/19 | വസതി തിരിച്ചടവ് | 30,00,000 | |
| 2019-20 | 4/20(a) വായ്പ തിരിച്ചടവിൽ പിൻവലിച്ച തുക വിനിയോഗിച്ചില്ല. | വസതി തിരിച്ചടവ് | 40,00,000 | |
| 2019-20 | 17/20 | വസതി പലിശ തിരിച്ചടവ് | | 2,360,656 |
| 2020-21 | 10/21 | വസതി തിരിച്ചടവ് | 40,00,000 | |
| 2020-21 | 18/21 | വസതി പലിശ തിരിച്ചടവ് | | 5,00,000- |
| 2020-21 | 546/21 | വസതി പലിശ തിരിച്ചടവ് | | തിരിച്ചടവ് നടത്തിയിട്ടില്ല |
| 2021-22 | 13/22 | വസതി പലിശ തിരിച്ചടവ് | | 20,00,000 |
| 2021-22 | 11/22 | വസതി തിരിച്ചടവ് | 49,50,000 | |
| ആകെ | | | 2,54,03,471 | 48,60,656 |

തനത് ഫണ്ട് വിനിയോഗിച്ച് പലിശ തിരിച്ചടവ് കൃത്യമായി നടത്തിയിട്ടില്ല എന്ന് മേൽ പട്ടിക 1 ൽ നിന്നും വ്യക്തമാകുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ വായ്പ തുക തിരിച്ചടക്കുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെപ്പറയുന്നു.

പ്രോജക്ട് നം. - 11/2022

പ്രോജക്ടിന്റെ പേര് - വസതി തിരിച്ചടവ്

അടങ്കൽ - വികസന ഫണ്ട് (ജനറൽ) - 49,50,000

തുക തിരിച്ചടച്ചത് - ബിൽ നം.21180852005300463024തീയതി 11/10/2021 തുക. 40,00,000/-

ബിൽ നം.21180852005301417441തീയതി 30/03/2022 തുക. 9,50,000/-

പ്രോജക്ട് നം. - 13/2022

പ്രോജക്ടിന്റെ പേര് - വസതി പലിശ തിരിച്ചടവ്

അടങ്കൽ - തനത് ഫണ്ട് - 20,00,000

| തുക തിരിച്ചടവ് | | |
|---|---|---|
| ക്രമനം | വൗച്ചർ നം / തീയതി | തുക |
| 1 | 22100102 / 20.10.2021 | 10,00,000 |
| 2 | 22100759 / 30.03.2022 | 10,00,000 |
| | ആകെ | 20,00,000 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആകെ 2,64,90,000 രൂപ വായ്പ ഇനത്തിൽ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലോൺ തിരിച്ചടവിലേക്കായി വികസന ഫണ്ടാണ് കൂടുതലും

ഉപയോഗിച്ചിട്ടുള്ളത്. ഓരോ വർഷവും പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരം 1,49,60,409 രൂപ 2021-22 സാമ്പത്തിക വർഷം വരെ പലിശ ബാധ്യത ഉണ്ട്. 2015 മാർച്ച് മാസം മുതൽ വായ്പ കരാറിൽ ഏർപ്പെട്ടതിനാൽ 2015-16 വർഷം മുതൽ തിരിച്ചടവ് നടത്തേണ്ടതുണ്ട്. അങ്ങനെ കണക്കാക്കിയാൽ 2022 ഫെബ്രുവരി മാസം 28ന് മുമ്പ് 7 ഗഡു മുതൽ തുകയും അത് വരെയുള്ള പലിശയും ഒടുക്കേണ്ടതുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം ആകെ വായ്പ തുക 10 തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഇങ്ങനെ കണക്കാക്കിയാൽ 2021-22 സാമ്പത്തിക വർഷം വരെ ₹ 1,85,43,000 (2,64,90,000/10x7) മുതൽ ഇനത്തിലും 12.5% സാധാരണ പലിശ നിരക്കിൽ പലിശയും ഒടുക്കേണ്ടതാണ്. സ.ഉ.(കൈ)നം.83/2013 ത.സ്വ.ഭ.വ തീയതി 11.03.2013 ലെ നിർദ്ദേശ പ്രകാരം മുതൽ തുക വികസന ഫണ്ടിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നുമാണ് ഒടുക്കേണ്ടത്.

സർക്കാർ നിർദ്ദേശം, ബാങ്കുമായുള്ള കരാർ എന്നിവ പ്രകാരം അതത് കാലയളവിൽ പലിശ ഒടുക്കിയിരുന്നുവെങ്കിൽ പലിശ ബാധ്യത കുറഞ്ഞ് വരുമായിരുന്നു. വികസന ഫണ്ടിൽ നിന്നും ഒടുക്കിയ മുതൽ തുക പലിശ ഉൾപ്പടെയുള്ള തിരിച്ചടവായാണ് ബാങ്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

ലോണിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/03/2022 വരെ 1,51,90,731 രൂപ പലിശയും ₹1,49,05,506 മുതൽ ഇനത്തിലും കൊള്ളിച്ചിട്ടുണ്ട്. യഥാസമയം വായ്പ തിരിച്ചടവ് നടത്താത്തതിനാൽ പിഴ പലിശ ഇനത്തിൽ 1,68,866 രൂപയും (പട്ടിക 5) ബാങ്ക് ഈടാക്കിയിട്ടുണ്ട്. വികസന ഫണ്ടുപയോഗിച്ച് 2,54,03,471 രൂപയും തനത് ഫണ്ട് ഉപയോഗിച്ച് 48,60,656 രൂപയും ബാങ്കിൽ ആകെ ഒടുക്കിയിട്ടുണ്ട്. 31/03/2022 വരെ 1,42,82,823 രൂപയാണ് ആകെ പലിശ ഇനത്തിൽ ഒടുക്കാനുണ്ടായിരുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് 31/03/2022 ന് വായ്പ മുതൽ 1,15,84,494രൂപ ഇനിയും തിരച്ചടക്കാൻ ബാക്കി നിൽക്കുന്നു. (2025 മാർച്ച് 19 നകം മുഴുവൻ വായ്പ തുകയും തിരിച്ചടേക്കേണ്ടതാണ്.) എന്നാൽ വായ്പ തുകയുടെ 43% തുകയും (31/03/2022 ന് ബാക്കി തുക 1,15,84,494 രൂപ) തിരിച്ചടക്കാൻ ബാക്കിയാണ്. മൂന്ന് സാമ്പത്തിക വർഷം മാത്രമാണ് വായ്പ തിരിച്ചടവിന് ബാക്കി ലഭിക്കുന്നത്. 10 വർഷത്തിനകം തിരിച്ചടക്കേണ്ട വായ്പയുടെ 70% തിരച്ചടക്കേണ്ട സമയത്ത് 57% മുതൽ തുക മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. കൂടാതെ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ട പലിശ തുക കൃത്യമായി തിരിച്ചടച്ചിരുന്നുവെങ്കിൽ തിരിച്ചടവിനുള്ള ബാക്കി (2,64,90,000-2,54,03,471=) 10,86,529 രൂപ മാത്രമാണ് ഉണ്ടാവുമായിരുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പ്രകാരമുള്ള തിരിച്ചടവ് പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 2

| ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരം തിരിച്ചടവ് | | രജിസ്റ്റർ പ്രകാരം തിരിച്ചടവ് | |
|---|---|---|---|
| 31/03/2016 | 40,00,000 | 2015-16 | 40,00,000 |
| 06.06.2016 | 976 | | |
| 28/03/2017 | 14,53,471 | 2016-17 | 14,53,471 |
| 31/03/2018 | 40,00,000 | 2017-18 | 40,00,000 |
| 18/06/2018 | 30,00,000 | 2018-19 | 30,00,000 |
| 20/09/2019 | 40,00,000 | 2019-20 | 40,00,000 |
| | | 2020-21 | 68,61,679 (28,60,656 തനത് ഫണ്ടിൽ നിന്നും ഒടുക്കിയത്) |

| | | | |
|---|---|---|---|
| | | 2021-22 | 69,50,000 (20,00,000 തനത് ഫണ്ടിൽ നിന്നും ഒടുക്കിയത്) |
| 22/10/2020 | 5,84,248 | | |
| 22/10/2020 | 3,41,5752 | | |
| 20/11/2020 | 23,60,656 | | |
| 29/03/2021 | 5,00,000 | | |
| 21/10/2021 | 10,00,000 | | |
| 21/10/2021 | 35,66,514 | | |
| 21/10/2021 | 4,33,486 | | |
| 31/03/2022 | 10,00,000 | | |
| 22/06/2022 | 9,50,000 | | |
| ആകെ | 3,02,65,103 | | 3,02,65,150 |

ബാങ്ക് സ്റ്റേറ്റ്മെന്റും രജിസ്റ്ററും തമ്മിൽ ₹ 47/- ന്റെ വ്യത്യാസം ഉണ്ട്. ആയത് ലോൺ അടയ്ക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തുക ബാങ്കിന് കൈമാറിയ തീയതിമുതൽ ലോൺ അക്കൗണ്ടിലേക്ക് വകകൊള്ളിച്ച തീയതി വരെയുള്ള സേവിംഗ്സ് ബാങ്ക് പലിശ ₹ 976/- രജിസ്റ്ററിൽ ചേർക്കാത്തതും ലോൺ രജിസ്റ്ററിൽ 2020-21 വർഷത്തെ ലോൺ ഒടുക്ക് തുക രേഖപ്പെടുത്തിയതിൽ ₹1023/- അധികമായി ചേർത്തതുമാണ്.

സർക്കാർ നിർദ്ദേശ പ്രകാരം 10 വർഷ ഗഡുക്കളായി മുതൽ ഭാഗവും ഒരോ വർഷത്തെയും പലിശയും അടച്ചിരുന്നുവെങ്കിൽ ഉണ്ടാവുമായിരുന്ന ബാധ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 3

| വർഷം | തൻവർഷം എടുത്ത വായ്പ തുക | ആകെ വായ്പ തുക(7+2) | തിരിച്ചടക്കേണ്ട ഗഡു തുക | തുല്യതവണ തിരിച്ചടച്ചിരുന്നുവെങ്കില്പ നൽകേണ്ടി വരുമായിരുന്ന പലിശ ബാധ്യത | പലിശയിനത്തിൽ ബാങ്ക് കൊള്ളിച്ച തുക | തിരച്ചടക്കാൻ ബാക്കിയുള്ള തുക (3-4) | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | |
| 2015-16 | 19500000 | 19500000 | 1950000 | 1137749 | 1137749 | 17550000 | |
| 2016-17 | 6850000 | 24400000 | 2711111 | 3050000 | 2677044 | 21688889 | |
| 2017-18 | 140000 | 21828889 | 2728611 | 2728611 | 3071310 | 19100278 | |
| 2018-19 | | 19100278 | 2728611 | 2387535 | 2623562 | 16371667 | |
| 2019-20 | | 16371667 | 2728611 | 2046458 | 2366586 | 13643056 | 2024-25 വരെ തുല്യ |
| 2020-21 | | 13643056 | 2728611 | 1705382 | 1888877 | 10914445 | |
| 2021-22 | | 10914445 | 2728611 | 1364306 | 1425603 | 8185834 | |
| 2022-23 | | 8185834 | 2728611 | 1023229 | | 5457223 | |

| | | | | | | |
|---|---|---|---|---|---|---|
| 2023-24 | | 5457223 | 2728611 | 682153 | | 2728612 |
| 2024-25 | | 2728612 | 2728612 | 341076 | | 0 |
| ആകെ | 26490000 | | 26490000 | 16466499 | 15190731 | |

ഗഡുക്കളായി തുക ഒടുക്കിയിരുന്നവെങ്കിൽ ആകെ ഉണ്ടാകുമായിരുന്ന പലിശ ബാധ്യത 1,64,66,499 രൂപയാണ്. 2021-22 സാമ്പത്തിക വർഷം വരെ ബാങ്ക് വക കൊള്ളിച്ച പലിശ തുക 1,51,90,731 രൂപയാണ്. 2021-22 വരെ വരുമായിരുന്ന പലിശ ബാധ്യത 1,44,20,041 രൂപയാണ്. ആയത് പ്രകാരം പലിശ ഇനത്തിൽ 7,70,690 രൂപ അധികം വന്നിട്ടുണ്ട്. ബാങ്കുമായുള്ള കരാർ വ്യവസ്ഥ പ്രകാരം 13% ആണ് പലിശ നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് നൽകുന്ന വായ്പ സ്റ്റേറ്റ്മെന്റിൽ പലിശ ബാധ്യത കണക്കാക്കുന്നത് കൃത്യമായ ഇടവേളകളില്ലാത്തതിനാൽ ഇത് സംബന്ധിച്ച് സെക്രട്ടറിയോട് അന്വേഷിച്ചതിന്, ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ 12.5% നിരക്കിലാണ് പലിശ ഈടാക്കുന്നതെന്ന് ബാങ്ക് അറിയിച്ചതായി സെക്രട്ടറി ഓഡിറ്റ് വേളയിൽ നേരിൽ അറിയിച്ചിട്ടുണ്ട്.

വികസന ഫണ്ട് ഉപയോഗിച്ച് യഥാർത്ഥത്തിൽ അടച്ച തുകയും അതിന്റെ പലിശ ബാധ്യതയും കണക്കാക്കിയാൽ 2021-22 വർഷാവസാനം വരെ ഉണ്ടാകുന്ന പലിശ ബാധ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4

| വർഷം | മുൻബാക്കി | വായ്പ തുക | ആകെ മുതൽ | മുതൽ തിരിച്ചടവ് | മുതൽ ബാക്കി | നൽകേണ്ടിയിരുന്ന പലിശ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2015-16 | 0 | 1,95,00,000 | 1,95,00,000 | 4,000,000 | 1,55,00,000 | 11,37,749 |
| 2016-17 | 1,55,00,000 | 68,50,000 | 2,23,50,000 | 1,453,471 | 2,08,96,529 | 27,93,750 |
| 2017-18 | 2,08,96,529 | 1,40,000 | 2,10,36,529 | 4,000,000 | 1,70,36,529 | 26,29,566 |
| 2018-19 | 1,70,36,529 | | 1,70,36,529 | 3,000,000 | 1,40,36,529 | 21,29,566 |
| 2019-20 | 1,40,36,529 | | 1,40,36,529 | 4,000,000 | 1,00,36,529 | 17,54,566 |
| 2020-21 | 1,00,36,529 | | 1,00,36,529 | 4,000,000 | 60,36,529 | 12,54,566 |
| 2021-22 | 60,36,529 | | 60,36,529 | 4,950,000 | 10,86,529 | 7,54,566 |
| ആകെ | | 2,64,90,000 | | 25403471 | | 1,24,54,330 |

മേൽ പ്രകാരം കണക്കാമ്പോൾ 2736401 (15190731 – 12454330) രൂപ പലിശ ഇനത്തിൽ 31.03.2022 വരെ അധികം നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥകളുടെയും സർക്കാർ ഉത്തരവും പ്രകാരം ഓരോ വർഷവും പലിശ ബാധ്യത കണക്കാക്കി തുക വകയിരുത്തി ഒടുക്കാത്തതിനാൽ മേൽ പ്രകാരം അധിക ബാധ്യത ഉണ്ടായി. കൂടാതെ തനത് ഫണ്ട് ഉപയോഗിച്ച് പലിശ ഒടുക്കാത്തതിനാൽ വികസന ഫണ്ട് ഉപയോഗിച്ച് മുതൽ ഭാഗത്തിൽ ഒടുക്കിയ തുക വായ്പ നൽകിയ ബാങ്ക് പലിശയിലേക്ക് വകയിരുത്തി. തൻമൂലം നിലവിലും (31.03.2022ലും) 1,15,84,494 രൂപ വായ്പ തിരിച്ചടവ് ബാധ്യത ആയിരിക്കുകയാണ്.

2021-22വരെ വകയിരുത്തി തിരിച്ചടവ് നടത്തിയ വികസന ഫണ്ട് 25403471 രൂപയാണ്. ഇനി വികസന ഫണ്ട് ഉപയോഗിച്ച് തിരിച്ചടവ് നടത്താൻ സാധിക്കുന്ന തുക (2,64,90,000-2,54,03,471=) 1,086,529 രൂപ മാത്രമാണ്. കൂടാതെ നാളിതുവരെയുള്ള (31.03.2022 വരെ) പലിശ ബാധ്യത 12,454,330 രൂപ മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഈ തുകയിൽ നിന്നും തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 48,60,656 രൂപയും ബാങ്ക് വരവ് വെച്ച് നൽകിയ 976രൂപയും കിഴിച്ച് ( 1,24,54,330- 48,60,656-976 ) 75,92,698 രൂപ കൂടി മാത്രമേ തനത് ഫണ്ട് ഉപയോഗിച്ച് 31/03/2022 വരെയുള്ള പലിശ ഒടുക്കുന്നതിന് വിനിയോഗിക്കാൻ പാടുള്ളൂ. 31/03/2022 വരെ അധികമായി ഒടുക്കേണ്ടി വന്ന പലിശ (1,51,90,731 - 1,24,54,330) 27,36,401 രൂപയാണ്.

വികസന ഫണ്ട് പലിശയുടെ തിരിച്ചടവിനും വിനിയോഗിക്കപ്പെടുന്നു .

നാളിതുവരെ വികസനഫണ്ടിൽ ഉപോയഗിച്ച് 25403471 രൂപ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. വികസന ഫണ്ട് വായ്പയുടെ 'മുതൽ' തിരിച്ചടവ് നടത്തുന്നതിന് മാത്രമെ ഉപയോഗിക്കാവൂ എന്നതിനാൽ തന്നെ ആകെ എടുത്ത വായ്പ തുകയായ 26490000 രൂപയിൽ 25403471 രൂപ വികസന ഫണ്ടിൽ നിന്നും തിരിച്ചടച്ചതിനാൽ ഇനി വികസന ഫണ്ടിൽ നിന്നും 1,086,529 രൂപ മാത്രമെ ഈ ആവശ്യത്തിന് വിനിയോഗിക്കാൻ അനുമതിയുള്ളൂ. പഞ്ചായത്ത് അടക്കുന്ന മുതൽ തുക പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള തുകയിൽ വകയിരുത്തി നീക്കിബാക്കി കാണിക്കുകയാണ് ബാങ്ക് നൽകുന്ന ലോൺ പത്രികയിൽ ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ വസതി വായ്പ തിരിച്ചടവ് നടത്തുന്നതിനായി 50,00,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അധിക തുക വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ വികസന

ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

യഥാസമയം ലോൺ തുക, പലിശ എന്നിവ ഒടുക്കാത്തതിനാൽ 168866 രൂപ പിഴ പലിശ ഒടുക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 5

| തീയതി | തുക |
|---|---|
| 19/3/16 | 3,295 |
| 25/3/17 | 3,580 |
| 31/3/17 | 850 |
| 29/4/17 | 4,228 |
| 31/5/17 | 4,369 |
| 30/6/17 | 4,228 |
| 31/7/17 | 4,369 |
| 31/8/17 | 4,369 |
| 28/9/17 | 4,228 |
| 21/2/18 | 21,280 |
| 31/3/18 | 8,808 |
| 28/2/19 | 29,292 |
| 30/3/19 | 6,222 |
| 26/2/21 | 6,518 |
| 31/3/21 | 6,629 |
| 15/9/21 | 32,636 |

| | |
|---|---|
| 20/10/21 | 6,840 |
| 20/10/21 | 243 |
| 22/10/21 | 16,882 |
| ആകെ | 1,68,866 |

യഥാസമയം തുക ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിമാരിൽ നിന്നും മേൽ തുക ₹1,68,866/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാക്കിയ സെക്രട്ടറിമാരുടെ സ്ഥിരം മേൽ വിലാസവും നിലവിലെ ഔദ്യോഗിക മേൽ വിലാസവും അറിയിക്കേണ്ടതാണ്.

2021-22വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം 6,457,907 രൂപ കമ്മി ആണ്. തനത് വരുമാനയിനത്തിൽ ലഭിക്കേണ്ടതായ തുകകൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയും വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതും ഇത്തരത്തിലുള്ള വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നതിന് കാരണമാകുന്നു.

2013-14 സാമ്പത്തികവർഷം മുതലുള്ള ഗ്രാമ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സാമ്പത്തിക സ്ഥിതി, ബാലൻഷീറ്റ് ബി-16 ഷെഡ്യൂളിലെ തുക , തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതി ചെലവ് എന്നിവ താഴെ ചേർക്കുന്നു.

പട്ടിക 6

| വർഷം | തുക | ആകെ മിച്ചം/ കമ്മി | | ബി 16 ഷെഡ്യൂൾ പ്രകാരമുള്ള തുക | തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിക്കുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2013-14 | 5442304 | മിച്ചം | | 24577600 | |
| 2014-15 | 3584904 | മിച്ചം | | 14277600 | |
| 2015-16 | 5799936 | മിച്ചം | | 8588400 | 10128654 |
| 2016-17 | 10597752 | മിച്ചം | | 12234929 | 3805317 |

| | | | | | |
|---|---|---|---|---|---|
| 2017-18 | 21644855 | മിച്ചം | | 6484929 | 3806508 |
| 2018-19 | 21948970 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 23573660 | 8601241 |
| 2019-20 | 4912972 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 32835512 | 10597222 |
| 2020-21 | 763743 | കമ്മി | രേഖകൾ ഹാജരാക്കാതെ 'I-18' ഷെഡ്യൂൾ മുഖേന മുൻവർഷത്തെ ചെലവ് എന്ന ഇനത്തിൽ തുക ഉൾപ്പെടുത്തി കമ്മിയെ മിച്ചമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. | 16459553 | 18467875 |
| 2021-22 | 371435 | കമ്മി | | -2288000 | 26797463 |

കൂടാതെ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് തദ്ദേശ സ്ഥാപനം എടുക്കുന്ന വായ്പ തുക ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനാണ് വിനിയോഗിക്കുന്നത്. ഇത് യഥാർത്ഥത്തിൽ റവന്യൂ ചെലവാണെന്നിരിക്കെ ഈ ചെലവുകൾ വാർഷിക കണക്കുകളിൽ 'ബി 16' ഷെഡ്യൂളുകളിൽ Prepaid Programme Expenses 440500101 എന്ന ഹെഡ്ഡിൽ ആസ്തിയായി ഉൾപ്പെടുത്തുന്നു. ഇത്തരം ഒരു ആസ്തി ഗ്രാമ പഞ്ചായത്തിന് സൃഷ്ടിക്കപ്പെടുന്നില്ല എന്നിരിക്കെ ഈ രീതിയിൽ കണക്കുകൾ രേഖപ്പെടുത്തുന്നത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്നുമില്ല. കൃത്യമായ രേഖകളില്ലാത്തതിനാൽ I-18, B-16 എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന സാധ്യമല്ല

ട്രഷറിയിൽ നിന്നും വായ്പ തിരിച്ചടവിനായി പിൻവലിക്കുന്ന തുക യഥാസമയം വായ്പ അക്കൗണ്ടിലേക്ക് വകയിരുത്താത്തതിനാൽ അധിക പലിശക്ക് കാരണമായിട്ടുണ്ട്.

വയനാട് ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായ വായ്പ (വസതി വായ്പ നം.130066035720001) തിരിച്ചടവ് തുക ,ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിക്കുന്നത്, പ്രസ്തുത ബാങ്കിൽ തന്നെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള 130061201020022 നമ്പർ അക്കൗണ്ടിലാണ്. തുടർന്ന് ബാങ്കിനെ വിവരമറിയിക്കുന്ന മുറയ്ക്ക് തുക വായ്പയിലേക്ക് വകയിരുത്തുകയും ചെയ്യുന്നു. തൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക യഥാസമയം വായ്പ അക്കൗണ്ടിലേക്ക് വരവ് രേഖപ്പെടുത്താത്തതിനാൽ അധിക പലിശ ഒടുക്കുന്നതിന് കാരണമായിട്ടുണ്ട്.

BRN നം.21180852005300463024 പണമാക്കിയ തീയതി11/10/2021 തുക 40,00,000

മേൽ തുക വായ്പയിലേക്ക് വരവ് വെച്ചത് 21/10/2021 ആണ് ഈ ബില്ല് പ്രകാരം അധിക പലിശ ബാധ്യത 13,699 രൂപയാണ്. (4000,000x12.5/100x10/365)

BRN നം.21180852005301519635 പണമാക്കിയ തീയതി 30/03/2022 തുക 9,50,000

മേൽ തുക വായ്പയിലേക്ക് വരവ് വെച്ചത് 25/06/2022 ആണ് ഈ ബില്ല് പ്രകാരം അധിക പലിശ ബാധ്യത 28,630 രൂപയാണ്. (950,000x12.5/100x88/365)

വായ്പ നൽകിയ വയനാട് ജില്ലാ സഹകരണ ബാങ്കുമായി ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും അതത് വർഷത്തെ പലിശ ബാധ്യത പൂർണ്ണമായും അടച്ച് തീർക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷം മുതൽ

2019-20 സാമ്പത്തിക വർഷം വരെ പലിശ തിരിച്ചടവ് നടത്തുന്നതിനായി തുക വകയിരുത്തുകയോ തനത് ഫണ്ട് ഉപയോഗിച്ച് തിരച്ചടവ് നടത്തുകയോ ചെയ്തിട്ടില്ല. വായ്പ പലിശ തിരിച്ചടവ് യഥാസമയം നടത്തിയിരുന്നുവെങ്കിൽ 1,24,54,330 (പട്ടിക 4) രൂപയാണ് പലിശ ബാധ്യത ഉണ്ടാവുമായിരുന്നുള്ളൂ. എന്നാൽ 31/03/2022 തീയതി വരെ 15190731 രൂപ (പട്ടിക 3 കോളം) പലിശ ഇനത്തിൽ മാത്രം ഒടുക്കിയിട്ടുണ്ട്. 31/03/2022 വരെ മാത്രം 2736401 രൂപ (1,51,90,731-1,24,54,330) അധിക പലിശ വന്നിട്ടുണ്ട്. നാളിതുവരെ തനത് ഫണ്ടിൽ നിന്നും പലിശ ഒടുക്കുന്നതിനായി വിനിയോഗിച്ചത് 48,60,656 രൂപ (പട്ടിക1 കോളം 5) മാത്രമാണ്. കൂടാതെ പലിശയിനത്തിൽ വരവായി ക്രെഡിറ്റ് നൽകിയ തുക 976രൂപയും (പട്ടിക 2) ഉണ്ട്. ഈ സാഹചര്യത്തിൽ പലിശ ഒടുക്കുന്നതിനായി ഇനി തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നത് (1,24,54,330-48,60,656-976) 75,92,698 രൂപ മാത്രമാണ്. വികസന ഫണ്ട് ഉപയോഗിച്ച വായ്പ മുതൽ തിരിച്ചടവിനായി ഇനി വിനിയോഗിക്കാൻ സാധിക്കുന്ന തുക 10,86,529 രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 5000000 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ബാങ്ക് നൽകിയ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2022 വരെ ആകെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 1,15,84,494രൂപയാണ്. ഇതിൽ വികസന ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് ഒടുക്കാവുന്ന ആകെ തുക (10,86,529+75,92,698) 86,79,227 രൂപ. 31-3-2022 ൽ ബാങ്ക് പത്രിക പ്രകാരം അടക്കാനുള്ള ബാക്കി തുക 1,15,84,494/- രൂപയിൽ നിന്നും മേൽ തുക 86,79,227 രൂപ കിഴിച്ചാൽ 29,05,267 രൂപ അധിക ബാധ്യതക്ക് കാരണമായത് യഥാ സമയം പലിശ തിരിച്ചക്കാത്തതിനാലാണ്. ഈ തുക പട്ടിക 4 ന് ശേഷം വിശദമാക്കിയ പ്രകാരം പലിശയിനത്തിലെ അധിക ബാധ്യത 27,36,401 രൂപയും പിഴ പലിശയിനത്തിൽ നൽകേണ്ടിവന്ന 1,68,866 രൂപയും ചേർന്നതുകയാണ്. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ഉണ്ടായ അധിക ബാധ്യത ₹29,05,267 രൂപ (അതോടൊപ്പം 2022-23 വർഷവും തുടർന്നും അധികമായി അടക്കേണ്ടിവരുന്ന പലിശയുംകൂടെ ). 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ പലിശയുടെ കണക്കുകൾ തയ്യാറാക്കി തുക തിരിച്ചടക്കാതിരുന്ന സെക്ഷൻ ക്ലർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആകെ അധിക ചെലവ് ( 27,36,401 + 1,68,866) 29,05,267 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(A) വായ്പ തിരിച്ചടവിനായി പിൻവലിച്ച തുക വായ്പാ കണക്കിൽ വരവ് വെച്ചിട്ടില്ല.

വായ്പ തിരിച്ചടവിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കാനറ ബാങ്ക് പനമരം ശാഖയിലെ 0856101061406 നമ്പർ അക്കൗണ്ടിൽ നിന്നും 20.10.2021 തീയതിയിൽ വൗച്ചർ നം.22100102 പ്രകാരം 10,00,000 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും (ചെക്ക് നം. 493847 തീയതി 20.10.2021) ആയത് വായ്പ അനുവദിച്ച ലോൺ അക്കൗണ്ടിലേക്ക് വരവ് വന്നതായി കാണുന്നില്ല.

| | |
|---|---|
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2021 ന് മുൻബാക്കി | 1,60,52,290 |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ കൂട്ടിയ പലിശ, പിഴപലിശ | 14,82,204 |
| ആകെ | 1,75,34,494 |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ തിരിച്ചടവ് വന്ന തുക | 59,50,000* |
| ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022 ന് നീക്കിബാക്കി തുക | 1,15,84,494 |

(*വാർഷിക കണക്കുകൾ പ്രകാരം പട്ടികകൾ ഒന്ന്, രണ്ട് എന്നിവയിൽ പരാമർശിക്കുംപ്രകാരം ₹69,50,000/- തിരിച്ചടവ് വരുത്തിയതായാണ് രേഖകൾ.)

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വായ്പ തിരിച്ചടവിന് വേണ്ടി പിൻവലിച്ച തുക പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാതിരുന്ന നടപടി ഗുരുതരമായി കാണുന്നു. മേൽ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ശുപാർശ ചെയ്യുന്നു. തുക

പിൻവലിച്ച് യഥാ ആവശ്യത്തിന് വിനിയോഗിക്കാതിരിക്കുകയും കൃത്യമായ രേഖകൾ ഹാജരാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 10,00,000 രൂപ ഉത്തരവാദിയിൽ നിന്നും പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വായ്പ രജിസ്റ്റർ പ്രകാരം തനത് ഫണ്ടിൽ നിന്നും ആകെ 48,60,656 രൂപ വായ്പ പലിശ തിരിച്ചടവിന് വിനിയോഗിച്ചിട്ടുണ്ടെങ്കിലും മേൽ വൗച്ചർ പ്രകാരമുള്ള 10,00,000രൂപ വായ്പ തിരിച്ചടവിന് വിനിയോഗിക്കാത്തതിനാൽ 38,60,656 രൂപ മാത്രമാണ് തിരിച്ചടവിനായി യഥാർഥത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ എന്ന് കാണുന്നു.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/03.11.2022 ) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അധിക പലിശ, പിഴപലിശ, ബാധ്യത സംഭവിക്കാൻ കാരണക്കാരായ (2015-16 സാമ്പത്തിക വർഷം മുതൽ 2021-22 വരെയുള്ള) സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക്, ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരുടെ പേരും നിലവിലെ ഔദ്യോഗിക മേൽവിലാസം , സ്ഥിരം മേൽവിലാസം കാലയളവ് എന്നിവ നൽകേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി, ആസ്തി ബാധ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തിട്ടപ്പെടുത്തുന്നില്ല. ബാധ്യത സംബന്ധിച്ച കണക്കുകൾ കൃത്യമായി വിശകലനം നടത്തി ആയത് പ്രകാരം ലോൺ തിരിച്ചടവ് നടത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിനാലും വായ്പ തിരിച്ചടവിന് തുക വകയിരുത്തുന്നതിലെ ആസൂത്രണത്തിലുള്ള പിഴവുമാണ് മേൽ പ്രകാരമുള്ള സ്ഥിതി വിശേഷത്തിലേക്കെത്തിച്ചത്. വായ്പ തിരിച്ചടവ് സംബന്ധിച്ച് വായ്പ അനുമതി നൽകുന്ന സർക്കാർ ഉത്തരവുകളിൽ തന്നെ വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിൽ ഗുരുതര വീഴ്ചയാണ് ഓരോ കാലഘട്ടത്തിലും ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. മേൽ വായ്പ തിരിച്ചടവ് യഥാസമയം പൂർത്തിയാക്കാതിരുന്നാൽ ആയത് അടച്ച് തീരുന്നത് വരെ മേൽ ഖണ്ഡികകളിൽ പരാമർശിച്ച പ്രകാരമുള്ള നഷ്ടം തുടരുന്നതാണ്. ആയതിനാൽ തന്നെ ഉദ്യോഗസ്ഥതലത്തിലുള്ള കെടുകാര്യസ്ഥത മൂലം ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാക്കാൻ കാരണക്കാരായിട്ടുള്ളതും നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയവരുമായ സെക്ഷൻ ചുമതലക്കാരായ ഉദ്യോഗസ്ഥർ, മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ, സെക്രട്ടറിമാർ എന്നിവരിൽ നിന്നും തുക 29,05,267/- രൂപയും പഞ്ചായത്തിൽ നിന്നും പിൻവലിച്ച് വായ്പകണക്കിൽ ഒടുക്കാതിരുന്ന 10,00,000/- രൂപയും ഈടാക്കി അറിയിക്കേണ്ടതാണ്.

ഗൗരവതരമായ ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-4 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- അധിക തുക ചെലവഴിച്ചു,2,43,100 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ 479/22 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം

നിർവ്വഹണം. -വെറ്ററിനറി സർജൻ,

അടങ്കൽ 18,45,000രൂപ (ടി.എസ്.പി)

ചെലവ് 16,61,600 രൂപ (4,34,500 രൂപ 2022-23 ലാണ് നൽകിയത്)

| ക്രമനം | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 211808000000012648/23-3-2022 | 4,19,300 രൂപ ( 28 എണ്ണത്തിന്റെ വില) |
| 2 | 211808000000012722/24-3-2022 | 4,34,000 രൂപ ( 29 എണ്ണത്തിന്റെ വില) |
| 3 | 211808000000013076/30-3-2022 | 3,73,800 രൂപ ( 25 എണ്ണത്തിന്റെ വില) |
| 4 | 211808000000000970/6-5-2022 | 4,34,500 രൂപ ( 29 എണ്ണത്തിന്റെ വില) |

2021 -22 ൽ നടപ്പിലാക്കിയ പ്രോജക്റ്റ് നമ്പർ 479/22 പട്ടികവർഗ്ഗക്കാർക്ക് പോത്ത് വിതരണം- എന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പട്ടികവർഗ്ഗക്കാർക്ക് 123 പോത്തുകളെ വിതരണം ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. വിതരണം ചെയ്യേണ്ട പോത്തുകുട്ടികളെ എവിടെ നിന്ന്,ആരിൽ നിന്ന്,എങ്ങനെ വാങ്ങും എന്നത് സംബന്ധിച്ച വിവരങ്ങൾ പദ്ധതി രേഖയിൽ ചേർത്തിട്ടില്ല.

2. പോത്ത് വിതരണത്തിന് 18,45,000രൂപ വകയിരുത്തിയ പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ വിളിക്കാതെ വിതരണചുമതല സ്വകാര്യ വ്യക്തിയെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ വിളിച്ചാൽ നിരക്ക്

കുറയുമെന്നിരിക്കെ ടെണ്ടർ വിളിയ്ക്കാതെ,സ്വകാര്യ വ്യക്തിയെ പദ്ധതി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

3. 25-11-2021 ന് മൃഗാശുപത്രിയിൽ വിളിച്ച ചേർത്ത യോഗത്തിൽ വച്ച് 5 പേരെ പർച്ചേസിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കുകയും, 26-11-21 ൽ കൂടിയ യോഗം, പോത്തുകുട്ടികളെ ലഭ്യമാക്കാൻ താല്പര്യമുള്ളവരെ കണ്ടെത്താൻ കൺവീനറായ വെറ്ററിനറി സർജനെ ചുമതലപ്പെടുത്തുകയും ചെയ്തു.ശ്രീ അയ്യപ്പൻ കൽപ്പറ്റ എന്നയാൾ പോത്തുകളെ വിതരണം ചെയ്യാമെന്ന് സമ്മതിച്ചുവെന്നും, ബ്രമ്മഗിരി സൊസൈറ്റി 3/2022 നകം വിതരണം ചെയ്യാൻ കഴിയില്ലായെന്ന് അറിയിച്ചുവെന്നും 31-12-2021 ലെ മീറ്റിംഗ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 10-1-2022 ലെ മീറ്റിംഗിൽ 5-1-2022 ൽ അയ്യപ്പൻ നൽകിയ കത്ത് ചർച്ച ചെയ്ത് ടിയാനെ ഒഴിവാക്കാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും,എന്താണ് കത്തിൽ രേഖപ്പെടുത്തിയിരുന്നതെന്ന് മിനിട്ട്സിൽ രേഖപ്പെടുത്തുകയോ, കത്ത് ഫയലിൽ സൂക്ഷിയ്ക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് 20-1-2022 ൽ കൂടിയ കമ്മിറ്റി, ശ്രീ സജീർ തറക്കൽ,പുൽപ്പള്ളി എന്നയാളെ പോത്തുവിതരണത്തിനായി തെരഞ്ഞെടുക്കുകയും,ഈ വിവരം പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിയ്ക്കാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ശ്രീ സജീർ ക്വാട്ട് ചെയ്ത നിരക്ക്, എപ്രകാരം വിതരണം ചെയ്യും തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സജീറിനെ പോത്തുവിതരണത്തിനായി തെരഞ്ഞെടുത്ത കാര്യവും,നിരക്കും,പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതായും കാണുന്നില്ല.

4. സ.ഉ(കൈ) നം22/2018 /ത.സ്വ ഭ വ തിയതി 14-2-2018പ്രകാരമുള്ള 2021-22 വരെ ബാധകമായ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.2 പ്രകാരം പട്ടികജാതിക്കാർക്ക് 100 ശതമാനം സബ്സിഡി നിരക്കിൽ പോത്തുകുട്ടികളെ (പോത്തുകളെ വിതരണം ചെയ്യാൻ അനുമതിയില്ല) വിതരണം ചെയ്യാമെന്നും, ഇതിന്റെ വില ജില്ലാതലത്തിൽ തീരുമാനിക്കുമെന്നുമാണ്. മൃഗ സംരക്ഷണവകുപ്പ് വയനാട് ജില്ലാ തല സമിതി 2021 വർഷത്തേക്കുള്ള പോത്തുകുട്ടികളുടെ യൂണിറ്റ് കോസ്റ്റായി 10,000 രൂപ മുതൽ 12,000 രൂപ വരെയാണ് നിശ്ചയിച്ചിരിക്കുന്നത്.

5. ഈ പദ്ധതി പ്രകാരം 111 പോത്തുകുട്ടികളെ വിതരണം ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയിരിക്കുന്നത്. 23-3-2022 ൽ 28 പോത്തുകളുടെ വിലയായി 419300 രൂപയും,24-3-2022 ൽ 29 പോത്തുകളുടെ വിലയായി 434000 രൂപയും,30-3-2022ൽ 25 പോത്തുകളുടെ വിലയായി 373800 രൂപയും, 6-5-2022 ൽ 29 പോത്തുകളുടെ വിലയായി 434500 രൂപയും ഉൾപ്പെടെ 16,61,600 രൂപ സജീറിന് നൽകിയതായിട്ടാണ് കാണുന്നത്. ഓരോ ബില്ലുകൾ പ്രകാരവും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത് എന്നതിന്റെ ലിസ്റ്റ് ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല,പദ്ധതി മാർഗ്ഗ രേഖപ്രകാരം 111 പോത്തുകുട്ടികൾക്ക് പരമാവധി നൽകാവുന്നത് 13,32,000രൂപയാണ്(12,000x111). എന്നാൽ ഈ പദ്ധതി പ്രകാരം 111 പോത്തുകുട്ടികൾക്കായി പദ്ധതി മാർഗ്ഗ രേഖപ്രകാരം ചെലവഴിയ്ക്കാവുന്നതിൽ കൂടുതലായി 3,29,600 രൂപ ( 16,61,600-13,32,000) അധികം ചെലവഴിച്ചിട്ടുണ്ട്.

6. ശ്രീ സജീർ കിലോയ്ക്ക് 120 രൂപ നിരക്കിൽ പോത്തുകളെ വിതരണം ചെയ്യാമെന്ന് പറയുന്ന കത്ത് ഹാജരാക്കിയെങ്കിലും, വിതരണം ചെയ്ത ഓരോ പോത്തുകളുടെയും തൂക്കം രേഖപ്പെടുത്തിയ ലിസ്റ്റ് ഫയലിൽ സൂക്ഷിയ്ക്കുകയോ, ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

7. 111 പോത്തുകുട്ടികളെ വിതരണം ചെയ്തുവെങ്കിലും, 45 പോത്തുകളെ 15,000 രൂപയ്ക്ക് വീതം ഇൻഷ്വർ ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയത്. ഈ പോത്തുകളുടെ പ്രായം 3 വയസ്സ് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

8. ഈ പദ്ധതി പ്രകാരമുള്ള പോത്തുകുട്ടികളെ എന്നാണ് വിതരണം ചെയ്തതെന്നോ,ഗുണഭോക്താക്കൾ എന്നാണ് ഇവയെ കൈപ്പറ്റിയതെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതെല്ലാം സൂചിപ്പിക്കുന്ന പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9. ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.
മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് രേഖകളും,മറുപടിയും നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നില്ലായെങ്കിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്നും,ഒന്നും ബോധിപ്പിയ്ക്കാനില്ലായെന്നും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8/2021-22/ 3-11-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അതിനാൽ തൻവർഷം 82 പോത്തുകുട്ടികൾക്കായി ചെലവഴിച്ച 12,27,100 രൂപയിൽ മൃഗ സംരക്ഷണവകുപ്പ് വയനാട് ജില്ലാ തല സമിതി 2021 വർഷത്തേക്കുള്ള പോത്തുകുട്ടികളുടെ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ച പരമാവധി 12,000 രൂപ പ്രകാരം 82 പോത്തുകുട്ടികളുടെ വിലയായ 9,84,000 രൂപ (12,000x82) കഴിച്ച് അധികം ചെലവഴിച്ച 2,43,100 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതോടൊപ്പം മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 9,84,000 രൂപയുടെ ചെലവ് ഓഡിറ്റ്

തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 രേഖകൾ ഹാജരാക്കിയില്ല ,7,02,453 രൂപയുടെ ചെലവ് നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു

നെൽകർഷകർക്ക് നെൽ കൃഷി കൂലിച്ചിലവിനത്തിൽ സബ്സിഡി നൽകുന്നതിനായി താഴെ ചേർക്കുന്ന 3 പദ്ധതികളാണ് 2021-22 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയിരിക്കുന്നത്. തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്.ഗുണഭോക്തൃലിസ്റ്റ് ,ഗുണഭോക്താക്കളുടെ അപേക്ഷകൾ ,സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 53/22 നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-ജനറൽ

അടങ്കൽ 1,00,00,000 (ജനറൽ30,00,000+ബ്ലോക്ക് 35,00,000+ ജില്ലാപ. 35,00,000)

ചെലവ് 77,25,910രൂപ(ജനറൽ30,00,000+ബ്ലോക്ക് 12,25,910+ ജില്ലാപ. 35,00,000)

| ജനറൽ | | | |
|---|---|---|---|
| ക്രമ നം | ബിൽ നം./തീയതി | തുക | റിമാർക്ക്സ് |
| 1 | 21180852001900592477/30-10-2021 | 4,99,392 രൂപ | 287 പേർക്ക് |
| 2 | 21180852001900592481/30-10-2021 | 3,01,032രൂപ | 190 പേർക്ക് |
| 3 | 21180852001900592483/30-10-2021 | 4,91,874 രൂപ | 236 പേർക്ക് |
| 4 | 21180852001900592488/30-10-2021 | 3,94,808 രൂപ | 258 പേർക്ക് |
| 5 | 21180852001900721516/23-11-2021 | 2,15,990 രൂപ | 143 പേർക്ക് |
| 6 | 21180852001900850758/28-12-2021 | 4,77,554രൂപ | 398പേർക്ക് |
| 7 | 21180852001900730071/29-11-2021 | 5,46,420 രൂപ | 270 പേർക്ക് |
| 8 | 21180852001900721527/23-11-2021 | 72,930 രൂപ | 43 പേർക്ക് |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | |

| | | | |
|---|---|---|---|
| 9 | 21180852001900730057/30-11-2021 | 3,28,190 രൂപ | 477 പേർക്ക് |
| 10 | 21180852001900799253/17-12-2021 | 2,52,193രൂപ | 312 പേർക്ക് |
| 11 | 21180852001900819762/21-12-2021 | 4,50,462 രൂപ | 633 പേർക്ക് |
| 12 | 21180852001900852349/28-12-2021 | 1,95,065 രൂപ | 398 പേർക്ക് |
| ജില്ലാപഞ്ചായത്ത് വിഹിതം | | | |
| 13 | 21180852001901085972/7-2-2022 | 5,00,355 രൂപ | 290 പേർക്ക് |
| 14 | 21180852001901086265/7-2-2022 | 2,93,494 രൂപ | 139 പേർക്ക് |
| 15 | 21180852001901085946/7-2-2022 | 5,01,238 രൂപ | 293 പേർക്ക് |
| 16 | 21180852001901085985/7-2-2022 | 5,00,623 രൂപ | 312പേർക്ക് |
| 17 | 21180852001901085762/7-2-2022 | 5,00,552 രൂപ | 210 പേർക്ക് |
| 18 | 21180852001901086011/7-2-2022 | 5,01,285 രൂപ | 302 പേർക്ക് |

ഈ പദ്ധതി പ്രകാരം 77,25,910രൂപ ചെലവഴിച്ചതായി സുലേഖ സ്റ്റേറ്റ്മെന്റിലും, അലോട്ടുമെന്റ് നൽകിതായി സെക്രട്ടറിയുടെ ചെലവിലും കാണുന്നുണ്ടെങ്കിലും, ആകെ 18 ബില്ലുകൾ പ്രകാരമുള്ള 70,23,457 രൂപ പിൻവലിച്ച് ബാങ്കുകൾ വഴി വിതരണം ചെയ്യതിന്റെ രേഖകൾ മാത്രമണ് ഹാജരാക്കിയിരിക്കുന്നത്. ട്രഷറിയിൽ നിന്നും ബില്ലുകൾ മാറിയതിന്റെ UTR സ്റ്റേറ്റ്മെന്റുകളും ഹാജരാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതമായി രണ്ടുതവണയായി അനുവദിച്ച 7,02,453 രൂപ (2,00,099+5,02,354) ചെലവഴിച്ചതിന്റെ രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് നമ്പർ 85/22 നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-പട്ടികവർഗ്ഗം

അടങ്കൽ 6,00,000 രൂപ (ടി എസ് പി 3,50,000+ ബ്ളോക്ക് വിഹിതം2,50,000)

ചെലവ് 6,00,000 രൂപ

| ക്രമ.നം | ബിൽ നം/തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21180852001900592469/30-10-2021 | 3,50,000രൂപ | 139 പേർക്ക് |
| 2 | 21180852001900736974/3-12-2021 | 2,50,000രൂപ | 141പേർക്ക് |

തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. പ്രോജക്ട് നമ്പർ 297/22 (സ്പിൽഓവർ) നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി-ജനറൽ

അടങ്കൽ 35,00,000 (ബ്ളോക്ക് വിഹിതം)

ചെലവ് 10,30,860രൂപ

| ക്രമ.നം | ബിൽ നം/തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21180852001900341423/25-8-2021 | 3,01,815 രൂപ | 520 പേർക്ക് |
| 2 | 21180852001900341438/25-8-2021 | 7,29,045രൂപ | 520 പേർക്ക് |

തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ,ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണവും, രേഖകളും ലഭ്യമാക്കാനും, ലഭ്യമാക്കുന്നില്ലായെങ്കിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്നും, ഒന്നും ബോധിപ്പിയ്ക്കാനില്ലായെന്നും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 21/2021-22/ 4-11-2022 നൽകിയെങ്കിലും,മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 53/22 അനുവദിച്ച തുകയിൽ 7,02,453 രൂപ (2,00,099+5,02,354) ചെലവഴിച്ചതിന്റെ രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവിലില്ലായെന്ന കണക്കാക്കി 7,02,453 രൂപയുടെ ചെലവ് നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.ഈ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. രേഖകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, മൂന്ന പദ്ധതികൾക്കുമായി ആകെ ചെലവഴിച്ച 93,56,770 രൂപയിൽ നിരാകരിച്ച തുക കഴിച്ചുള്ള 86,54,317 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 29.10.2022 മുതൽ 31.10.2022 വരെ | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 1225910 | നെൽകൃഷി വികസനം കൂലിചിലവ് സബ്സീഡി-ജനറൽ | 1225910 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 25000 | ആദിവാസി പൂർണ്ണ സാക്ഷരത | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 250000 | നെൽകൃഷി വികസനം കൂലിചിലവ് സബ്സീഡി-പട്ടിക വർഗ്ഗം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 427850 | മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും | 427850 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 1030860 | നെൽകൃഷി കൂലിചിലവ് സബ്സീഡി | 1030860 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 700000 | അരിഞ്ചേരിമല സർവ്വോദയ റോഡ് കലുങ്ക് നിർമാണം | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 400000 | ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം (ജനറൽ) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 480000 | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികവർഗ്ഗ വിഭാഗം | 480000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 500000 | ലൈഫ് മിഷൻ -ഭവന നിർമ്മാണം രണ്ടാംഘട്ടം ജനറൽ | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 305000 | പനമരം ഗ്രാമപഞ്ചായത്തിൻറ വിവിധ സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ | 305000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 186623 | സുഭിക്ഷകേരളം-വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 186623 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 2328 | സുഭിക്ഷകേരളം-വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 2328 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 3500000 | നെൽകൃഷി വികസനം കൂലിചിലവ് സബ്സീഡി-ജനറൽ | 3500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 400000 | ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം (ജനറൽ) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 610000 | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികവർഗ്ഗ വിഭാഗം | 610000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 560000 | ലൈഫ് മിഷൻ -ഭവന നിർമ്മാണം രണ്ടാംഘട്ടം ജനറൽ | 560000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 71000 | ഗോത്രസാരഥി | 71000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 1100000 | കമ്പത്തുംകുന്ന് കുടിവെള്ള കിണർ നിർമ്മാണം ടാങ്ക് മോട്ടോർ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ആര്യന്നൂർ കുടിവെള്ള പദ്ധതി | ലഭ്യമാക്കിയിട്ടില്ല | 108850 | - | 108850 |
| കെ.ഡബ്ല്യൂ.എ | കുമ്പത്തുംകുന്ന് കുടിവെള്ള കിണർ നിർമ്മാണത്തിന് ടാങ്ക്, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ | ലഭ്യമാക്കിയിട്ടില്ല | 1480000 | - | 1480000 |
| ഭൂജല വകുപ്പ് | ഒന്നാം മൈൽ ലക്ഷം വീട് കുഴൽകിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ, ടാങ്ക് റിപ്പയറിംഗ | ലഭ്യമാക്കിയിട്ടില്ല | 149335 | - | 149335 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാതുക | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷ തിരിച്ചടച്ച തുക | |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | (വാർഷിക കണക്കുകൾ പ്രകാരം) | | | |
| | | | | മുതൽ | പലിശ | |
| വസതി | 48763/ഡി.ബി1 /14 തസ്വഭവ തീയതി 14.5.2014 | 26490000 | 6035553 | 4950000 | 2000000 | 1085553 |

വസതി ഭവന പദ്ധതി വായ്പ രജിസ്റ്ററിലെ വിശദാംശങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2022 തീയതിയിൽ 1,15,84,494 രൂപ വായ് ഇനത്തിൽ ബാങ്കിലേക്ക് തിരിച്ചടവ് ബാധ്യതയായി ഉണ്ട്. യഥാർത്ഥ വായ്പ ബാധ്യത വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ലൈഫ് പദ്ധതിക്ക് ലഭിച്ച ഹഡ്കോ വായ്പയുടെ രജിസ്റ്ററിൽ തൻവർഷം ലഭിച്ച തുക, ചെലവഴിച്ച തുക , തൻവർഷം വിവിധ പ്ലാൻ ഫണ്ടുകളിൽ നിന്നും ഈയിനത്തിലെ വായ്പ തിരിച്ചടവായി കുറവ് ചെയ്ത തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| പലിശ | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിൻറെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 3-1 | 2008-09 | 3.6.4 | ജൈവ നിർമ്മാണ പ്ലാൻറ് - പണി പൂർത്തീകരിച്ചില്ല | തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 2 | 2007-08 | 2-2 | 2010-11 | 5.1.7 | വസ്തു നികുതി ക്രമ വിരുദ്ധമായി ഡിമാൻറിൽ് നിന്നും ഒഴിവാക്കി | തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 3 | 2014-15 | 2-5 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 4 | 2015-16 | 2-1 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 5 | 2000-01 | 13 | 2004-05 | 3-12(2) | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി വിഹിതം അപഹരിച്ചു | തീർപ്പാക്കാൻ അവശേഷിക്കുന്നു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,92,58,443 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18,50,35,252 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69,13,508 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1,47,11,242 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 97,374 | മേരിക്കുട്ടി ജോസഫ്, ഐ,സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | | 60,000 | സതീഷ്കുമാർ എ ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | | 58,10,581 | സെക്രട്ടറി |
| 3-4 | | 2,43,100 | ഡോ.മുസ്തഫ കെ,വെറ്ററിനറി സർജൻ |
| 3-5 | | 7,02,453 | ശ്രീമതി ഉഷാകുമാരി.പി ആർ,കൃഷി ഓഫീസർ |
| ആകെ | | 69,13,508 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,00,000 | സതീഷ്കുമാർ എ ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 9,84,000 | ഡോ.മുസ്തഫ കെ,വെറ്ററിനറി സർജൻ |
| 1-27 | 32,84,330 | ഉഷാ കുമാരി, കൃഷി ഓഫീസർ |
| 1-28 | 13,03,375 | ഉഷാ കുമാരി, കൃഷി ഓഫീസർ |
| 1-29 | 2,00,000 | ഉഷാ കുമാരി, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-30 | 1,85,000 | ഉഷാ കുമാരി, കൃഷി ഓഫീസർ |
| 1-31 | 86,54,317 | ഉഷാ കുമാരി, കൃഷി ഓഫീസർ |
| ആകെ | 1,47,11,242 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മേരിക്കുട്ടി ജോസഫ്,ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശിശുവികസന ഓഫീസറുടെ കാര്യാലയം, കൽപ്പറ്റ | കൊമ്പനാൽ ഹൗസ്, മാടകുന്ന് പി.ഒ കോട്ടത്തറ |
| സതീഷ് കുമാർ.എ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അല്ലിയാങ്കൽ ഹൗസ്, അതിരാറ്റുകുന്ന് പി.ഒ |
| ഉഷാകുമാരി.പി.ആർ | കൃഷി ഓഫീസർ(റിട്ട.) | നക്ഷത്ര വീട്, മൂലങ്കാവ്.പി.ഒ സുൽത്താൻ ബത്തേരി |
| ഡോ.മുസ്തഫ കെ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,പനമരം ഗ്രാമപഞ്ചായത്ത് | കോട്ട വീട്,കുമ്പളാട്,മടക്കിമല പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യു)പി1-214/98/07.07.1998 | |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യു)പി1-362/00/05.01.99 | |
| 1997-98 (ചെലവ്) | നം.എൽ.എഫ്.(ഡബ്ല്യു)പി1-321/99/05.02.08 | |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യു)പി4-460/00/31/10/08 | |

| | | |
|---|---|---|
| 1999-00 (പ്ലാൻ) | നം.എൽ.എഫ്.(ഡബ്ല്യു)പി3-572/06/23.11.2006 | |
| 1999-00 | നം.എൽ.എഫ്.(ഡബ്ല്യു)പി3-368/08/04.09.2008 | |
| 2000-01 (പ്ലാൻ) | നം.എൽ.എഫ്.(ഡബ്ല്യു)പി3-16/10/09.01.2010 | |
| 2001-02 (പ്ലാൻ) | നം.എൽ.എഫ്.(ഡബ്ല്യു)പി3-360/04 തീയതി 05.07.2007 | |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യു)പി3-912/08 തീയതി 04.02.2009 | |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യു)പി3-913/08,തീയതി-8.12.09 | 5 |
| 2004-05 | നം.എൽ.എഫ്.(ഡബ്ല്യു)പി3-990/08 തീയതി 08.12.09 | 5 |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യു)പി3-991/08തീയ്യതി-5.12.09 | |
| 2006-07 | നം.എൽ.എഫ്.(ഡബ്ല്യു)പി3-105/10തീയ്യതി-12.7.10 | |
| 2007-08 | നം.എൽ.എഫ്.(ഡബ്ല്യു)പി3-653(1)/13/തീയതി-03.02.2014 | |
| 2008-09 | നം.എൽ.എഫ്.(ഡബ്ല്യു)പി.3-653(2)/13/തീയതി-21.10.14 | 10 |
| 2009-10 | നം.എൽ.എഫ്.(ഡബ്ല്യു)പി3-653(3)/13/തീയതി-21.10.17 | 13 |
| 2010-11 | നം.എൽ.എഫ്.(ഡബ്ല്യു)പി.5-428/14തീയ്യി-20.04.15 | 5 |
| 2011-12, 2012-13 | നം.എൽ.എഫ്.(ഡബ്ല്യു)പി.5-842/2014, തീയ്യതി-02.04.16 | 11 |
| 2013-14 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4.201(A) 2015/14.01.18 | 6 |
| 2014-15 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4.470/16/05.04.17 | 23 |
| 2015-16 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4-836/16/05.06.17 | |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.4/462/17/16.01.2018 | |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.4/75/2019 / 26.03.2019 | |
| 2018 -19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4 – 96/2020 / 24.02.2020 | |
| 2019– 20 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4 – 286/ 2020 / 09.04.2021 | |
| 2020-21 | കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-180/2022 /23/03/2022 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure

## Abstract of Annual Financial Statement

| Panamaram Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from<br>01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 10987504.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1484828.00 |
| 140000000 | Fee & User Charges | I-4 | 1961990.00 |
| 150000000 | Sale & Hire Charges | I-5 | 351094.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 342275632.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 999647.00 |
| 180000000 | Other Income | I-9 | 2990.00 |
| 190000000 | Prior Period Income | I-19 | 108465.00 |
| | Total Income | | 358063685.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15737355.00 |
| 220000000 | Administrative Expenses | I-11 | 1783987.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12 | 10591576.00 |
| 240000000 | Interest & Finance Charges | I-13 | 14027.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 22310091.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 76434697.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 38832975.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 83911752.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 113824000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 209697.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 364150157.00 |
| | Gross Surplus / Deficit of income over Expenditure | | -6086472.00 |
| | Gross Surplus / Deficit of income over Expenditure | | -6457907.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 479900.00 |

| | | |
|---|---|---|
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | -371435.00 |

| Panamaram Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 52427995.00 |
| Cash | Cash | RP-40(a) | 350161.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2017261.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1400.00 |
| 140000000 | Fees & User Charges | RP-4 | 1388345.00 |
| 150000000 | Sale & Hire Charges | RP-5 | 335194.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 139081772.00 |
| 171000000 | Interest Earned | RP-9 | 999647.00 |
| 190000000 | Prior Period Income | RP-11 | 108465.00 |
| 220000000 | Administrative Expenses | RP-13 | 1056.00 |
| 312000000 | Reserves | RP-29 | 893821.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30842539.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 19841072.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 30000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2990.00 |
| 340000000 | Deposits Received | RP-33 | 950500.00 |
| 350000000 | Other Liabilities | RP-35 | 2764381.00 |
| | Grand total | | 252036599.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 3943771.00 |
| 220000000 | Administrative Expenses | RP-13 | 743285.00 |
| 230000000 | Operations & Maintenance | RP-14 | 2629552.00 |
| 240000000 | Interest & Finance Charges | RP-15 | 3019.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 22452259.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 57676141.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 21617664.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 1182045.00 |
| 412000000 | Capital Work In Progress | RP-39 | 4894565.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 4165710.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 910216.00 |
| 460000000 | Loans, Advances and Deposits | RP-49 | 589300.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 330000000 | Secured Loans | RP-31 | 4000000.00 |
| 340000000 | Deposits Received | RP-33 | 548000.00 |
| 350000000 | Other Liabilities | RP-35 | 59701913.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 66313618.00 |
| Cash | Cash | RP-40(b) | 687729.00 |
| | Grand Total | | 252058787.00 |

| Panamaram Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52227327.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 216.00 |
| 312000000 | Reserves | B-3 | 122056800.00 |
| | Total Reserve & Surplus | | 174284343.50 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 43184631.00 |
| | Total Grants, Contributions for Specific Purposes | | 43184631.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10171553.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 10171553.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3542839.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3807888.50 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 7350727.50 |
| | TOTAL LIABILITIES | | 234991255.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1012015.00 |
| 412000000 | Capital Work in Progress | B-11(b) | 5633623.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 186623.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12467456.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 155548913.00 |
| 416000000 | Accumulated Depreciation | B-11(a) | -9800980.00 |
| | Total Fixed Assets | | 165047650.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2347435.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | -2288000.00 |
| 450000000 | Cash and Bank Balance | B-17 | 67001347.00 |
| 460000000 | Loans, Advances and Deposits | B-18 | 2882823.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 69943605.00 |
| | Other Assets | | |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 234991255.00 |

Deputy Director (H.G)

District Audit Office,Wayanad.